റംസാൻ ആശംസകൾ

# സംഘടിത

സംഘടിത|ജൂലൈ 2016 |വോള്യം 12 |ലക്കം 1

കവർ ചിത്രം : ഡോണ മയൂര

# സൈബർ ലോകങ്ങളിലെ പെണ്ണിടങ്ങൾ



## ചർച്ചാവിഷയം


നവമാധ്യമങ്ങളും സ്ത്രീകളും **5**
**സുനീത ടി.വി.**

**9** നവമാധ്യമങ്ങളിലെ സ്ത്രീപ്രവേശം സമൂഹം നേരിടുമ്പോൾ
**പ്രീത ജി.പി.**

തന്റേതായൊരു സൈബർ ഇടം **15**
**അഞ്ജലി**

**20** നവമാധ്യമങ്ങളിലെ പെണ്ണിടങ്ങൾ
**ആദില കബീർ**

ചെറിയ മനുഷ്യരുടെ വലിയ ഇടങ്ങൾ **25**
**ശാരദക്കുട്ടി**

**26** ചില ഓൺലൈൻ 'സ്വ'കാര്യങ്ങൾ
**ഉഷാകുമാരി**

സൈബറിടം, സ്ത്രീകൾ, നൈതികത **41**
**ജസീല സി.വി.**

**42** സൈബറിടം തേടുന്ന സ്ത്രീ
**റീം ഷംസുദ്ദീൻ**

ജനാധിപത്യത്തിന്റെ ഫിഫ്ത്ത് എസ്റ്റേറ്റ് **44**
**ദീപ നിഷാന്ത്**


## ലേഖനം


**45** സ്ത്രീ വിമോചനപ്രസ്ഥാനത്തിന്റെ ചരിത്രം കൂടിയായ ആത്മകഥ
**അഡ്വ. മരിയ**




## ഫോട്ടോ ഫീച്ചർ : സൈബർലോകത്തെ ചിത്രക്കാഴ്ചകൾ


**35** പെൺപക്ഷം
**അജിത കെ.**

**57** കവിത : നിനക്കിനി സ്വസ്തി
**ശ്രീദേവി**

**59** കവിത : മുദ്ര
**മീന എസ്.**

**33** പുസ്തകയാത്രകൾ
**എം.ഡി.രാധിക**

**52** വാസ്തവം
**ഡോ.ജാൻസി ജോസ്**

**46** ഉപ്പും മുളകും
**ഗീത**

**53** കഥ
**ജിസ ജോസ്**

**60** ശാസ്ത്രം
**സീമ ശ്രീലയം**




**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ് **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ഗിരിജ പി. പാതേക്കര, ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, കുസുമം ജോസഫ്, സുൽഫത്ത് **സർക്കുലേഷൻ മാനേജർ** : ചാരുലത എ.എസ്. **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

ജാതിയുടെ പേരിൽ കൊലപാതകശ്രമങ്ങൾ കേരളത്തിലും. ഇവിടെ സ്ത്രീകളാണ് പ്രതികൾ. സ്ത്രീകളെന്ന കീഴാളപദവിയിലാണെങ്കിലും ജാത്യാധികാരങ്ങൾ പ്രയോഗിക്കാനുള്ള സാധ്യതകൾ അപ്പോഴും തുറന്നു കിടക്കുന്നുണ്ടെന്നതു തന്നെയാണ് യാഥാർത്ഥ്യം. സ്വതവേ അധികാരം നഷ്ടപ്പെട്ടവർക്ക് അധികാരം പ്രയോഗിക്കാനുള്ള ഇത്തരം പഴുതുകൾ തുറന്നുകൊടുത്ത് ശാക്തീകരണത്തിന്റെ വ്യാജമാതൃകകൾ ഉണ്ടാക്കുകയാണ് അധികാരപ്രത്യയശാസ്ത്രങ്ങൾ ചെയ്യുക. അശ്വതിക്ക് സംഭവിച്ചതിനോടുള്ള അമർഷം അധികാരത്തിന്റെ നാനാമുഖങ്ങൾക്കെതിരെ പോരാടാനുള്ള ശക്തിയായി മാറേണ്ടതുണ്ട്.

സ്ത്രീകൾ പ്രസവിക്കുന്നത് ആർക്കുവേണ്ടിയാണ്? അടുത്തയിടെ ഇറങ്ങിയ ഒരു കോടതിവിധിയാണ് ഇത് ചോദിക്കാൻ പ്രേരിപ്പിക്കുന്നത്. അദ്ധ്യാപകപരിശീലന കോഴ്സിന് പഠിക്കാൻ ചേർന്ന ഒരു വിദ്യാർത്ഥിനി ഗർഭിണിയായിരുന്നതിനാൽ ഹാജർ നിലനിർത്താൻ കഴിഞ്ഞില്ലെന്നും എങ്കിലും തന്നെ പരീക്ഷയെഴുതാൻ അനുവദിക്കണമെന്നും അപേക്ഷിച്ച് നൽകിയ ഹർജിയിലാണ് ഇതനുവദിക്കാൻ പറ്റില്ലെന്ന വിധിന്യായം പുറപ്പെടുവിക്കപ്പെട്ടത്. പഠിക്കുവാൻ ചേർന്നവർക്ക് അറിയുമായിരുന്നില്ലേ ഗർഭിണിയായാൽ തടസ്സങ്ങളുണ്ടാവുമെന്നുള്ളത് എന്നുകൂടി കൂട്ടത്തിൽ ചോദിക്കാൻ മറന്നില്ല ന്യായാധിപൻ! ഗർഭധാരണം ഒരു സാമൂഹ്യ ഉത്തരവാദിത്വമാണ്; അല്ലാതെ ഒരു സ്ത്രീ തന്റെ സ്വേച്ഛാപ്രകാരം സ്വകാര്യ ആവശ്യത്തിനായി നടത്തിയെടുക്കുന്ന ഒരു കർമ്മമല്ല. എങ്കിൽ ഇതിന്റെ ബാധ്യതകൾ അവർ മാത്രം വഹിക്കുകയാണോ വേണ്ടത്? മാതൃത്വവും ശിശുപരിപാലനവും സ്ത്രീകളുടെ വ്യക്തിജീവിതങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യങ്ങൾ അല്ലെങ്കിൽത്തന്നെ നിലനിൽക്കുന്നുണ്ട്. തന്റെ തന്നെ ശരീരമായിരുന്നിട്ടുകൂടി തനിക്ക് നിർണ്ണയാവകാശമില്ലാതെ പോകുന്ന ഗർഭധാരണ തീരുമാനങ്ങൾ വീണ്ടും വീണ്ടും തങ്ങളെ പ്രതികൂലമായി ബാധിക്കാനുള്ള സാഹചര്യങ്ങൾ സ്ഥാപനങ്ങളുടെ പുരുഷയുക്തികൾ സൃഷ്ടിക്കുന്നു. ഇത് തികച്ചും പ്രതിഷേധാർഹമാണ്.

ട്രാൻസ്ജെണ്ടർ നയരേഖ പ്രഖ്യാപിച്ച കേരളത്തിൽ പോലീസ് തന്നെ ട്രാൻസ്ജെണ്ടർ വേട്ടയ്ക്ക് മുതിരുന്ന അപലപനീയമായ സാഹചര്യമാണ് ഉടലെടുത്തിരിക്കുന്നത്. വിമതലൈംഗികവെറി കൊണ്ടാടുന്ന ഒരു സമൂഹത്തിൽ നിയനിർമ്മാണം കൊണ്ടുമാത്രം സാമൂഹിക മാറ്റം പ്രതീക്ഷിക്കാനാവില്ലെന്ന ദുഃഖസത്യം ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ് ഈ സംഭവങ്ങൾ.

എഴുത്തും ആത്മാവിഷ്ക്കാരവും സ്ത്രീകൾക്ക് എന്നും പ്രതിസന്ധികൾ ഉണ്ടാക്കിയിട്ടുണ്ട്. രഹസ്യമായി എഴുതുന്ന ഡയറികുറിപ്പുകൾക്കപ്പുറം പ്രസിദ്ധീകരിക്കാൻ ധൈര്യം കാണിച്ചവരുടെ നേരെ കാലങ്ങളോളം പ്രസിദ്ധീകരണശാലകളുടെ വാതിലുകൾ അടഞ്ഞു തന്നെ കിടന്നിട്ടുണ്ട്. ഇവരുടെ അക്ഷരങ്ങൾ പുറംലോകം അറിഞ്ഞപ്പോഴോ പരിഹാസങ്ങളും ശകാരങ്ങളും അവഗണനകളും നിത്യയാഥാർത്ഥ്യങ്ങളായിരുന്നിട്ടുമുണ്ട്. പ്രസിദ്ധീകരണപ്രതിസന്ധികളെ വലിയൊരളവോളം പരിഹരിക്കാൻ നവമാധ്യമങ്ങളുടെ വരവ് സഹായകമായിട്ടുണ്ടെന്നുവേണം കരുതാൻ. വിൽപ്പനയോഗ്യതയുണ്ടോ എന്ന കനത്ത ചോദ്യത്തെ കൂസാതെ ചുരുങ്ങിയ സാങ്കേതികവിദ്യ ഉപയോഗിച്ചു മനസ്സിലുള്ളത് ആവിഷ്ക്കാരിക്കാനുള്ള സാധ്യതകൾ തുറന്നു വന്നു. എന്നാൽ ഈ തുറസ്സുകൾ അവയ്ക്ക് ലഭിക്കുന്ന പ്രതികരണങ്ങളുടെ അക്രമസ്വഭാവം കൊണ്ട് അടഞ്ഞുപോകാറുണ്ട്. മുഖാമുഖം വരാതെ സ്വതന്ത്രമായി സ്ത്രീവിരുദ്ധത അഴിച്ചുവിടാനുള്ള വേദികളായി മുഖപുസ്തകം പോലുള്ള (facebook) സൈബർ ഇടങ്ങൾ ഉപയോഗിക്കപ്പെട്ടു. എന്നാൽ ഇരകളായി തുടരാൻ തയ്യാറല്ലാത്ത ധീരമനസ്സുകൾ ഇതിനെതിരെ നഖഃശിഖാന്തം പോരാടിയിട്ടുമുണ്ട് ഇക്കാലമത്രയും. ഈ ചെറുത്തുനിൽപ്പുകൾ സ്ത്രീകളുടെ സൈബർ ഇടങ്ങളെ സ്ഥാപിച്ചെടുക്കുന്നതിന്റെ ചരിത്രദൗത്യങ്ങൾ വഹിച്ചിട്ടുമുണ്ട്.

മുഖപുസ്തകനിരോധനം ഇന്ന് സദാചാരക്രമസ്ഥാപനത്തിന്റെ പുതിയഭാഗമായിത്തീർന്നിരിക്കുകയാണ്. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ, തൊഴിലിടങ്ങളിൽ, വീടുകളിൽ എല്ലാം പെൺകുട്ടികൾക്കും സ്ത്രീകൾക്കും നിരോധനം ഏർപ്പെടുത്തുന്നത് കാണാം. 'വഴിതെറ്റി' പോകാതിരിക്കാനുള്ള മുൻകരുതലുകൾ! നിലനിൽക്കുന്ന അധികാരബന്ധങ്ങളും പെൺമനസ്സുകളെ ത്യാഗപൂർണ്ണമായ സ്നേഹസമർപ്പണത്തിന് പരുവപ്പെടുത്തിയെടുക്കുന്ന സമൂഹവുമാണ് സ്ത്രീകൾ സൈബർലോകത്തെ ചതിക്കുഴികളിൽ വീഴാൻ കാരണമെന്ന് നാം മനസ്സിലാക്കാത്തതെന്തേ?

ആവിഷ്കാരത്തിന്റേയും പ്രതിരോധത്തിന്റേയും സ്നേഹസൗഹാർദ്ദങ്ങളുടെയും സമരസംഘാടനത്തിന്റെയും ഇടമായി മാറിയ സൈബർലോകങ്ങളിലെ സ്ത്രീസാന്നിദ്ധ്യങ്ങൾ ചർച്ച ചെയ്യുന്ന ഈ ലക്കം സംഘടിത സ്നേഹശംസകളോടെ വായനക്കാർക്ക് സമർപ്പിക്കട്ടെ.





സുനിത ടി.വി.

# നവമാധ്യമങ്ങളും സ്ത്രീകളും


**പ്രകൃതിയുടെയും അബോധത്തിന്റെയും കോളനിവത്കരണം ഉത്തരാധുനി കതയുടെ പ്രത്യേകതയാണെന്ന് ജെയിംസൺ. ആശയവിനിമയശൃംഖലയുടെ യും മാധ്യമങ്ങളുടെയും സാംസ്കാരവ്യവസായത്തിന്റെയും പരസ്യവ്യവസായ ത്തിന്റെയും കൂട്ടായ്മയാണ് അബോധത്തെ കോളനീകരിയ്ക്കുന്നത്. ഇത് സാംസ്കാരിക സാമ്രാജ്യത്വത്തിലേയ്ക്ക് നയിക്കുന്നു.**

കനേഡിയൻ മാധ്യമചിന്തകനായ ഹാരോൾഡ് ഇന്നിസ് മനുഷ്യചരിത്രത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തിയത് മാധ്യമസാങ്കേതിവിദ്യകളാണ് എന്ന് നിരീക്ഷിച്ചു. പ്രകൃതിയുടെയും അബോധത്തിന്റെയും കോളനിവത്കരണം ഉത്തരാധുനികതയുടെ പ്രത്യേകതയാണെന്ന് ജെയിംസൺ. ആശയവിനിമയശൃംഖലയുടെയും മാധ്യമങ്ങളുടെയും സാംസ്കാരവ്യവസായത്തിന്റെയും പരസ്യവ്യവസായത്തിന്റെയും കൂട്ടായ്മയാണ് അബോധത്തെ കോളനീകരിയ്ക്കുന്നത്. ഇത് സാംസ്കാരിക സാമ്രാജ്യത്വത്തിലേയ്ക്ക് നയിക്കുന്നു. മാധ്യമാധിനിവേശം നമ്മുടെ പാരമ്പര്യത്തെയും സംസ്കാരത്തെയും അവയുടെ ജൈവപരിസരങ്ങളിൽ നിന്നടർത്തിമാറ്റി കാഴ്ചവസ്തുക്കളായി മാറുന്നു. സാംസ്കാരികരൂപങ്ങളെ ചരിത്രമുക്തമാക്കി വസ്തുക്കളായി ചുരുക്കുന്നതിലൂടെ അവ ചരക്കുവല്ക്കരിക്കപ്പെടുന്നു. ഇത് സംസ്കാരത്തെ പ്രതിരോധത്തിനുള്ള ആയുധമാക്കുന്നതിൽനിന്ന് നമ്മെ തടസ്സപ്പെടുത്തുന്നു. ഈ പ്രക്രിയ മുഖ്യമായും നടപ്പാക്കപ്പെടുന്നത് മാധ്യമങ്ങളിലൂടെയാണ്. മാധ്യമങ്ങളുടെ അതിപ്രസര

വും അവ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനവും നിമിത്തം ഉത്തരാധുനിക സമൂഹത്തെ മാധ്യമസമൂഹം എന്നു വിശേഷിപ്പിക്കുന്നു. മാധ്യമനിർമ്മിത പ്രതിബിംബങ്ങളുടെ സമൂഹം (ബോദ്രിയാർ), കെട്ടുകാഴ്ചകളുടെ സമൂഹം (ഗീ ദെ ബോർ) എന്നൊക്കെ സമകാലസമൂഹം വിശേഷിപ്പിക്കപ്പെടുന്നു.

മേൽവിവരിച്ച അതിയാഥാർത്ഥ്യത്തിന്റെയും വ്യാജചിഹനങ്ങളുടെയും പ്രതീത്യനുഭവങ്ങളുടെയും ലോകാവസ്ഥയായി ബോദിലാദ് നവമാധ്യമങ്ങളെ വിവരിയ്ക്കുന്നു. മാധ്യമ, പരസ്യ, വിപണികൾ ചേർന്ന് നിർമ്മിച്ച ഉപഭോഗസംസ്കാരമാണ് ഉത്തരാധുനികതയുടെ സാംസ്കാരികാനുഭവം.

**ഉത്തരാധുനികമാധ്യമങ്ങൾ, നവമാധ്യമങ്ങൾ എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന സൈബർമാധ്യമങ്ങളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരാധുനികസമൂഹം നിർവ്വചിക്കപ്പെടുന്നത്.**



**ഇന്റർനെറ്റിന്റെ അത്ഭുതകരമായ വളർച്ച വിജ്ഞാനവിപ്ലവം സാധ്യമാക്കി. ആയിരത്തിത്തൊള്ളായിരത്തി എൺപതുകൾ മുതൽ വിവരങ്ങളുടെ ഉല്പാദനത്തിലും വിനിമയത്തിലും കേന്ദ്രീകരിയ്ക്കുന്ന പുതിയൊരു സമ്പദ്വ്യവസ്ഥ നിലവിൽ വന്നു. വിവരങ്ങളും അവ കൈകാര്യം ചെയ്യാനുള്ള സാങ്കേതികവിദ്യകളും മേൽക്കൈ നേടിയ ഈ കാലഘട്ടം വിവരയുഗം, ഡിജിറ്റൽ യുഗം എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്നു.**

ഇന്റർനെറ്റിന്റെ അത്ഭുതകരമായ വളർച്ച വിജ്ഞാനവിപ്ലവം സാധ്യമാക്കി. ആയിരത്തിത്തൊള്ളായിരത്തി എൺപതുകൾ മുതൽ വിവരങ്ങളുടെ ഉല്പാദനത്തിലും വിനിമയത്തിലും കേന്ദ്രീകരിയ്ക്കുന്ന പുതിയൊരു സമ്പദ്വ്യവസ്ഥ നിലവിൽ വന്നു. വിവരങ്ങളും അവ കൈകാര്യം ചെയ്യാനുള്ള സാങ്കേതികവിദ്യകളും മേൽക്കൈ നേടിയ ഈ കാലഘട്ടം വിവരയുഗം, ഡിജിറ്റൽ യുഗം എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്നു.

ഉത്തരാധുനികമാധ്യമങ്ങൾ, നവമാധ്യമങ്ങൾ എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന സൈബർമാധ്യമങ്ങളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരാധുനികസമൂഹം നിർവ്വചിക്കപ്പെടുന്നത്. "യന്ത്രത്തെ ആഘോഷപൂർവ്വം സ്വീകരിക്കുന്ന മാധ്യമസമൂഹം", "സ്ക്രീൻ ജനത", "റിയാലിറ്റിയെ ഹൈപ്പർറിയാലിറ്റിയായും ടെക്സ്റ്റിനെ ഹൈപ്പർടെക്സ്റ്റാ

യും കാണുന്നതിൽ ആശങ്കകളില്ലാത്ത തലമുറ" എന്നൊക്കെയാണ് പി.കെ. രാജശേഖരൻ ഉത്തരാധുനികസമൂഹത്തെ വിശേഷിപ്പിക്കുന്നത്. (2000:21) ജി.മധുസൂദനൻ നവമാധ്യമ - സാങ്കേതികവിദ്യകൾ കലയിലും സംസ്കാരത്തിലും മൂല്യങ്ങളിലും പ്രത്യാഘാതങ്ങൾ സൃഷ്ടിച്ച് ഒരു സൈബർസാംസ്കാരികപരിസരം സൃഷ്ടിയ്ക്കുന്നു എന്ന് നിരീക്ഷിക്കുന്നു.

1950-കളുടെ അവസാനത്തിലാണ് കമ്പ്യൂട്ടർ കേരളത്തിൽ വന്നെത്തിയത്. അത് യൂണിവേഴ്സിറ്റിയിലും ചില ശാസ്ത്രസാങ്കേതികസ്ഥാപനങ്ങളിലും മാത്രമേ ഇടം പിടിച്ചുള്ളൂ. 90-കളോടെ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള നവമാധ്യമങ്ങൾ കേരളത്തിൽ വമ്പിച്ച പ്രചാരം നേടി.

സ്പാനിഷ് സാമൂഹ്യശാസ്ത്രജ്ഞനും മാധ്യമ പഠിതാവുമായ മാന്വൽ കാസ്റ്റെൽസ് സമകാലസമൂഹം 'ശൃംഖലാസമൂഹം' (Network society) ആണെന്നും അത് ഒരു പുതിയ തരം ആശയവിനിമയവ്യവസ്ഥയ്ക്ക് രൂപം നൽകി എന്നും നിരീക്ഷിയ്ക്കുന്നു. സത്വരഹ്രസ്വ സന്ദേശങ്ങൾ അയയ്ക്കൽ, സാമൂഹ്യശൃംഖലാരൂപീകരണം, ബ്ലോഗിംഗ് തുടങ്ങിയവ രൂപം നല്കിയ ഈ പുതിയ ആശയവിനിമയവ്യവസ്ഥയെ അദ്ദേഹം 'മാസ് സെൽഫ് കമ്യൂണിക്കേഷൻ' എന്ന് വിളിച്ചു. ഓരോ വ്യക്തിയ്ക്കും യഥേഷ്ടം സ്വയം മാസ് കമ്യൂണിക്കേഷൻ നടത്താനുള്ള സാധ്യതയാണ് നവമാധ്യമങ്ങൾ ലോകത്തിന് നൽകിയ വലിയൊരു സംഭാവന. ലിംഗപദവി, പ്രായം, ശാരീരികസവിശേഷതകൾ, വംശം തുടങ്ങിയവയൊക്കെ മറച്ചുവെച്ചുകൊണ്ട് വിനിമയങ്ങൾ നടത്താനാവുമെന്നതുകൊണ്ട് സൈബർസ്പേസ് വളരെ വിമോചകമായ ഒരു ഇടമാണ് എന്ന ധാരണയും പ്രബലമാണ്. ഒരു ചെറിയ പരിധി വരെ ഇതിൽ യാഥാർത്ഥ്യമുണ്ട്. സ്ത്രീകളും മൂന്നാംലിംഗക്കാരും അടങ്ങുന്ന വൈവിധ്യമാർന്ന ജനസഞ്ചയം സൈബർ ലോകത്തിൽ സജീവമായി പല തരത്തിൽ ഇടപെടുന്നു, ആത്മാവിഷ്കാരം നടത്തുന്നു, സമാനമനസ്കരെ കണ്ടെത്തുന്നു, കച്ചവടം നടത്തുന്നു, പ്രതികരിക്കുന്നു, പ്രതിഷേധിയ്ക്കുന്നു, സംഘാടനം നടത്തുന്നു, ആശയ പ്രചാരണം നടത്തുന്നു....

"സാങ്കേതികവിദ്യയിലുള്ള 'പിടിപ്പും' ആധികാരികതയും സ്ത്രീകളിൽ സ്വയംഭരണശേഷി വർദ്ധിപ്പിക്കുന്നു..... പുതിയകാലത്ത് സ്ത്രീകൾ തങ്ങളുടെ ബഹുവിധമായ അധ്വാനമേഖലകൾക്കകത്തു നിൽക്കുമ്പോഴും അതിനു പുറത്ത് സ്വാതന്ത്ര്യവും സ്വച്ഛവുമായ ലീലകളുടെയും കാമനകളുടെയും സ്വപ്നങ്ങളുടെയുമൊക്കെ ഇടമായി സൈബർ സ്പേസിനെ കാണുന്നു..... സോഷ്യൽനെറ്റ്വർക്കിംഗ് സൈറ്റുകളിൽ പെരുകിവരുന്ന സ്ത്രീസാന്നിധ്യം അതാണു സൂചിപ്പിക്കുന്നത്. ദൈനംദിനജീവിതത്തിന്റെ നിശ്ചിതമാക്കപ്പെട്ട പാക്കേജിൽ പരിമിതസമയപരിധിയ്ക്കുള്ളിൽ നിന്നുകൊണ്ടും ഓൺലൈൻജീവിതത്തിന്റെ സാധ്യതകൾ സ്ത്രീകൾ ഉപയോഗിക്കുന്നുണ്ട്.... മുൻഭാരങ്ങളില്ലാതെ ആനന്ദത്തിന്റെയും കൂട്ടായ്മയുടെയും പുതിയ ഒരിടമായി അവൾ സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളെ കണ്ടെത്തുന്നു. ലിംഗപദവിയെയും അതിനെച്ചൊല്ലിയുള്ള സാങ്കേതികവ്യവഹാരങ്ങളെയും പുതുക്കി നിർമ്മിക്കാനുള്ള ഒരു ഭാഷാസാമഗ്രി തന്നെയാണ് അവൾക്ക് ഈ ഇടങ്ങൾ. സൈബർസാങ്കേതികതയുടെ വെറും ഉപഭോക്താവ് എന്ന നിലയിൽ നിന്നും വ്യത്യസ്തമാ



യി സ്വന്തം ആധികാരികതയാൽ നിർണ്ണയിക്കപ്പെടുകയും ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്ന ഒന്നായി ഇവിടെ സ്ത്രീകർത്തൃത്വം ഉയർത്തപ്പെടുന്നു." ഉഷാകുമാരി സൈബറിടത്തിലെ സ്ത്രീയാവിഷ്കാരങ്ങൾ തുറന്നിട്ട സാധ്യതകളെ വിലയിരുത്തുന്നു .

എന്നാൽ മേൽപ്പറഞ്ഞ വിധത്തിലുള്ള സാധ്യതകൾ മാത്രമാണോ സൈബർലോകം സ്ത്രീകൾക്ക് നൽകുന്നത്? "ലൈംഗികതയുടെ അധികാരമെല്ലാം ആണിൽ നിക്ഷിപ്തമാവുന്ന പുരുഷാധിപത്യത്തിന്റെ സാമൂഹ്യപരിസരത്തിന്റെ ആഘോഷമാണ് കേരളീയമായ സാമൂഹ്യസ്ഥാപനങ്ങളെല്ലാം തന്നെ.... സിനിമയിൽ നിന്ന് കമ്പ്യൂട്ടറിലേക്കും കാഴ്ചയുടെ ഡിജിറ്റൽ ലോകങ്ങളിലേക്കും മലയാളിയുടെ സംവേദനസംസ്കാരം വളർന്നപ്പോൾ അവിടെയും സംഭവിച്ചത് ആണിന്റെ കാമനകളുടെ പൂർത്തീകരണമാണ്... ചലച്ചിത്രമെന്ന കാഴ്ചയുടെ ലോകത്തെ തങ്ങളുടെ ആണത്തത്തിന്റെ കാമനകളുടെ പൂർത്തീകരണത്തിനായി മാത്രം മാറ്റിത്തീർത്ത പുരുഷാധിപത്യം ആഗോളവൽക്കരണകാലത്ത് സൈബർലോകത്തിന്റെ സാങ്കേതികവിദ്യയെയും മാറ്റിത്തീർത്തത് തങ്ങളുടെ ലിംഗത്തിന്റെ പ്രകടനങ്ങൾക്കാണ്. അപരലിംഗത്തെ കീഴടക്കുന്നതും കളിപ്പാട്ടംപോലെ അതിന്റെ ഓരോ അണുവും നുണയുന്നതുമാണ് ഈ പ്രകടനം" യാക്കോബ് തോമസ് സൈബർലോകത്തെ ആണധികാരപ്രകടനങ്ങളെ നിശിതമായി വിമർശിക്കുന്നു . കൂടാതെ ഇവിടത്തെ വ്യവഹാരങ്ങളിൽ കടന്നുവരുന്ന കടുത്ത സ്ത്രീവിരുദ്ധതയെയും അദ്ദേഹം അപഗ്രഥിക്കുന്നു. "ആണിന് പെണ്ണ് തെറിവിളിക്കാനും കാമം തീർക്കാനുമുള്ള ഉപകരണമാണ് എന്ന ഫ്യൂഡൽകോയ്മയുടെ ആവിഷ്കാരമായി സൈബർലോകത്തിൽ വിരാജിയ്ക്കുകയാണ് കേരളീയ പുരുഷൻ" യാക്കോബ് നിരീക്ഷിയ്ക്കുന്നു .

1990-കളിലാണ് സ്ത്രീകളും വിവരസാങ്കേതിക വിദ്യയുമായുള്ള ബന്ധത്തെ പ്രശ്നവൽക്കരിക്കുന്ന സൈബർഫെമിനിസം എന്ന സ്ത്രീവാദചിന്താധാര ആവിർഭവിക്കുന്നത്. അവർ നിരീക്ഷിയ്ക്കുന്നത് സൈബർസ്പേസ് സ്ത്രീകൾക്ക് സ്വയം ശാക്തീകരിക്കാനുള്ള ഒരു ഇടമായിരിക്കുമ്പോഴും യഥാർത്ഥ ലോകത്തിലെ സ്ത്രീവിവേചനം ഇവിടെയും അനുഭവിക്കേണ്ടി വരുന്നു എന്നാണ്. അതുകൊണ്ടുതന്നെ നിതാന്തജാഗ്രതയും പോരാട്ടസന്നദ്ധതയും നിലനിർത്തിക്കൊണ്ടുമാത്രമേ സ്ത്രീകൾക്ക് യഥാർത്ഥലോകത്തെന്നപോലെ സൈബർലോകത്തും ആത്മാഭിമാനത്തോടെ സ്വയം ആവിഷ്കരിക്കാനാവൂ. ●

# മുത്തലാക്ക് പിൻവലിക്കണമെന്നാവശ്യപ്പെട്ട് മുസ്ലീം സമുദായം



മുത്തലാക്ക് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓൺലൈൻ പെറ്റീഷന് മുസ്ലീം സമുദായാംഗങ്ങളുടെ അമ്പതിനായിരം ഒപ്പുകളാണ് ലഭിച്ചത്. ഭാരതീയ മുസ്ലീം മഹിളാ ആന്തോളൻ എന്ന സംഘടനയാണ് ഇതിനു പിന്നിൽ. വിവാഹ മോചനത്തിലോ ബന്ധം പിരിയുന്ന അവസരത്തിലോ ഭാര്യയ്ക്കും കുട്ടികൾക്കും നിർബന്ധമായും ചെലവിനു കൊടുക്കുക, ഫത്വകൾ നിരോധിക്കുക, വേഗത്തിൽ എല്ലാവർക്കും പ്രാപ്യമായ വിധത്തിൽ നീതി നടപ്പിലാക്കുക, ഏകപക്ഷീയമായ വാക്കാലുള്ള തലാക്ക് പൂർണ്ണമായി നിരോധിക്കുക എന്നിവയാണ് സംഘടന ഉന്നയിക്കുന്ന പ്രധാന ആവശ്യങ്ങൾ.

ചർച്ചാവിഷയം



പ്രീത ജി.പി.

# നവമാധ്യമങ്ങളിലെ സ്ത്രീപ്രവേശം സമൂഹം നേരിടുമ്പോൾ


നവ മാധ്യമങ്ങളിലെ സ്ത്രീ പ്രവേശത്തെ സമൂഹം നേരിടുന്ന രീതിയെ കുറിച്ച് ഒരു ലേഖനം എവിടെ തുടങ്ങണം എന്ന് ആലോചിക്കുമ്പോൾ അതെന്നിൽ നിന്നുതന്നെയാകട്ടെ എന്നുകരുതി. ഞാനാണല്ലോ അതിനു പറ്റിയ ഒരു മാതൃക ഉപഭോക്താവ് എന്ന് തെല്ലു തമാശയോടെ ഓർത്തു. ഏതിടങ്ങളിലേക്കും എന്നതു പോലെ സോഷ്യൽ മീഡിയയിലേക്കുള്ള സ്ത്രീയുടെ കടന്നു വരവും സമൂഹം ഗൗരവപൂർണ്ണമായോ ഉത്തരവാദിത്തപരമായോ സ്വാഗതം ചെയ്തില്ല. അവളെ സംബന്ധിച്ച പരമ്പരാഗത മൂല്യങ്ങൾക്ക് ഒരു ഇടിവും തട്ടാതെ പരിഭ്രമിക്കുകയും, വേദനിക്കുകയും, ആശങ്കപ്പെടുകയും, കോപകുലരാകുകയും ഒക്കെ ചെയ്തു. മറ്റെവിടെയും എന്നത് പോലെ ചിലർ അതിൽ ഒക്കെ തട്ടി തിരിച്ചു പോയി. ചിലർ പൊരുതി നിന്നു, മറ്റു ചിലർ ചില സമരസപ്പെടലുകൾ നടത്തി ഇവിടെ അവരുടെ സാന്നിധ്യം നിലനിർത്തി. മറ്റൊരു തരത്തിൽ അപകടകാരികളായി, സ്ത്രീയെ സംബന്ധിച്ച പൊതുബോധനിർമ്മിതികളുടെ പ്രചാരകർ ആയി.

ആറുവർഷങ്ങൾക്കു മുമ്പ് ഒരു ഫേസ്ബുക്ക് അക്കൗണ്ട് തുടങ്ങുമ്പോൾ പഴയ സൗഹൃദങ്ങളെ കണ്ടെത്തുക എന്ന ലളിതമായ ലക്ഷ്യം അല്ലാതെ



കനപ്പെട്ട വിചാരങ്ങളൊന്നും ഇല്ലായിരുന്നു. പത്ത് പന്ത്രണ്ടു കൊല്ലത്തെ അജ്ഞാതവാസം പോലെയുള്ള ജീവിതത്തിൽ നിന്ന് ഒരു തിരിച്ചു വരവ്, അത് മാത്രം. സോഷ്യൽമീഡിയയുടെ തെരുവുകളിലും കവലകളിലും ചുറ്റിത്തിരിഞ്ഞപ്പോഴാണ് ഇത് കേവലം സൗഹൃദങ്ങളുടെ ഇടം മാത്രമല്ലെന്നും പൊതു ബോധത്തിന്റെ ഓൺലൈൻ വെർഷൻ കൂടി ആണെന്നും ഒപ്പം പൊതുബോധപിന്തിരിപ്പൻ നിലപാടുകളുടെ ഓൺലൈൻ പ്രചാരണ വേദിയുമാണ് എന്നും മനസ്സിലായത്. അതേ പോലെത്തന്നെ ശക്തമായ ഒരു പുരോഗമനാശയ പ്രചാരണ ഇടം കൂടി അതിനു ബദലായി വളർന്നു വരുന്നതും ശ്രദ്ധിച്ചു. അപ്പോഴും പ്രതികരണങ്ങളുടെ ആണിടങ്ങൾ തന്നെ ആയിരുന്നു സോഷ്യൽ മീഡിയ . ചുരുക്കം ചില സ്ത്രീ പ്രൊഫൈലുകൾ ഒഴിച്ച് നിർത്തിയാൽ പെണ്ണിടങ്ങൾ പുരുഷനിർമ്മിതസ്ത്രീയുടേത് ആയിരുന്നു. പൂക്കളും കവിതകളും വിരഹവും സൗഹൃദവും സാമൂഹികനിർമ്മിതപ്രണയങ്ങളും ഒക്കെ കൊണ്ട് നിറഞ്ഞ പെൺഭിത്തികൾ. സ്ത്രീ/ദളിത് വിരുദ്ധ, മതമൗലിക /തീവ്ര / ഫാഷിസ്റ്റ് ആശയങ്ങൾ നിറഞ്ഞ ഹോം പേജ് ഉണ്ടാക്കിയ അസ്വസ്ഥതകൾ. എവിടെയൊക്കെയോ മറു

**സോഷ്യൽ മീഡിയയുടെ തെരുവുകളിലും കവലകളിലും ചുറ്റിത്തിരിഞ്ഞപ്പോഴാണ് ഇത് കേവലം സൗഹൃദങ്ങളുടെ ഇടം മാത്രമല്ലെന്നും പൊതു ബോധത്തിന്റെ ഓൺ ലൈൻ വെർഷൻ കൂടി ആണെന്നും ഒപ്പം പൊതുബോധപിന്തിരിപ്പൻ നിലപാടുകളുടെ ഓൺലൈൻ പ്രചാരണ വേദിയുമാണ് എന്നും മനസ്സിലായത് . അതെ പോലെത്തന്നെ ശക്തമായ ഒരു പുരോഗമനാശയ പ്രചാരണ ഇടം കൂടി അതിനു ബദലായി വളർന്നു വരുന്നതും ശ്രദ്ധിച്ചു. അപ്പോഴും പ്രതികരണങ്ങളുടെ ആണിടങ്ങൾ തന്നെ ആയിരുന്നു സോഷ്യൽ മീഡിയ.**




കുറിപ്പുകൾ ആയി എഴുതിത്തുടങ്ങി. അതിൽ വീണ യോജിപ്പുകളും വിയോജിപ്പുകളും ആണ് പിന്നീട് സ്വതന്ത്രമായി അഭിപ്രായം പ്രകടിപ്പിക്കണം എന്ന ഉറച്ച തീരുമാനത്തിൽ എത്തിച്ചത്. അതത്ര സുഗമമായിരുന്നില്ല. കാരണം പൊതുബോധത്തിൽ സ്ത്രീക്ക് പൊതു ഇടങ്ങളും അഭിപ്രായങ്ങളും എത്ര കണ്ടു അപ്രാപ്യമോ/അനുവദനീയമോ അല്ല എന്നത് പോലെ ഓൺലൈൻ വേർഷനും അവളുടെ ദൃശ്യതയെ അംഗീകരിക്കാൻ തയാറായില്ല. ഓഫ് ലൈൻ ലോകത്തേക്കാൾ ഓൺലൈൻ ലോകം അവൾക്കു കുറച്ചു കൂടി സൗകര്യങ്ങൾ നൽകി. സമയബോധമോ ശരീര ബോധമോ അവളെ കീഴടക്കിയില്ല. പലപ്പോഴും ഞാനെടുത്ത നിലപാടുകളും ആശയങ്ങളും പൊതു ബോധ നിർമ്മിതികളെ ചോദ്യം ചെയ്യുന്നതായിരുന്നു. സ്വാഭാവികമായി അത്

വലിയ ചർച്ചകൾക്ക് ഇടയാക്കി. ആശയ സംവാദങ്ങൾക്കപ്പുറത്ത് അത് പലപ്പോഴും ഗുരുതരമായ വ്യക്തിഹത്യയായി മാറി. കമന്റ് / മെസ്സേജ് ബോക്സുകൾ ലൈംഗീക ചുവയുള്ള സന്ദേശങ്ങൾ, ഭീഷണികൾ എന്നിവ കൊണ്ട് നിറഞ്ഞു. അവരിൽ ആന്റിഫെമിനിസ്റ്റുകൾ മുതൽ മതമൗലികവാദികൾ, സ്ത്രീവിരുദ്ധർ അങ്ങനെ എല്ലാവരും ഉണ്ടായിരുന്നു. പൊതുഇടങ്ങളിൽ സ്വന്തം അഭിപ്രായം പറയുന്ന സ്ത്രീയുടെ പ്രശ്നം 'കഴപ്പ്' ആയതു കൊണ്ട് അത് പരിഹരിക്കാൻ ഉള്ള മാർഗങ്ങൾ, ഉദ്ധരിച്ച ലിംഗങ്ങൾ, ആൺപെൺ ലൈംഗീക അവയവങ്ങൾ, ശാരീരിക ബന്ധത്തിന്റെ ചിത്രങ്ങൾ ഒക്കെ ആയി ആദ്യകാലത്ത് ഇൻബോക്സുകൾ നിറഞ്ഞു. (അശ്ലീലം എന്ന പദം ഞാൻ ബോധപൂർവ്വം ഒഴിവാക്കിയതാണ്. ഇതൊക്കെ അശ്ലീലം ആണ് എന്ന് ഞാൻ കരുതുന്നില്ല, മറിച്ചു മനുഷ്യന്റെ സ്വാഭാവിക ലൈംഗീകതയെ ഭീഷണിപ്പെടുത്താനും പകവീട്ടാനും തോൽപ്പിക്കാനും ഒക്കെ ഉപയോഗിക്കുന്ന രീതിയും / ആളുകളും ആണ് അശ്ലീലക്കാഴ്ച എന്ന് ഞാൻ കരുതുന്നു ) ഫ്രസ്ട്രേഷൻ പരിഹരിക്കാൻ ഉള്ള മാർഗങ്ങൾ, നല്ല ആണുങ്ങളെ കാണാത്തതു കൊണ്ടുള്ള പ്രശ്നം ആയതു കൊണ്ട് ഞങ്ങളെ സുഹൃത്താക്ക് തുടങ്ങിയ ഉപദേശങ്ങൾ എന്നു വേണ്ട എന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം അവർ നിർദേശിച്ചു. അവയ്ക്കൊക്കെ നൽകിയ ചെറുത്തുനിൽപ്പിന്റെ രൂപത്തിലുള്ള മറു കുറിപ്പുകൾ പരിഹാരം കണ്ടു എന്ന് തന്നെ വിശ്വസിക്കുന്നു. ഇന്ന് മെസ്സേജ് ബോക്സ് അത്തരം ആക്രമണങ്ങളിൽ നിന്ന് ഏറെക്കുറെ മുക്തമാണ്.

എങ്കിലും സംഘടിതമായ അക്രമ രീതികൾക്ക് കുറവുണ്ടായിരുന്നില്ല. പല തവണ hateപേജുകൾ പ്രത്യഷപ്പെട്ടു. അത്തരം പല പേജുകൾ ഉണ്ടാകുകയും ഇല്ലാതാകുകയും ചെയ്തു. ഒരേ കാര്യം പറയുന്ന സ്ത്രീയും പുരുഷനും കൈകാര്യം ചെയ്യപ്പെടുന്നത് വ്യത്യസ്ത രീതിയിലാണ് . അടുത്ത കാലത്ത് വെടിക്കെട്ട് ദുരന്തത്തിന്റെ ഭാഗമായി വെടിക്കെട്ടിനെതിരെ പല പോസ്റ്റുകൾ ഉണ്ടായി . അതിൽ ഞാൻ ഇട്ട പോസ്റ്റിൽ പ്രതികരിച്ച ചില സംഘ പരിവാരങ്ങൾ പറഞ്ഞത് 'വെടി വെടിക്കെട്ടിനെതിരെ' , അവളുടെ മറ്റെടത്ത് പൊട്ടിക്കണം ഇതൊക്കെ ആയിരുന്നു . പ്രതികരിക്കുന്ന സ്ത്രീക്ക് നൽകേണ്ട മറുപടിയൊക്കെ അവളുടെ ലൈംഗിക അവയവത്തിൽ ആണ്. ഇതേ വ്യക്തികൾ ജസ്റ്റിസ് ഫോർ ജിഷ എന്ന പ്രൊഫൈൽ പിക്ചർ ആയി പ്രത്യക്ഷപ്പെട്ടതും കണ്ടു. ഇവിടെ ജിഷ പൊതുബോധധാരണക്ക് ഉള്ളിൽ നില്ക്കുന്ന

**ഫ്രസ്ട്രേഷൻ പരിഹരിക്കാൻ ഉള്ള പരിഹാര മാർഗങ്ങൾ, നല്ല ആണുങ്ങളെ കാണാത്തത് കൊണ്ട് ഉള്ള പ്രശനം ആയതു കൊണ്ട് ഞങ്ങളെ സുഹൃത്താക്ക് തുടങ്ങിയ ഉപദേശങ്ങൾ എന്ന് വേണ്ട എന്റെ എല്ലാ പ്രശങ്ങൾക്കും പരിഹാരം അവർ നിർദേശിച്ചു. അവയ്ക്കൊക്കെ നൽകിയ ചെറുത്തു നിൽപ്പിന്റെ രൂപത്തിലുള്ള മറു കുറുപ്പുകൾ പരിഹാരം കണ്ടു എന്ന് തന്നെ വിശ്വസിക്കുന്നു. ഇന്ന് മെസ്സേജ് ബോക്സ് അത്തരം അക്രമങ്ങളിൽ നിന്ന് ഏറെകുറെ മുക്തമാണ്.**

മാതൃകാ ഇര ആണ് എന്നതാണ് കാരണം. ചോദ്യം ചെയ്തപ്പോൾ കിട്ടിയ മറുപടിയും അത് തന്നെ ആയിരുന്നു . അവൾ നിന്നെപ്പോലെ അല്ല . 'നീ' മോശം ആകാൻ കാരണം 'നീ' സ്ത്രീയെ സംബന്ധിച്ച പൊതുബോധധാരണക്ക് പുറത്താണ് എന്നതാണ്. ജീൻസ് ഇട്ടാൽ, മുടി മുറിച്ചാൽ, ടി ഷർട്ട് ഇട്ടാൽ ഒക്കെ 'നീ' സംരക്ഷിക്കപ്പെടേണ്ട സ്ത്രീയുടെ പരിധിക്കു പുറത്താകുന്നു. ഈ പരിധിക്കു പുറത്തുള്ള ഏതുസ്ത്രീയും ആധിപത്യ അജണ്ടയുടെ നീതി നടത്തിപ്പിന് ഇരയാകാം. ഈ മാതൃകാ ഇര എന്ന കള്ളിയിൽ നിന്ന് ജിഷയെ പുറത്താക്കാനുള്ള ശ്രമങ്ങൾ പിന്നീടു നമ്മൾ കണ്ടതാണ്. സ്ത്രീയുടെ പ്രതികരണങ്ങളെ ലൈംഗികപരാമർശവുമായി നേരിടുക എന്നത് ആൺകോയ്മ ബോധങ്ങളുടെ സ്ഥിരം രീതി ആണ്. അതുപോലെ ലൈംഗികതയെ പരാമർശിക്കുന്ന വാക്കുകൾ സ്ത്രീകളിൽ നിന്ന് വന്നാൽ നല്ല ഭാഷ ഉപയോഗിക്കാൻ ഉപദേശിക്കുന്ന സൈബർ ആങ്ങളമാരും കുറവല്ല . തെറിവിളിയേക്കാൾ അസഹനീയം ആണ് ഇത്തരം സൈബർ സഹോദരങ്ങളുടെ ഉപദേശങ്ങൾ. സംഘടിതഅതിക്രമങ്ങളിൽ ഏറ്റവും ഒടുവിൽ ഉണ്ടായത് എനിക്ക് എതിരെ പ്രത്യക്ഷപ്പെട്ട അഞ്ചോളം ഹെയിറ്റ് പേജുകൾ ആയിരുന്നു .

അതൊരു നീണ്ട അക്രമ പരമ്പരയുടെ അവസാനത്തെ അടവ് ആയിരുന്നു. എങ്ങിനെയും ഇവളെ ഈ ഇടത്തിൽ നിന്ന് ഒഴിവാക്കണം . ആ അർത്ഥത്തിൽ അഹങ്കാരിയായ പെണ്ണിന് അവർ ഉറപ്പിച്ച വധശിക്ഷയായിരുന്നു അത്. ഇപ്പോൾ മന്ത്രിയും മുമ്പ് MLA യും ആയിരുന്ന ജി സുധാകരൻ എന്ന കമ്മ്യൂണിസ്റ്റ് നേതാവിന്റെ കടുത്ത



സ്ത്രീ വിരുദ്ധ പ്രസ്താവനയെ ചോദ്യം ചെയ്തു കൊണ്ട് 'വിഡ്ഢിക്കൂഷ്മാണ്ടം' എന്ന് ഉപയോഗിച്ചതിന് എതിരെ സുധാകരന്റെ സൈബർ ഭക്തർ നടത്തിയ അക്രമം ആയിരുന്നു ആദ്യ പടി . കമ്മ്യൂണിസ്റ്റ് നേതാവിന്റെ സ്ത്രീവിരുദ്ധ പരാമർശം ചർച്ചയായെങ്കിലും അതിനു മുകളിൽ നേതാവിനെ വിഡ്ഢി എന്ന് വിളിച്ച സ്ത്രീയുടെ അഹങ്കാരവും , പ്രസ്തുത പ്രയോഗം തെറി ആണോ എന്ന ചർച്ചയും നടന്നു. പൊതുസമൂഹത്തിൽ വളരെ സാധാരണമായി ഉപയോഗിക്കപ്പെടുന്ന ഒരു പദം ഒരു സ്ത്രീ ആണുങ്ങളുടെ നേതാവിനെ വിളിച്ചാൽ ആൺബോധങ്ങൾക്ക് സഹിക്കുമോ? പിന്നീടു ചർച്ച പ്രസ്തുത തെറി വിളിച്ച സ്ത്രീയെ തിരിച്ച് തെറി വിളിക്കാമോ എന്നതായി. കമ്മ്യൂണിസ്റ്റ് നേതാവിന്റെ സ്ത്രീവിരുദ്ധതയെ ബുദ്ധി ശൂന്യതയായി കണ്ടത് അപരാധമായി. ആ സ്ത്രീ വിരുദ്ധതയേക്കാൾ തെറ്റായിരുന്നു പൊതു സമൂഹം വളരെ സാധാരണമായി ഉപയോഗിക്കുന്ന






പ്രസ്തുത പ്രയോഗം. സ്ത്രീവിരുദ്ധനായ നേതാവ് മഹാനും നേതാവിന്റെ സൈബർ ഭക്തരും അനുയായികളും അത് പറഞ്ഞ പെണ്ണിനെ ലൈംഗികാക്ഷേപങ്ങൾ ചൊരിഞ്ഞു കൊണ്ടാണ് നേരിട്ടത്. അവൾ ഫെമിനിസ്റ്റ് ആയതു കൊണ്ട് ഫെമിനിസവും പ്രതിക്കൂട്ടിലായി. കമ്മ്യൂണിസ്റ്റിനു സ്ത്രീവിരുദ്ധൻ ആകാൻ എങ്ങനെ കഴിയും? സ്ത്രീവിരുദ്ധനായ കമ്മ്യൂണിസ്റ്റ് ബുദ്ധിമാനാകുമോ, അതല്ല സ്ത്രീവിരുദ്ധൻ കമ്മ്യൂണിസ്റ്റ് ആകുമോ ? ചോദ്യങ്ങൾ പാടില്ല . ചോദ്യം ചോദിക്കാൻ ഞങ്ങൾ ആണുങ്ങൾ ഉണ്ട് എന്നതാവണം നിലപാട്. തുടർന്ന് വന്ന സംഭവം എ പി ജെ അബ്ദുൽ കലാമിന്റെ മരണം ആയിരുന്നു. അദ്ദേഹത്തിന്റെ മരണത്തെ തുടർന്ന് ഹോം പേജിൽ പ്രത്യക്ഷപ്പെട്ട ഉപരിപ്ലവമായ കലാം സ്തുതികൾക്കിടയിലാണ് ആരുടെയോ ഒരു updation കണ്ണിൽ പെട്ടത് . 'കലാം എന്ന മഹാനായ ശാസ്ത്രജ്ഞന് അഭിവാദ്യങ്ങൾ, പക്ഷെ വള്ളിക്കാവിലെ ഫ്രോഡിനെ സപ്പോർട്ട് ചെയ്തതിനോട് യോജിക്കുന്നില്ല' എന്നായിരുന്നു അത്.

അതിനു താഴെ ഒരു ചോദ്യം ഞാൻ ഒരു കമന്റായി ഇട്ടു. 'വള്ളിക്കാവിലെ ഫ്രോഡിനെ സപ്പോർട്ട് ചെയ്ത ശാസ്ത്രജ്ഞൻ എങ്ങനെ മഹാനായ ശാസ്ത്രജ്ഞൻ ആകും?' എന്നതായിരുന്നു കമന്റ്. പോസ്റ്റ് ശ്രദ്ധിക്കപ്പെട്ടതിനേക്കാൾ കൂടുതൽ അതിനു താഴെ ഒരു സ്ത്രീ ഇട്ട കമന്റ് ശ്രദ്ധിക്കപ്പെട്ടു ; അവരുടെ മുൻകാല ശത്രു ഇട്ട കമന്റ്. അതിന്റെ അനവധി സ്ക്രീൻഷോട്ടുകൾ പ്രചരിപ്പിക്കപ്പെട്ടു. പോസ്റ്റ് ഇട്ട പുരുഷനോ അയാൾ ഇട്ട പോസ്റ്റോ വിഷയം ആയില്ല . പിന്നീട് ഇന്ത്യയിൽ സംഘ പരിവാർ രാഷ്ട്രീയം വളരാൻ വ്യക്തമായ പങ്കു വഹിച്ച വ്യക്തി ആണ് കലാം എന്ന എന്റെ പോസ്റ്റിന്റെ ചുവടുപിടിച്ചും ഒരുപാട് കോലാഹലങ്ങൾ. എന്റെ ടൈംലൈനിൽ , ഗ്രൂപ്പുകളിൽ, മറ്റു വ്യക്തികളുടെ ടൈം ലൈനിൽ ഒക്കെ എന്നെ മെൻഷൻ ചെയ്തു സ്ത്രീ വിരുദ്ധ തെറികളുടെ കോലാഹലം ആയിരുന്നു . എന്റെ പേരിൽ എന്റേതല്ലാത്ത വളരെ മോശം ഫെയ്ക് സ്ക്രീൻഷോട്സ് പ്രചരിച്ചു. എല്ലാ ശത്രുക്കളും കലാം വിഷയത്തിൽ ഒന്നിച്ചു .. എന്റെ മകന്റെ ഫോട്ടോക്ക് താഴെ വരെ തെറി അഭിഷേകം നടത്തി.സ്ത്രീപ്രവേശം സമൂഹം നേരിടുമ്പോൾ . അവന്റെ അമ്മയുടെ ലൈംഗികത തന്നെ ആയിരുന്നു തെറികൾ പലതും . അവന്റെ ഫോട്ടോക്ക് താഴെ അവന്റെ ഓട്ടിസം എന്ന അവസ്ഥ പരിഹസിക്കപ്പെട്ടു. മന്ദബുദ്ധി എന്ന കളിയാക്കലുകൾ. ഈ ലോകത്തിന്റെ ഒരു നീതി ശാസ്ത്രവും അറിയാത്ത എന്റെ കുഞ്ഞിനെ ഇരയാക്കിയത് അവന്റെ അമ്മയെ തോൽപ്പിക്കാനായിരുന്നു.



മത്സരിച്ച് തേവിടിശ്ശി, വേശ്യ വിളികൾ. ഇവരുടെ ആരുടെയെങ്കിലും ഇൻബോക്സിലോ ടൈം ലൈനിലോ വീട്ടിലോ പോയി എന്റെ ലൈംഗികത വിൽക്കാൻ ശ്രമിച്ചിട്ടല്ല ഇവരാരും എന്നെ വേശ്യ ആക്കിയത് . ഇവരുടെ നിലപാടുകളെ എതിർക്കുന്നത് കൊണ്ട് . ഇവരുടെ ബിംബങ്ങളെ ചോദ്യം

ചെയ്തത് കൊണ്ട് .

ഒന്നിന് പിറകെ ഒന്നായി 'വേശ്യ, ഗുണ്ട, ശിഖണ്ഡി' അഭിസംബോധനകളോടെ പേജുകൾ ഉണ്ടായി. അതിൽ എന്റെ കുട്ടിയുടെ ഫോട്ടോ അപ് ലോഡ് ചെയ്ത് അവനെ അവഹേളിച്ചു. എന്റെ സുഹൃത്തുക്കൾ പലരും അതിൽ ഇരകളായി. ഒന്ന് റിപ്പോർട്ട് ചെയ്തു പൂട്ടുമ്പോൾ മറ്റൊന്ന്. എന്റെ മോർഫ് ചെയ്ത ഫോട്ടോകൾ ഉൾപ്പെടെ. ഞാൻ കേസ് കൊടുത്തെങ്കിലും ഇന്ന് വരെ ഒരു നടപടിയും ഉണ്ടായില്ല .

ആത്മീയമാഫിയ എന്ന് നിരന്തരം വിളിക്കപ്പെടുന്ന ഒരു ഇടത്തിൽ ഫ്രോഡ് എന്ന വാക്കിനോടുള്ള വിരോധം അല്ല, അല്ലെങ്കിൽ മാഫിയ എന്ന പദത്തെക്കാൾ ഫ്രോഡ് മോശം വാക്ക് ആയതു കൊണ്ടല്ല ആക്രമിക്കപ്പെട്ടത് ; അത് ഒരു സ്ത്രീ പറഞ്ഞു എന്നിടത്താണ് . പോസ്റ്റ് ഇട്ട പുരുഷൻ വിഷയമേ അല്ല . അതിൽ ചോദ്യം ചെയ്തു വന്ന സ്ത്രീയുടെ അഭിപ്രായം ആണ് വിഷയം. ആൾദൈവത്തിനു മുമ്പിൽ മുട്ട് മടക്കി നിൽക്കുന്ന ശാസ്ത്രജ്ഞൻ ചർച്ചാ വിഷയമേ അല്ല . അതിനെ വിമർശിച്ച സ്ത്രീ വേശ്യ ആണ് എന്ന് നമ്മുടെ ആൺബോധം ഉറക്കെ വിളിച്ചു പറയുകയാണ് . നമ്മുടെ സമൂഹം എത്ര കണ്ടു പാട്രിയാർക്കൽ ആണ് എന്നതിന് തെളിവ് . പല പുരുഷസുഹൃത്തുക്കളും ആക്രമിക്കപ്പെട്ടത് ഒരു സ്ത്രീയെ സപ്പോർട്ട് ചെയ്യുന്നു എന്ന നിലക്കാണ് . അവിടെ പുരുഷൻ അല്ല ; സ്ത്രീപക്ഷവാദി ആയ പുരുഷൻ ആയതാണ് കുഴപ്പം .

സ്ത്രീക്ക് പൊതുസമൂഹത്തോടുള്ള ഏതഭിപ്രായവ്യത്യാസത്തിനും അവൾ ചോദ്യം ചെയ്യുന്ന ഏതു പൊതുബോധനിലപാടിനും, മറുപടി ലൈംഗിക അധിക്ഷേപമാണ് . സ്ത്രീ ലൈംഗികത അത്രമേൽ പാപമാണ് . അവളിൽ ലൈംഗികത ഉള്ളതാണ് ഏറ്റവും വലിയ അപരാധം. പൊതുബോധ സ്ത്രീകൾ കേവലം ശവാസനരൂപിണികളും പൊതുബോധം ചോദ്യം ചെയ്യുന്ന സ്ത്രീകൾ ലൈംഗികത ആസ്വദിക്കുന്ന ഭീകരജീവികളും ആണന്നു നമ്മുടെ ആൺ ബോധം നിരന്തരം നിലവിളിക്കുന്നു . ചോദ്യം ചെയ്യൽ പോലും അവളുടെ കഴപ്പ് മാത്രമാണെന്നും. അവളിൽ പ്രവർത്തിക്കുന്ന ഒരു തലച്ചോറുണ്ട് എന്ന് ചിന്തിക്കാൻ പല പുരുഷന്മാർക്കും കഴിയുന്നില്ല . സ്ത്രീ ലൈംഗികത അവളുടെ പരിണാമധർമ്മം ആണെന്നു ആലോചിക്കാൻ പോലും ശേഷിയില്ല. എന്തൊരു ഭയമാണവർക്ക് സ്ത്രീശരീരത്തെയും അതിന്റെ കാമഭോഗങ്ങളെയും അവളുടെ ശരീരത്തിന്റെ ആനന്ദം തങ്ങൾ ഇന്നലെ വരെ ഉയർത്തിപ്പിടിച്ച എല്ലാ മൂല്യങ്ങളുടെയും അവസാനമാണെന്ന് ഇക്കൂട്ടർ ഭയപ്പെടുന്നുണ്ടോ?

ചൊൽപ്പടിക്ക് നിൽക്കാത്ത എല്ലാ രും സ്ത്രീകൾക്കും അവർ വേശ്യാപദവി നൽകും. ആരാണ് അവളെ വേശ്യ എന്ന് വിളിക്കുന്നത് . ലൈംഗികത വാങ്ങുന്നവൻ തന്നെ . സാധ്യമായ എല്ലാ ഇടങ്ങളിലും ഒളിഞ്ഞു നോക്കിയും , തോണ്ടിയും, ബലാൽക്കാരമായും ഒക്കെ ലൈംഗിക സംതൃപ്തി നേടാൻ ശ്രമിക്കുന്ന പുരുഷൻ തന്നെ . വാങ്ങുന്ന വ്യക്തി വിൽക്കുന്ന വ്യക്തിയെ അപഹസിക്കുന്ന ഒരൊറ്റ കച്ചവടം ഇത് മാത്രമായിരിക്കും. ഒരു സ്ത്രീയാകുമ്പോൾ ഉള്ള ഏറ്റവും വലിയ തിരിച്ചറിവ് മനുഷ്യന്റെ എല്ലാ വ്യവഹാരങ്ങളും, മൂല്യബോധങ്ങളും ഒക്കെ ഈ ഒരൊറ്റ ജൈവപ്രതിഭാസത്തിൽ അധിഷ്ഠിതമാണ് എന്നതാണ്. സൈബർ ഇടം പൊതുബോധത്തിൽ നിന്ന് വേറിട്ട ഒന്നല്ല, അതിന്റെ ഓൺലൈൻ പതിപ്പ് മാത്രമാണ്. ഒന്നിനും സൈബർ ഇടത്തിൽ മാത്രമായി ഒരു പരിഹാരവും ഇല്ല . സംസ്കരിക്കപ്പെട്ട ചിന്തകൾ ഉള്ള പുതു തലമുറകൾ ഉണ്ടാകുന്നതിനനുസരിച്ച് ഇവിടെയും മാറ്റങ്ങൾ ഉണ്ടാകും. അതിനായി വ്യക്തിയെ പരുവപ്പെടുത്തുന്ന ആശയപ്രചാരണം ഇവിടെയും ആവശ്യമാണ് . കാരണം ഏതു മാധ്യമത്തെക്കാളും നന്നായി സൈബർ മീഡിയക്ക് വ്യക്തിയിൽ സ്വാധീനം ചെലുത്താനാകും. നിലപാടുകളെ തിരുത്താനും വ്യക്തമാക്കാനും പരിഷ്കരിക്കാനും ഒക്കെ ഈ ഇടം എന്നെയും സഹായിച്ചിട്ടുണ്ട്. ●



## അനുസ്മരണം

2011 ജൂലായ് 5ാം തീയതി അമ്മുവേടത്തി എന്ന അംബുജം സുരാസുവിന്റെ അഞ്ചാം ചരമവാർഷികമാണ്. അമ്മുവേടത്തി അന്വേഷിയുടെ സ്ഥാപകമെമ്പറും നാടക-സിനിമാനടിയുമായിരുന്നു. പ്രശസ്ത നാടകനടനായിരുന്ന സുരാസു ആയിരുന്നു അമ്മുവേടത്തിയുടെ ജീവിതപങ്കാളി. അവരുടെ ഓർമ്മയ്ക്കു മുന്നിൽ ഞങ്ങളുടെ സ്നേഹം നിറഞ്ഞ ആദരാഞ്ജലികൾ.

അന്വേഷി & സംഘടിത ടീം



# തന്റേതായൊരു സൈബർ ഇടം



അഞ്ജലി

അവഗണിക്കപ്പെടുന്ന സ്ത്രീസമൂഹത്തിന്റെ ശക്തമായ പ്രതികരണം ഏറ്റവും കൂടുതൽ ആവിഷ്ക്കരിക്കുന്ന മാധ്യമം എന്ന നിലയിലും അതോടൊപ്പം സ്ത്രീ ചൂഷണവിധേയമായി ചിത്രീകരിക്കപ്പെടുന്ന മാധ്യമങ്ങളിൽ പ്രഥമഗണനീയമായ സ്ഥാനവും ഇന്ന് സോഷ്യൽമീഡിയ കയ്യടക്കിയിരിക്കുന്നു. പ്രധാനമായും പുരുഷമേൽക്കോയ്മക്കെതിരെ മത്സരിക്കുന്ന, അല്ലെങ്കിൽ സ്ത്രീമേധാവിത്വം ആവിഷ്ക്കരിക്കുന്ന പെണ്ണെഴുത്തുകളെക്കാളുപരി പുരുഷസ്ത്രീ സമത്വത്തിനുവേണ്ടിയുള്ള എഴുത്തുകളാണ് ഫെയ്സ്ബുക്ക് പോലുള്ള മാധ്യമങ്ങളിൽ കൂടുതലായി ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളത്.

സ്ത്രീപ്രശ്നങ്ങളെ ഏറ്റവും കൂടുതൽ അവതരിപ്പിക്കുന്ന മാധ്യമം എന്ന നിലയിൽ ഫെയ്സ്ബുക്ക് ശക്തമാണ്. അതോടൊപ്പം തന്നെ പ്രധാനപ്പെട്ട വസ്തുത, സമൂഹത്തിന്റെ അടിത്തട്ടിൽ ചൂഷണത്തിനും അവഗണനകൾക്കും വിധേയമാകുന്ന സ്ത്രീസമൂഹം ഇത്തരത്തിലുള്ള സോഷ്യൽമീഡിയകളുടെ ഉപഭോക്താക്കൾ അല്ല എന്നുള്ളതാണ്. മൂന്നാറിലെ സ്ത്രീത്തൊഴിലാളിസമരത്തെ ഒരു പരിധിവരെ വിജയത്തിലെത്തി

**മൂന്നാറിലെ സ്ത്രീതൊഴിലാളികളുടെ സമരം, പെരുമ്പാവൂരിലെ ജിഷാവധക്കേസിലെ പ്രതിയെ കണ്ടെത്തുവാനുള്ള ഫെയ്സ് ബുക്കിലൂടെയുള്ള പോരാട്ടം, രാഷ്ട്രീയ ചൂഷണങ്ങൾക്കെതിരെയുള്ള എഴുത്തുകൾ,എന്നിവയെല്ലാം ഏറ്റവും ശക്തമായി ആവിഷ്കരിച്ചിരിക്കുന്ന മാധ്യമം എന്ന നിലയിൽ സോഷ്യൽമീഡിയ ശക്തമാകുമ്പോഴും, സ്ത്രീ ചൂഷണവിധേയമാകുന്ന തരത്തിലുള്ള സെൻസേഷണൽ എഴുത്തുകളും ശക്തമാകുന്നുണ്ട്.**



ക്കാൻ സാധിച്ചത് സോഷ്യൽമീഡിയായുടെ പൂർണമായ പിന്തുണയിലൂടെയും, സമൂഹമനഃസാക്ഷിയുടെ ഇത്തരത്തിലുള്ള മാധ്യമങ്ങളിലെ ഇടപെടലുകളിലൂടെയുമാണ്. എന്നാൽ ശ്രദ്ധാപ്രധാനമായ വസ്തുത ഈ തൊഴിലാളികളിൽ ഭൂരിഭാഗവും ഫെയ്സ് ബുക്ക് ഉപയോഗിക്കാത്തവരും ഇ മാധ്യമത്തെക്കുറിച്ച് ധാരണ ഇല്ലാത്തവരുമാണ്. ഇവരുടെ അനുഭവങ്ങൾ അറിയുകയും കണ്ട് മനസിലാക്കുകയും ചെയ്തവരുടെ ആവിഷ്ക്കരണം മാത്രമാണ് മുഖപുസ്തക എഴുത്തുകളിൽ സംഭവിക്കുന്നുള്ളൂ എന്നതും പരമപ്രദാനമാണ്.

മൂന്നാറിലെ സ്ത്രീതൊഴിലാളികളുടെ സമരം, പെരുമ്പാവൂരിലെ ജിഷാവധക്കേസിലെ പ്രതിയെ കണ്ടെത്തുവാനുള്ള ഫെയ്സ് ബുക്കിലൂടെയുള്ള പോരാട്ടം, രാഷ്ട്രീയ ചൂഷണങ്ങൾക്കെതിരെയുള്ള എഴുത്തുകൾ,എന്നിവയെല്ലാം ഏറ്റവും ശക്തമായി ആവിഷ്കരിച്ചിരിക്കുന്ന മാധ്യമം എന്ന നിലയിൽ സോഷ്യൽമീഡിയ ശക്തമാകുമ്പോഴും, സ്ത്രീ ചൂഷണവിധേയമാകുന്ന തരത്തിലുള്ള സെൻസേഷണൽ എഴുത്തുകളും ശക്തമാകുന്നുണ്ട്. എഴുത്തിനും കാഴ്ചക്കും ഒരുപോലെ പ്രധാന്യം നൽകുന്ന ഫെയ്സ് ബുക്ക്, സ്ത്രീചിത്രീകരണത്തെ വാർത്താപ്രചരണത്തിനു വേണ്ടിയുള്ള ഒരു ഉപാധിയാക്കുകയും ചെയ്യുന്നുണ്ട്. ഇവിടെ കാണപ്പെടുന്ന വ്യാജപ്രൊഫൈലുകളിൽ ഭൂരിഭാഗവും സ്ത്രീകളുടെ പേരുകളിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന



താണ് എന്നുള്ളത് പ്രധാനപ്പട്ട ഒന്നാണ്. ഇത്തര ത്തിലുള്ള പ്രൊഫൈലുകളിലൂടെ വരുന്ന അശ്ലീല സന്ദേശങ്ങൾ ആസ്വദിക്കപ്പെടുമ്പോൾ ചൂഷണ വി ധേയമാകുന്നത് സ്ത്രീസമൂഹം മുഴുവനുമാണ്. അ തോടൊപ്പം അമ്മ, ഭാര്യ, മ കൾ എന്നിവക്ക് സമൂഹം കൽ പ്പിച്ചു നൽകിയിരിക്കുന്ന ചട്ട ക്കൂടുകളെ അനുകൂലിച്ചും പ്ര തികൂലിച്ചുമുള്ള വാഗ്വാദങ്ങൾ ക്കും ചർച്ചകൾക്കും ഫെയ്സ് ബുക്ക് ഗ്രൂപ്പുകൾ മുഖ്യവേദി യായി മാറുന്നുണ്ട്. പുറംലോ കത്തിന്റെ കാഴ്ചകൾ വിലക്ക പ്പെട്ട ഒരു വിഭാഗം സ്ത്രീജന ങ്ങൾക്ക് തങ്ങളുടെ ശക്തമായ വീക്ഷണങ്ങളുടെ ആധിപത്യം ഉറപ്പിക്കുവാൻ സാധിക്കുന്ന ഒ രു സ്വതന്ത്രമേഖലയായും ഇ ത്തരത്തിലുള്ള വേദികൾ ഉപ യോഗപ്പെടുന്നുണ്ട്. സാമൂഹ്യ പ്രശ്നങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങളും നിരീ ക്ഷണങ്ങളും അവതരിപ്പിക്കുന്നതുവഴി അവൾ ത ന്റെ ഇടത്തെ സ്വതന്ത്രവൽക്കരിക്കുന്നു.

ഫെയ്സ്ബുക്ക് പോലെ തന്നെ ബ്ലോഗുകളിലും



**അമ്മ, ഭാര്യ, മകൾ എന്നിവക്ക് സമൂഹം കൽപ്പിച്ചു നൽകിയിരിക്കുന്ന ചട്ടക്കൂടുകളെ അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള വാഗ്വാദങ്ങൾക്കും ചർച്ചകൾക്കും ഫെയ്സ്ബുക്ക് ഗ്രൂപ്പുകൾ മുഖ്യവേദിയായി മാറുന്നുണ്ട്. പുറംലോകത്തിന്റെ കാഴ്ചകൾ വിലക്കപ്പെട്ട ഒരു വിഭാഗം സ്ത്രീജനങ്ങൾക്ക് തങ്ങളുടെ ശക്തമായ വീക്ഷണങ്ങളുടെ ആധിപത്യം ഉറപ്പിക്കുവാൻ സാധിക്കുന്ന ഒരു സ്വതന്ത്രമേഖലയായും ഇത്തരത്തിലുള്ള വേദികൾ ഉപയോഗപ്പെടുന്നുണ്ട്.**



മറ്റ് നെറ്റ്‌വർക്കിംഗ് മേഖലകളിലുമെല്ലാം തന്നെ സ്ത്രീ എഴുത്തുകൾ ധാരാളമാണ്. അവരുടെ മാനസികഭാവങ്ങളെയും വേദനകളെയും ആശയങ്ങളെയും, പ്രതീക്ഷകളെയുമെല്ലാം ആവിഷ്കരിക്കുന്ന കവിതകളും, എഴുത്തുകളും ബ്ലോഗിൽ അനവധിയാണ്. സോഷ്യൽമീഡിയ നൽകുന്ന ഇത്തരം സാധ്യതകളിൽ തങ്ങളുടേതായ ഇടം കണ്ടെത്തുവാനും ഇത്തരത്തിൽ ചിലർക്ക് സാധിച്ചിട്ടുണ്ട് എന്നുള്ളത് ഫെയ്സ്ബുക്ക് പോലുള്ള മാധ്യമങ്ങളുടെ സവിശേഷതയാണ്.

ഏതൊരു ഉത്പന്നത്തിന്റെയും പരസ്യത്തെ ജനപ്രിയമാക്കുന്നത് അതിലെ സ്ത്രീസാന്നിധ്യമാണ്. സോഷ്യൽമീഡിയകൾ ഏറ്റവും കൂടുതൽ ആഘോഷിക്കുന്നതും ഇത്തരം സ്ത്രീ കഥാപാത്രങ്ങളെയാണ്. അവരുടെ വസ്ത്രധാരണരീതി, ഉപയോഗിക്കുന്ന സൗന്ദര്യവർദ്ധക വസ്തുക്കൾ, അവരുടെ സംഭാഷണം എന്നിവയെല്ലാം ഏറ്റവും കൂടുതൽ ആകർഷിക്കുന്നതും സ്ത്രീകളെയാണ്. ഫെയ്സ്ബുക്ക് വഴിയെല്ലാമുള്ള ഓൺലൈൻ ഷോപ്പിംഗ് വർദ്ധിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ ഇത്തരത്തിലുള്ള അവതരണ ശൈലിയിലൂടെ കച്ചവടതന്ത്രം ആവിഷ്കരിക്കുന്ന പുത്തൻ രീതിയും ഇന്ന് സോഷ്യൽ മീഡിയവഴി ശക്തമാണ്. ഈ വിപണനതന്ത്രവും സ്ത്രീസമൂഹത്തെ ലക്ഷ്യം വെച്ചുകൊണ്ടുള്ളതാണ് എന്നതിൽ അതിശയോക്തി ഇല്ലല്ലോ.

**ഏതൊരു ഉത്പന്നത്തിന്റെയും പരസ്യത്തെ ജനപ്രിയമാക്കുന്നത് അതിലെ സ്ത്രീ സാന്നിധ്യമാണ്. സോഷ്യൽമീഡിയകൾ ഏറ്റവും കൂടുതൽ ആഘോഷിക്കുന്നതും ഇത്തരം സ്ത്രീ കഥാപാത്രങ്ങളെയാണ്. അവരുടെ വസ്ത്രധാരണരീതി, ഉപയോഗിക്കുന്ന സൗന്ദര്യവർദ്ധക വസ്തുക്കൾ, അവരുടെ സംഭാഷണം എന്നിവയെല്ലാം ഏറ്റവും കൂടുതൽ ആകർഷിക്കുന്നതും സ്ത്രീകളെയാണ്.**



സ്ത്രീയെ അവതരിപ്പിക്കുന്ന രീതിയിലുള്ള വൈവിധ്യവും ശ്രദ്ധാർഹമാണ്. മുടിയിൽ തുളസി തിരുകി തൊഴുതു നിൽക്കുന്ന പെണ്ണിന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്ന എഴുത്തുകൾ, വേദന സഹിച്ച് ജീവിക്കുന്ന അമ്മ സ്ഥാനങ്ങളെ ബഹുമാനിക്കുന്നു. മറുവശത്ത് അങ്ങേയറ്റം തരംതാഴ്ത്തിയുള്ള 'അബലനിർമ്മാണങ്ങൾ'. വാർത്തകളിലെ സത്യസന്ധത മനസിലാക്കാതെയുള്ള സ്ത്രീയെ വലിച്ചു കീറുന്ന എഴുത്തുകൾ ധാരാളമായി കാണുന്ന ഇടമായും ഇത്തരം വേദികൾ മാറുന്നുണ്ട് എന്നതും യാഥാർത്ഥ്യമാണ്. 'ഹൗ ഓൾഡ് ആർ യു' എന്ന ചിത്രത്തിൽ മഞ്ജു വാര്യരുടെ കഥാപാത്രത്തിന്റെ അനുഭവങ്ങളും ഇതിനോട് കൂട്ടി വായിക്കാം.

**ആൺഎഴുത്തുകളും സ്വത്വനിർമ്മിതിയും കേന്ദ്രസ്ഥാനത്തും പെൺഎഴുത്തും വിപണിയും കർമ്മസ്ഥാനത്തും സ്ഥാപിച്ചിട്ടുള്ള എഴുത്തുകളെയാണ് സോഷ്യൽ മീഡിയയിൽ ഇന്നും ധാരാളമായി കണ്ടു വരുന്നത്.**

ആൺഎഴുത്തുകളും സ്വത്വനിർമ്മിതിയും കേന്ദ്രസ്ഥാനത്തും പെൺഎഴുത്തും വിപണിയും കർമ്മസ്ഥാനത്തും സ്ഥാപിച്ചിട്ടുള്ള എഴുത്തുകളാണ് സോഷ്യൽ മീഡിയയിൽ ഇന്നും ധാരാളമായി കണ്ടു വരുന്നത്. സ്ത്രീശരീര, ജീവിതബന്ധിയായുള്ള അവതരണങ്ങൾക്ക് ഫെയ്സ്ബുക്കിൽ പ്രാധാന്യം ലഭിക്കുന്നത് ഇതിന്റെ ഉത്തമ ഉദാഹരണമാണ്.

സ്വന്തം ജീവിതാവബോധത്തെക്കുറിച്ചുള്ള സ്ത്രീകളുടെ ധാരണയെത്തന്നെ ബാധിക്കുന്ന തരത്തിലുള്ള അവതരണശൈലികൾ സംസ്ക്കാരത്തിന്റെ അധഃപതനത്തെ ചൂണ്ടിക്കാണിക്കുന്നു. ടെലിവിഷൻ, റേഡിയോ, പത്രം പോലുള്ള മാധ്യമങ്ങളിൽ ആവിഷ്കരിക്കുന്ന സ്ത്രീയുടെ മനോദൗർബല്യങ്ങളെയും അവഹേളനപരമായ അവതരണങ്ങളെയും കണ്ടിരിക്കുവാൻ മാത്രം സാധിച്ചിരുന്ന സാഹചര്യത്തിൽ സോഷ്യൽമീഡിയ നൽകുന്ന പ്രതികരണാത്മകമായ പശ്ചാത്തലം വളരെ പ്രധാനമാണ്. ഇത്തരത്തിൽ സ്ത്രീചൂഷണങ്ങൾക്കെതിരെ ശബ്ദിക്കാനുള്ള ഒരിടം കൂടി സൈബർസ്പെയ്സ് നൽകുന്നുണ്ട് എന്നുള്ളത് ശ്രദ്ധാർഹമാണ്. ചൂഷണ വിധേയമാകുന്ന സ്ത്രീക്ക് അവളുടെ തുറന്നെഴുതലുകൾക്ക് ആവശ്യമായ ഇടം പ്രദാനം ചെയ്യുന്നതോടൊപ്പം സാമൂഹ്യ ഇടപെടലുകളിൽ സോഷ്യൽ മീഡിയ നൽകുന്ന അനന്തമായ സ്വാതന്ത്ര്യം സ്ത്രീപ്രശ്നങ്ങളെ ഒരു പരിധി വരെ പരിഹരിക്കാൻ കഴിയുമെന്നതും ഇതിനൊടൊപ്പം കൂട്ടി വായിക്കാവുന്നതാണ്. വിമർശനങ്ങൾ നിലനിൽക്കുമ്പോൾ തന്നെ സോഷ്യൽമീഡിയ രൂപപ്പെടുത്തുന്ന സ്ത്രീ, രാഷ്ട്രീയ വീക്ഷണങ്ങളും സമാന്തരസംവാദവേദിയും വളരെയധികം പ്രാധാന്യമർഹിക്കുന്നു. അക്ഷരങ്ങൾ സൃഷ്ടിക്കുന്ന വിപ്ലവങ്ങളാണ് ഇന്ന് ലോകം ശ്രദ്ധിക്കുന്നത്. സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ സ്ത്രീചൂഷണങ്ങൾക്കെതിരെ പടപൊരുതുന്നുണ്ട്. സമൂഹത്തെ ഒറ്റക്കെട്ടായി അണിനിരത്തുവാൻ ഇത്തരം മീഡിയകൾക്ക് കഴിയുന്നുണ്ട് എന്നത് ശ്രദ്ധാർഹമാണ്. ഇത്തരത്തിലുള്ള സംവാദങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സ്ത്രീയെയും അവളുടെ ജീവിതാവസ്ഥകളെയും ശരിയായി വിലയിരുത്തുകയാണ് ചെയ്യേണ്ടത്.

സ്വതന്ത്ര ചിന്തകളുടെ വേദിയിൽ സ്ത്രീകൾ സൃഷ്ടിക്കുന്ന പ്രതിഷേധങ്ങളും ആത്മനൊമ്പരങ്ങളും സംഘർഷങ്ങളുമെല്ലാം സൈബർ ഇടത്തിൽ ആവിഷ്ക്കരിക്കപ്പെടുമ്പോൾ സ്ത്രീയുടെ സർഗാത്മക പരിസരവും മനോഹരമായിത്തീരുന്നു. അവളുടെ ഭാവനകൾക്ക് അതിർവരമ്പിടുന്ന എല്ലാ ശക്തികളെയും പിഴുതെറിയാനുള്ള കരുത്താണ് സോഷ്യൽ മീഡിയ നൽകുന്ന സൈബർസ്പെയ്സ്. സ്ത്രീപങ്കാളിത്തം, ഇടപെടൽ, സ്ത്രീപരിഷ്കരണം എന്നിവയിലൂടെ സ്ത്രീയുടെ ഉന്നമനത്തിനും സാമൂഹ്യ സ്വാധീനം ഉറപ്പാക്കുവാനും സോഷ്യൽ മീഡിയകൾക്ക് സാധിച്ചു എന്നു പറയുന്നതിനോടൊപ്പം തന്നെ വർദ്ധിച്ചു വരുന്ന സ്ത്രീ ചൂഷണങ്ങൾക്ക് ഒരു വേദിയായും ഇതിനെ ഉപയോഗപ്പെടുത്തുന്നുണ്ട് എന്നത് അത്യധികം വേദനാജനകമായ അവസ്ഥയാണ്. ഇത്തരം ചൂഷണങ്ങൾക്കെതിരെ ഒറ്റക്കെട്ടായി നിൽക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ് ഉത്തരാധുനിക സമൂഹത്തിൽ എന്നതും വ്യക്തം. ●






## ആദരാഞ്ജലി

### വീണ സഹസ്രബുദ്ധെ

ഹിന്ദുസ്ഥാനിസംഗീതലോകത്ത് നികത്താനാവാത്ത നാദശൂന്യതകൾ അവശേഷിപ്പിച്ച് വീണ സഹസ്രബുദ്ധ യാത്രയായി. ഗ്വാളിയർ ഘരാനയുടെ അതുല്യ ആവിഷ്കർത്താവായിരുന്നു അവർ.



# നവമാധ്യമങ്ങളിലെ പെണ്ണിടങ്ങൾ



ആദില കബീർ



നവമാധ്യമങ്ങളുടെ എണ്ണമറ്റ പട്ടികയിൽ ജനപ്രിയവും സർവ്വവ്യാപിയുമായ ജനാധിപത്യപരം എന്ന് പൊതുവിൽ കരുതപ്പെടുന്ന ബിഗ്ബ്രദറാണ് ഫേസ്ബുക്ക്. സ്മാർട്ട്ഫോണുകളുടെ കൂട്ടുകെട്ട് കൂടിയായപ്പോൾ ലോകം കൂടെക്കൊണ്ട് നടക്കാൻ കഴിയുന്ന തരത്തിലാണ് കാര്യങ്ങൾ. ഒരു പക്ഷേ ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തേക്കാളേറെയും. വൈകാരികവിക്ഷോഭങ്ങൾ പുറത്തെടുക്കാൻ ജനങ്ങൾ ഫേസ്ബുക്ക് എന്ന മാധ്യമമുപയോഗിക്കുന്നത് കേരളത്തിലാണ്. നിമിഷംപ്രതി അപ്ഡേറ്റു ചെയ്യപ്പെടുന്ന നമ്മുടെ ചലനങ്ങൾ ലൈക്കിനും, കമന്റിനും, ഷെയറിനും വേണ്ടി ചടുലമാക്കുന്ന നവ



മാധ്യമങ്ങൾക്കായ് ജീവിതം ചിട്ടപ്പെടുത്തിയ ഒരു വലിയ സമൂഹമാണ് ചുറ്റുമുള്ളത്. ചർച്ച ചെയ്യപ്പെടുന്നതും വിവാദമാക്കപ്പെടുന്നതും വിശകലനം ചെയ്യുന്നതും ചുറ്റുപാടുകളായതിനാൽ, സമൂഹത്തിന്റെ നേർചിത്രങ്ങളെ സെൻസർ ചെയ്യാതെ ലഭിക്കുന്ന വലിയൊരു ആശയ വിനിമയകേന്ദ്രം കൂടിയാണിവിടം. സ്വന്തമായൊരു മൊബൈൽ നമ്പറോ, ഇമെയിൽ ഐഡിയോ അവകാശം പറയാനുള്ളവർക്കാർക്കും അനായാസം കൈകാര്യം ചെയ്യാവുന്ന ലളിതമായ സാങ്കേതികത മാത്രമുള്ളൊരു ലോകം. നിസ്സംശയം പറയാം. മലയാളി സമൂഹത്തിന്റെ വിർചൽ മുഖമാണ് ഫേസ്ബുക്ക്.

കേരളസമൂഹത്തെ സങ്കീർണമാക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണോ അതൊക്കെതന്നെയാണ് അവിടെയും നിലനിൽക്കുന്നത്. പ്രത്യേകിച്ച് സമകാലികസാഹചര്യത്തിൽ ജാതിയും മതവും രാഷ്ട്രീയവും മതരാഷ്ട്രീയവും ഇതിന്റെയൊക്കെ തായ്‌വേരായ പുരുഷാധിപത്യവും കൂടി നിർണയിക്കുന്ന നിയമാവലിക്കുള്ളിലാണ് കാര്യങ്ങൾ. 52% സംവരണമുള്ള സ്ത്രീകൾക്ക് ഇതിനിടയിലെവിടെയാണ് സ്ഥാനമുള്ളത്?

യഥാർത്ഥ സമൂഹം കടമപ്പെടുത്തിയ പാചകം, അടുക്കള, വിവാഹം, വസ്ത്രം, ഗോസിപ്പ് തുടങ്ങിയ കുത്തക അവകാശങ്ങൾ മുറതെറ്റാതെ ചെയ്തുതീർക്കുന്ന വലിയൊരു ശതമാനം അനുസരണശീ

**കേരളസമൂഹത്തെ സങ്കീർണമാക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണോ അതൊക്കെതന്നെയാണ് അവിടെയും നിലനിൽക്കുന്നത്. പ്രത്യേകിച്ച് സമകാലികസാഹചര്യത്തിൽ ജാതിയും മതവും രാഷ്ട്രീയവും മതരാഷ്ട്രീയവും ഇതിന്റെയൊക്കെ തായ്‌വേരായ പുരുഷാധിപത്യവും കൂടി നിർണയിക്കുന്ന നിയമാവലിക്കുള്ളിലാണ് കാര്യങ്ങൾ 52% സംവരണമുള്ള സ്ത്രീകൾക്ക് ഇതിനിടയിലെവിടെയാണ് സ്ഥാനമുള്ളത്?**



ലരായ വനിതാരത്നങ്ങൾ ഫേസ്ബുക്കിലുണ്ട്. രാവിലെയും ഉച്ചയ്ക്കും രാത്രിയിലും അടുക്കളയിലുണ്ടാക്കിയ വിഭവങ്ങളുടെ ഫോട്ടോയടക്കം പോസ്റ്റ് ചെയ്യാൻ ഓരോ ദിവസവുമിവർ മല്ലടിക്കും. പുതിയ സാരി, ഏറ്റവുമൊടുവിൽ വിപണിയിലെത്തി തരംഗമായ ആഭരണങ്ങൾ, അവസാനമെന്നാണ് കാവ്യാമാധവനും ദിലീപും കണ്ടുമുട്ടിയത് തുടങ്ങി അനേകം കാര്യങ്ങൾ ഇവരുടെ ചുമരുകൾക്ക് പറയാനുണ്ടാകും. ചിലർ, നിശബ്ദരാണ്. മുൻസിപ്പാലിറ്റി വക റോഡു പോലെ ആരുടെ എഴുത്തും, ഏത് ഫ്രീക്കൻ പോസുകളും ടാക് ചെയ്ത് വിജയിപ്പിക്കാൻ അവ സദാസന്നദ്ധമാണ്. ഇവരുടെ പ്രൊഫൈൽ ചിത്രങ്ങളിൽ ഏറിയ പങ്കും പൂക്കളോ, ശലഭങ്ങളോ വെളുത്ത് ചുമന്ന സായിപ്പ് കുഞ്ഞുങ്ങളോ, നസ്റിയ നസീമോ, മലരോ നിലവിലെ സാഹചര്യത്തിൽ കാഞ്ചനമാലയോ ആകാം. പിന്നെയും ധൈര്യശാലികൾ 50ം വയസ്സിലെ ഓർമ്മചിത്രങ്ങളും കടന്ന കൈ എന്ന നിലയിൽ നിലവിലെ കുടുംബചിത്രമോ അപ്ലോഡ് ചെയ്തേക്കാം. സുഹൃത്തുക്കൾക്കിടയിൽ (ആൺസുഹൃത്തുക്കൾ) ഇവർ നിഷ്കളങ്കരും, നന്മനിറഞ്ഞവരും, സൽസ്വഭാവികളും, പെങ്ങന്മാരുമായ് നിലകൊള്ളും. സുഹൃത്തുകളുടെ ഗംഭീരൻ പോസ്റ്റുകൾക്ക് സ്മൈലി കൊണ്ട് അഭിപ്രായ പ്രകടനം നടത്തി ഗൂഢമായ ആനന്ദം നേടുകയെന്നതാണ് ഇവർക്കുള്ള അവസാനവാക്ക്. ഇതിലപ്പുറം നവമാധ്യമത്തിന് തന്നെക്കൊണ്ടോ, നവമാധ്യമസാധ്യതകൊണ്ട് തനിക്കോ ലഭിക്കാവുന്ന സാധ്യതകളെ ഇവർ കാണാറില്ല. മനപൂർവ്വമല്ല! കണ്ടീഷൻ ചെയ്യപ്പെട്ട ഹൃദയങ്ങളാണവരുടേത്.

ഫേസ്ബുക്ക് ഉപയോഗത്തിനുള്ള പ്രായപരിധി പതിനെട്ട് എന്ന് കൽപിക്കപ്പെട്ടിരിക്കുന്നുവെങ്കിലും പ്രയോഗത്തിൽ ഹൈസ്ക്കൂൾ തലം മുതൽ കുട്ടികൾ മുഖപുസ്തകത്തിന് മുന്നിലിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. കൗതുകത്തിന്റെ പുറത്താണെങ്കിലും ആ കാലം മുതൽക്കു തന്നെ നിഷേധിക്കപ്പെടുന്ന ഒരാവശ്യബോധം അതിനു പിന്നിലുണ്ട്. ആൺകുട്ടികൾ എങ്ങനെയും ഒരക്കൗണ്ട് ആരംഭിക്കുമ്പോൾ നൂറുനൂറുസമ്മതങ്ങൾക്ക് കാത്ത് കഴിയുകയാകും പെൺകൂട്ടങ്ങൾ. ഈ നിലപാടിന് കൗമാരത്തിലും, യൗവ്വനത്തിലും മധ്യവയസ്സിലും പോലും വ്യത്യാസങ്ങളില്ലായെന്നുള്ളതാണ് കാര്യം. അച്ഛനോട്, ആങ്ങളയോട്, ആൺസുഹൃത്തിനോട്, കാമു

**മാനസികമായി കൊല്ലപ്പെടുന്നവരാണ് കേരളസ്ത്രീകൾ. ഫേസ്ബുക്ക് ലോകത്തിലെത്തിയപ്പോൾ ഒരു പടികൂടി കടന്ന് വിർച്ചൽ കൊലപാതകങ്ങൾ കൂടിയായി. പൊതുബോധത്തിന്റെ ഇടുങ്ങിയവഴിയിൽ നിന്ന് മാറി സഞ്ചരിക്കുന്ന എല്ലാ കാഴ്ചപ്പാടുകളെയും ആൺകരുത്ത് ഒറ്റക്കെട്ടായി നിന്ന് ഹേറ്റ് പേജുകൾ നിർമ്മിച്ച് ബലാത്സംഗം ചെയ്ത് കൊല്ലുന്നു.**



കനോട്, ഭർത്താവിനോട്... അനുവാദം വാങ്ങിയിട്ടല്ലാതെ, പാസ്‌വേഡ് കൈമാറിയിട്ടല്ലാതെ സ്വന്തമായൊരിടം മെനയാൻ പെണ്ണിനവകാശമില്ല. കടന്നുകഴിഞ്ഞാലോ ആരൊക്കെയാകണം സുഹൃത്തുക്കൾ എന്തൊക്കെയാകണം ഇഷ്ടങ്ങൾ എന്തുപറയണം തുടങ്ങി തീരുമാനങ്ങളെടുക്കാൻ തലപ്പത്തെപ്പോഴും ആളുതന്നെ. നിലപാടുകൾ വ്യക്തമാക്കുന്നവർ കയറൂരിവിട്ട കാളകളാണെന്നും ചോദിക്കാനും പറയാനും അധികാരമുള്ളവർ വേറെയുണ്ടെന്നുമുള്ള ഭാവങ്ങൾ. പോസ്റ്റുകൾക്ക് കാവലുകിടക്കാനും കമന്റിനു കീഴിൽ കടിപിടികൂടാനും വഴിതെറ്റിയാൽ വസ്ത്രം മാറിയാൽ നേർവഴിക്കുപദേശിച്ച് നന്നാക്കാനും നിറയെ അഭ്യുദയകാംക്ഷികളാണ്.

ഭീഷണിയുടേയും, ലൈംഗികതയുടേയും കുടുംബമാഹാത്മ്യത്തിന്റേയും ദിശാസൂചികൾ വീട്ടിലും നാട്ടിലുമുണ്ടാകും. പച്ചകത്തുന്ന ചാറ്റ്ബോക്സുകളെല്ലാം ഓൺലൈൻ വേശ്യാലയങ്ങളാണെന്ന ഭാവത്തിൽ ഉപദേശകരും ഉപഭോക്താക്കളും ക്യൂ ഉണ്ടാകും. പരാതികൾക്ക് പൊതുസമൂഹത്തിൽ സ്ഥാനമില്ലല്ലോ. പെണ്ണൊതുങ്ങണം. ആണുങ്ങളായാൽ അങ്ങനെയൊക്കെ  പറഞ്ഞെന്നിരിക്കും!

എന്നാൽ ചെളിക്കുണ്ടിലും മാണിക്യം തിരയുന്നവരാണ് മനുഷ്യൻ. വീട്ടിലും നാട്ടിലും തൊഴിലിടത്തിലും ലഭിക്കാത്ത തന്റെ വ്യക്തിത്വത്തിനുള്ള അംഗീകാരത്തെ വിശാലമായ ഒരു പ്ലാറ്റ്ഫോമിൽ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് സ്ത്രീകൾ ചിന്തിച്ചു തുടങ്ങി. മതരാഷ്ട്രീയബോധത്തേയും സാംസ്ക്കാരിക മോൾഡുകളെയും പെൺസങ്കല്പങ്ങളെയും മലയാളിപ്പെണ്ണിന്റെ മൗനത്തെയും വെല്ലുവിളിച്ചുകൊണ്ട് ബ്ലോഗുലോകത്തിൽ നിന്നും ചിലർ ഫേസ്ബുക്കെന്ന വിശാലമായ ചക്രവാളത്തിലേക്ക് താമസം മാറി. തന്നെ അടയാളപ്പെടുത്തുക, പലകോണിൽ നടക്കുന്ന മാറ്റത്തിന്റെ അലയൊലികൾ കൃത്യനേരത്തറിയുക, ലോകവിവരമില്ലാത്തവൾ എന്ന ആക്ഷേപത്തിൽ നിന്ന് പുറത്തുകടക്കുക. ഇത്രയൊക്കെയാവശ്യമേ ഉണ്ടായിരുന്നുള്ളൂ ആദ്യഘട്ടങ്ങളിൽ.

പിന്നീട് പെണ്ണിന് സമൂഹമൊരുക്കിക്കൊടുത്ത ലജ്ജയുടേയും സ്വകാര്യതയുടേതുമായ വലിയ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞുകൊണ്ട് കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ 'പെൺസ്വകാര്യതയുടെ' ഉള്ളറകളായി. പ്രതികരിച്ചവരുടേയും ഇൻബോക്സിൽ അശ്ലീലങ്ങളാവർത്തിച്ചവരുടേയും പകൽമാന്യമുഖങ്ങൾ ചുമരിൽ സധൈര്യമൊട്ടിച്ച് പ്രദർശിപ്പിച്ചു. കേരളസമൂഹത്തിലെ സ്ത്രീ അശ്ലീലത്തേയും തേജോവധത്തേയും വ്യക്തിഹത്യയേയും പേടിച്ചൊതുങ്ങിക്കൂടിയ കാലമതിക്രമിച്ചു എന്ന മുന്നറിയിപ്പോടെ ഉയർത്തെഴുന്നേൽപ്പുകളുടെ ആരവം തന്നെയുണ്ടായി. ലൈക്ക് കൊണ്ടു പോലും ഒരു വിപ്ലവാത്മകപോസ്റ്റിനെ പിന്തുണക്കാൻ ഭയന്ന പെണ്ണക്കൗണ്ടുകൾ, വിപ്ലവം തുടങ്ങിവെച്ചും തുടർന്നും ഡിജിറ്റൽ ലോകത്തിലെ കൗതുകക്കാഴ്ചയായി.

മാനസികമായി കൊല്ലപ്പെടുന്നവരാണ് കേരളസ്ത്രീകൾ. ഫേസ്ബുക്ക് ലോകത്തിലെത്തിയപ്പോൾ ഒരു പടി കൂടി കടന്ന് വിർചൽ കൊലപാതകങ്ങൾ കൂടിയായി. പൊതുബോധത്തിന്റെ ഇടുങ്ങിയവഴിയിൽ നിന്ന് മാറി സഞ്ചരിക്കുന്ന എല്ലാ കാഴ്ചപ്പാടുകളെയും ആൺകരുത്ത് ഒറ്റക്കെട്ടായി നിന്ന് ഹേറ്റ് പേജുകൾ നിർമ്മിച്ച് ബലാത്സംഗം ചെയ്ത് കൊല്ലുന്നു. പെണ്ണിനെയും അവൾക്കു ചുറ്റും കറങ്ങുന്ന കുടുംബത്തെയും സുഹൃത്തുക്കളെയും കുഞ്ഞുങ്ങളെയും കൂടി ഉൾപ്പെടുത്തി വ്യക്തിഹത്യയുടെ എല്ലാ അതിരുകളും ലംഘിക്കുന്നു. ഉത്തമ ഉദാഹരണമാണ് ആക്ടിവിസ്റ്റായ പ്രീത ജി.പി.യുടേത്. അബ്ദുൽകലാമിന്റെ മരണത്തിനു പിന്നാലെ അവർ

**പകൽമാന്യതയുടേയും സമൂഹത്തിലെ കറകളഞ്ഞ നന്മയുടേയും പ്രതീകങ്ങൾ തങ്ങളുടെ ആൺബോധത്തിന്റെ അഴുക്ക് കൊണ്ട് ചാറ്റ്ബോക്സുകളിൽ തത്സ്വരൂപം കാണിക്കുന്നു. പെണ്ണ് ചാടിയാൽ മുട്ടോളം, പിന്നെ ചട്ടിയോളമെന്ന ധാരണയിലാണ് അസഭ്യം കൊണ്ട് തറപറ്റിക്കലുമായി പലരും രംഗത്തെത്തുന്നത്. അത് വകവെക്കാതെ പോകുന്നവരോടുള്ള വെറുപ്പ്, വെറുതേ ചിലക്കുന്ന വധഭീഷണിവരെയെത്തുന്നു.**

ഫേസ്ബുക്കിൽ രേഖപ്പെടുത്തിയ വള്ളിക്കാവിലെ ഫ്രോഡിനെ സപ്പോർട്ട് ചെയ്ത ആൾ എങ്ങനെ മഹാനായ ശാസ്ത്രജ്ഞനാകും എന്ന ചോദ്യത്തിന് മറുപടിയുണ്ടായത് അശ്ലീലവർഷത്തോടുകൂടിയ നാല് ഹേറ്റ് പേജുകളിലൂടെയാണ്. ഇൻബോക്സ് അശ്ലീല മെസേജുകൾ കൊണ്ട് അഴുക്കുചാലായി. വ്യത്യസ്തമേഖലകളിൽ അഭിരമിക്കുന്ന വനിതകൾ ഇതോടെ ഒറ്റക്കെട്ടായി നിൽക്കുകയും പേജുകൾക്കെതിരെ കൂട്ടായി റിപ്പോർട്ടിംഗ് നടത്തുകയും ചെയ്തു. എന്നാൽ കാഴ്ചയിൽ തന്നെ എല്ലാ അതിരുകളും ലംഘിക്കുന്ന ആ പേജുകൾ തങ്ങളുടെ കമ്മ്യൂണിറ്റി സ്റ്റാന്റേർഡ്സ് ലംഘിക്കുന്നില്ല എന്നുള്ളതായിരുന്നു മറുപടി. സ്റ്റാന്റേർഡുകൾ നിർണയിക്കുന്നതാണെന്ന ചോദ്യം അവിടെ പ്രസക്തമായി. ഇതേ വിഷയത്തിൽ സമാനമായി പ്രതികരിച്ച പുരുഷന്മാർ സുഖമായി തുടരുമ്പോഴാണ് ഇത്രയേറെ മാന

സികസംഘർഷം അവരൊറ്റക്കു നേരിട്ടത്. തെറിവിളിച്ചും അപകീർത്തിപ്പെടുത്തിയും പെണ്ണിനെയൊതുക്കാമെന്ന കേവലധാരണയിൽ ഒരുമ്പെട്ടിറങ്ങിയ മലയാളിയാൺകൂട്ടങ്ങൾ മാത്രമായിരുന്നു അവർ.

കമ്മ്യൂണിറ്റിസ്റ്റാന്റേർഡുകളെ അധികരിച്ച് ഫേസ്ബുക്ക് സ്വയം നൽകുന്ന വിശദീകരണത്തിൽ പതിവുപല്ലവികളായ വ്യക്തിസ്വാതന്ത്ര്യവും സുരക്ഷിതത്വവും സമാധാനപരിപാലനവുമൊക്കെയാണ് കാരണങ്ങൾ നിരത്തിയിട്ടുള്ളത്. നിങ്ങൾക്കസഭ്യമായത് ഞങ്ങൾക്ക് സഭ്യമാകാമെന്നുള്ള മുന്നറിയിപ്പും അവർ നൽകുന്നുണ്ട്. പക്ഷേ ഈ സ്റ്റാൻഡേർഡുകൾ നിർണ്ണയിച്ചിരിക്കുന്നത് ലോകത്തെവിടെയും അടക്കിഭരിക്കുന്ന, അമേരിക്കയേയും നയിക്കുന്ന ആൺബുദ്ധികൾ തന്നെയാണ്. അൽഗരിതങ്ങൾ അളക്കാനുള്ള അളവുപാത്രങ്ങൾ അവരുടെ ആലയിലാണ് നിർമ്മിച്ചിരിക്കുന്നത്. ഇരട്ടത്താപ്പെന്നൊറ്റവാക്യത്തിൽത്തന്നെ അനുമാനിക്കാവുന്നതാണിത്. ഒരേ തെറ്റിന് രണ്ടു നീതി. അതിലൊന്ന് കുറ്റമല്ലാതാവുകയും മറ്റൊന്നു നാടുകടത്തലോ ഭ്രഷ്ടോ പോലെ ഫേസ്ബുക്ക് ലോകത്ത് നിന്നുള്ള പടിയടച്ച് പിണ്ഡം വെക്കലുമാണ്.

കേരളത്തിൽ മധ്യവർഗം പൊതുധാരകൾ കയ്യടക്കിയിരിക്കുന്ന അതേ അളവിൽത്തന്നെ ഫേസ്ബുക്കും കയ്യേറിയിട്ടുണ്ട്. അതുകാരണം തന്നെ, മധ്യവർഗ ഹിപ്പോക്രസിയും അസഹിഷ്ണുതയും ജാഡകളും ഇവിടെയും പ്രതിഫലിക്കുന്നു. പകൽമാന്യതയുടേയും സമൂഹത്തിലെ കറകളഞ്ഞ നന്മയുടേയും പ്രതീകങ്ങൾ തങ്ങളുടെ ആൺബോധത്തിന്റെ അഴുക്കു കൊണ്ട് ചാറ്റ്ബോക്സുകളിൽ തത്സ്വരൂപം കാണിക്കുന്നു. പെണ്ണ് ചാടിയാൽ മുട്ടോളം, പിന്നെ ചട്ടിയോളമെന്ന ധാരണയിലാണ് അസഭ്യം കൊണ്ട് തറപറ്റിക്കലുമായി പലരും രംഗത്തെത്തുന്നത്. അത് വകവെക്കാതെ പോകുന്നവരോടുള്ള വെറുപ്പ്, വെറുതേ ചിലക്കുന്ന വധഭീഷണിവരെയെത്തുന്നു.

അമേരിക്ക ആസ്ഥാനമായി തുടരുന്നൊരു കച്ചവടസ്ഥാപനത്തിന് തങ്ങളുടെ 'പ്രോഡക്ടിനെ' ആഗോളവത്ക്കരണത്തിന്റെ ചന്തയിൽ ജനകീയമാക്കുക എന്നത് മാത്രമാണ് ആവശ്യം. എല്ലാ ഉപയോക്താക്കളും ഒരേ ഭൂഖണ്ഡമോ, രാജ്യമോ, സംസ്ക്കാരമോ അല്ല എന്നുള്ളത് അറിവുള്ള കാര്യം തന്നെയാണ് അവർക്കും. ഇന്ത്യയുടെ വിവിധസംസ്ക്കാരങ്ങളിൽ നിന്നുള്ളവർ ഗ്ലോബൽപട്ടികയിലുൾപ്പെട്ടതെങ്കിലും ന്യൂനപക്ഷമായ തങ്ങളുടെ പ്രാദേശിക ഭാഷയിലാണ് നവമാധ്യമങ്ങളിൽ ആശയവിനിമയം നടത്തുന്നത്. പ്രത്യേകിച്ച് കേരളത്തിൽ! നമ്മുടെ ചിന്താധാരകളെ നിയന്ത്രിക്കുന്ന അതിരുകളും, ശ്ലീലാശ്ലീലബോധങ്ങളും ഇഷ്ടാനിഷ്ടങ്ങളും ക്ഷമയുടെ അവസാന അടരും എവിടെയാണെന്നറിയാൻ 'വരുത്തർക്ക്' എങ്ങനെയാണ് സാധിക്കുക? ആഴ്ചയിൽ ഇരുപത്തിനാല് മണിക്കൂറും സദാസജ്ജരായ ഒരു കൂട്ടം പ്രഗത്ഭരായ ആളുകളാണത്രേ റിപ്പോർട്ടിംഗ് പരിശോധിച്ച് പരിഹാരം കാണാൻ അൽഗരിതങ്ങളുടെ നിയന്ത്രണമേറ്റിരിക്കുന്നത്. അൽഗരിതങ്ങളുടെ അജണ്ടകൾ നിർണ്ണയിക്കുന്ന ആൺകോയ്മകൾ അവിടെത്തന്നെ നഗ്നമാക്കുന്നു.

പ്രാദേശികഭാഷകളിൽ ഫേസ്ബുക്ക് ഉപയോഗിക്കുന്ന പുരോഗമനപക്ഷക്കാരായ അനേകം വിദ്യാസമ്പന്നർ മുഖപുസ്തകത്തിന് മുതൽക്കൂട്ടായുണ്ട്. പാതിയോളം, കാര്യവിവരമുള്ള സ്ത്രീജനങ്ങൾ. ജനപ്രിയവും ജനാധിപത്യപരവുമായി തുടരണമെങ്കിൽ ഫേസ്ബുക്ക് മുൻകൈ എടുക്കേണ്ടത് അതത് ഭാഷകളിലെ റിപ്പോർട്ടിംഗ് പഠിച്ച്, തീരുമാനമെടുക്കാൻ പക്ഷാപാതികളല്ലാത്ത, ഇവർക്ക് ചുമതല നൽകുക എന്നതാണ്. സുതാര്യമാക്കപ്പെടുക എന്നത് കമ്പോളവ്യവസ്ഥിതിയുടെ നിലനിൽപിനാവശ്യമായ സംഗതി കൂടിയാണല്ലോ. മാറ്റമില്ലായ്മയുടെ കടുംപിടുത്തങ്ങൾ സ്വീകരിക്കാൻ ഫേസ്ബുക്കിന് കഴിയില്ലായെന്നത് അതിന്റെ ദൗർബല്യം കൂടിയാണ്.

ഫോർ എ ബെറ്റർ ഫേസ്ബുക്ക്, ഫെമിൻ, എഗൈൻസ്റ്റ് സൈബർ അറ്റാക്ക്സ് ഓൺ വുമൺ അടക്കം അനേകം മൂവ്മെന്റുകൾ ചുരുങ്ങിയ കാലം കൊണ്ട് ഫേസ്ബുക്കിനുള്ളിലുണ്ടായിട്ടുണ്ട്. ഫേസ്ബുക്കിനുള്ളിൽ ഫേസ്ബുക്കതിനു വഴങ്ങുകയും ചെയ്ത അനേകം സന്ദർഭങ്ങൾ മുൻപും ഉണ്ടായിട്ടുണ്ട്. നമുക്ക് വേണ്ടത് നേടിയെടുക്കുകയാണ് വേണ്ടത്. നിലവിളികൾക്കവിടെ സ്ഥാനമില്ല. മായാലീല പറയുന്നു 'ലക്ഷണക്കിനാളുകൾ ഉപയോഗിക്കുന്ന ഒരു ഇടത്ത് ലിംഗസമത്വത്തിനായി വാദിക്കാനുള്ള അവസരം ഉണ്ടാകണം. സമൂഹത്തിൽ നിന്ന് ഇന്റർനെറ്റ് മാത്രമായി വേറിട്ടൊരു ലോകമുണ്ടാകുന്നില്ല. നിങ്ങളുടെ പുരുഷാധിപത്യ മേൽക്കോയ്മകൾ ഇവിടം മുഴുവൻ അഴിഞ്ഞാടുന്നുവെങ്കിൽ അതിനെതിരെ ചോദ്യങ്ങൾ ഉയർത്താനും ഞങ്ങൾക്കു കഴിയും.'

ചർച്ചകൾ മുൻപെപ്പൊഴോ തുടങ്ങിവെച്ചതും, പല ഘട്ടങ്ങൾ കഴിഞ്ഞതും, നിരവധി നാഴികക്കല്ലുകൾ പിന്നിട്ടതുമായ പൊതുസമൂഹത്തിലെ സ്ത്രീസമത്വം, അതിനു വേണ്ടുന്ന സമരം... ഇവയൊക്കെത്തന്നെയും മുഖപുസ്തകവേദിയിലേക്ക് ശക്തമായി വ്യാപിപ്പിക്കാൻ സമയമായിരിക്കുന്നു... ഓർമ്മിക്കാം.

'പകുതിച്ചരിത്രവും പകുതിവിജയങ്ങളും
പകുതിനാട്യം പാതി നഗരമെന്റേത്'

●



ശാരദക്കുട്ടി


# ചെറിയ മനുഷ്യരുടെ വലിയ ഇടങ്ങൾ

**സൈ**ബർ ലോകത്തെ അറിയുക, അതിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്. സൈബർലോകത്തിന്റെ ഭാഗമല്ലാതിരിക്കുവാൻ കണ്ടെത്തുന്ന കാരണങ്ങൾ ഒന്നും മികച്ച കാരണങ്ങളായിരിക്കില്ല താനും. സൈബർയുഗത്തിൽ എവിടെ നോക്കിയാലും അറിവാണ്. എന്നാൽ അറിവും ബോധവും രണ്ടാണ്. ബോധം (wisdom) അഥവാ വിവേകമാണ് മനുഷ്യന് ഉണ്ടായിരിക്കേണ്ട പ്രധാന ഗുണം. അതില്ലാതെ വരുമ്പോഴാണ് സൈബർലോകമായാലും യഥാർത്ഥലോകമായാലും അസഹനീയമാകുന്നത്. ഏതെല്ലാം തരത്തിൽ പഴുതുകൾ അടച്ചാലും പുതിയ പഴുതുകൾ ഉണ്ടാക്കിക്കൊണ്ട് എല്ലാ നിയമങ്ങളെയും അട്ടിമറിച്ചുകൊണ്ട് ഒരു ക്രിമിനൽ സമൂഹം ഇവിടെ വളർന്നു വരുന്നുവെന്നത് ഭയജനകമായ അവസ്ഥയാണ്. എല്ലാ നിയമങ്ങളെയും മറികടക്കുവാനും തങ്ങൾക്കനുകൂലമായി മാറ്റിയെടുക്കുവാനും കഴിയുന്ന ഒരു ഉപരിവർഗ്ഗം ഇവിടെ ശക്തമാണ്. അവർ ഏതു നിയമത്തെയും അധികാരം ഉപയോഗിച്ച് അട്ടിമറിക്കും. ഇതിനെതിരെ ചെറിയ മനുഷ്യർക്ക് എന്ത് ചെയ്യാനാകുമെന്ന് അന്വേഷണം നടക്കുന്ന ഒരു വലിയ ഇടമായിട്ടാണ് പുതിയ കാലത്തെ സ്ത്രീ, സൈബർ ലോകത്തെ കാണുന്നത്.

സ്ത്രീകളുടെ വഴി തെറ്റലിനെ കുറിച്ച് ഇത്രയധികം ആശങ്കപ്പെടുന്ന ഒരു സമൂഹം കേരളം പോലെ വേറെ ഉണ്ടാകുമോ എന്ന് അന്വേഷിക്കേണ്ടതുണ്ട്. സ്ത്രീകളുടെ സാമൂഹ്യഇടപെടലിനെ ഭയക്കുന്നവരാണ് സോഷ്യൽ മീഡിയ സ്ത്രീകളെ വഴി തെറ്റിക്കും എന്ന് പ്രചരിപ്പിക്കുന്നത്. 'തെറ്റായ വഴി എന്ന് നിങ്ങൾ വിലക്കുന്നിടത്തെല്ലാം ഇതാ ഞങ്ങൾ' എന്ന് വിളംബരം ചെയ്തുകൊണ്ടാണ് സൈബർ ലോകത്തെ പെണ്ണിടപെടലുകൾ നടക്കുന്നത്. എങ്കിലും ഇവിടെയും കാര്യങ്ങൾ അത്ര അനായാസമല്ല. വിദ്യാസമ്പന്നരും ധൈര്യവതികളും പുരോഗമനസ്വഭാവം പുലർത്തുന്നവരുമായ സ്ത്രീകൾ കൂട്ടത്തോടെ ഇടപെടുന്ന ഇടമായ ഫേയ്സ്ബുക്ക് പോലെയുള്ള സോഷ്യൽ മീഡിയ പോലും സ്ത്രീയോട് അത്ര മികച്ച രീതിയിലല്ല പെരുമാറുന്നത്. എത്ര പിശാചുക്കളോടും ദുർഭൂതങ്ങളോടുമാണ് അവൾക്കു ദിവസവും യുദ്ധം ചെയ്യേണ്ടി വരുന്നത്. എപ്പോൾ വേണമെങ്കിലും കൊത്തിപ്പറിക്കപ്പെടാവുന്ന അവസ്ഥ. അധികാരത്തിന്റെ ഭാഷ എത്ര വലിയ അശ്ലീലമാണ് എന്ന് പെണ്ണിനോളം അറിയുന്നവർ ഭൂമിയിൽ ഉണ്ടാവില്ല. സൈബർലോകത്ത് പ്രത്യേകിച്ചും. നീ, അവൾ, എടീ എന്ന് സൈബർ പുരുഷൻ സംബോധന ചെയ്യുന്ന ഏതു പെണ്ണിനേയും നോക്കൂ..അവൾ ബുദ്ധിശക്തിയോ സ്വാതന്ത്ര്യബോധമോ ആവിഷ്കാരസ്വാതന്ത്ര്യമോ കൊണ്ട് അവനെ വിറളി പിടിപ്പിക്കുന്നവളായിരിക്കും. സ്ത്രീകൾ തന്റേടത്തോടെ പുറത്തിറങ്ങിയാൽ എന്തൊക്കെ സംഭവിക്കുമോ അതൊക്കെത്തന്നെ ഇവിടെയും സംഭവിക്കുന്നുണ്ട്. കൊമ്പുകുലുക്കി അഴിഞ്ഞാടുന്ന ആണത്താഭാസങ്ങൾക്കെതിരെ ചില മിടുക്കികൾ ആർജ്ജവത്തോടെ പ്രതികരിക്കുന്ന കാഴ്ച ഫെയ്സ്ബുക്കിൽ നാം പതിവായി കാണാറുണ്ട്. രഹസ്യമായിത്തന്നെ അസഭ്യവും അശ്ലീലവും പറഞ്ഞ മുഴുവൻ പുരുഷന്മാരുടെയും പേരും ഫോട്ടോയും സഹിതം പ്രസിദ്ധപ്പെടുത്തിക്കൊണ്ടാണ് പല പെൺകുട്ടികളും തിരിച്ചടിക്കുന്നത്. 'കുടുംബമുണ്ട് ചതിക്കല്ലേ' എന്ന് നിലവിളിച്ചു പലരും. 'പുരുഷന്മാരുടെ ധീരമാന്യത'!!

മാറുന്ന കാലത്തിന്റെ സാങ്കേതിക വൈദഗ്ധ്യങ്ങളെ ബുദ്ധിപൂർവ്വം ഉപയോഗിക്കാൻ ഉള്ള പരിശീലനം ആ കാലം തന്നെ എല്ലാവർക്കും കൊടുക്കുന്നുണ്ട്. മറ്റു പൊതുഇടങ്ങളിലേക്കാൾ ശക്തമായി സ്ത്രീകൾക്ക് രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രശ്നങ്ങളിൽ പ്രതികരിക്കാനുള്ള അവസരം ഈ നവമാധ്യമങ്ങൾ നല്കുന്നുണ്ട്. വിവേകത്തോടെ ഇടപെടുന്നവർക്ക് ഏറ്റവും ശക്തമായ സാധ്യതകൾ അവ ഒരുക്കുന്നുമുണ്ട്. തങ്ങളുടെ ഇടം തിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ അവർക്ക് ധൈര്യമുണ്ട്. സദാചാരപാഠങ്ങൾ കേട്ട് അവർ നടുങ്ങുന്നില്ല. സോഷ്യൽ മീഡിയ അതിനവർക്ക് കുറെ സാധ്യതകൾ നൽകുന്നുണ്ട്. നേരിട്ട് യുദ്ധം ചെയ്യാനും പൊയ്മുഖങ്ങൾ വലിച്ചു പൊളിക്കാനും അവർക്ക് സന്ദേഹങ്ങൾ ഇല്ല. പ്രണയവും ആനന്ദവും അവർ രേഖപ്പെടുത്തുന്നു. പ്രായോഗികബുദ്ധിയും വിവേകവും വകതിരിവും ഉള്ളവർക്ക് സൈബർ ലോകത്തെ ആഭാസങ്ങളോട് ഇടപെടേണ്ടതെങ്ങനെ എന്ന് കൃത്യമായി അറിയാം. വിവേചനബുദ്ധിയോടെ ഇടപെടാൻ കഴിയുക എന്നത് എവിടെയായാലും പ്രധാനമാണ്.എങ്കിലും ഒന്ന് പറയാതെ വയ്യ. ചതിക്കുഴികൾ ഒഴിവാക്കാൻ പഠിക്കുക എന്നത് പെണ്ണിന് ഒരു നിരന്തര പരിശീലനം തന്നെയാണ്. ആ നശിച്ച പരിശീലനമാണ് ഒരു സ്ത്രീ ജീവിതകാലം മുഴുവൻ തുടരുന്നത്. അത് അത്ര ആശാസ്യമല്ല..

ചർച്ചാവിഷയം





ഉഷാകുമാരി

# ചില ഓൺലൈൻ 'സ്വ'കാര്യങ്ങൾ


**ഒരു കപ്പു ചായ എന്ന പേര് തനിയെ പതഞ്ഞു പൊന്തിവരികയായിരുന്നു. ഓഷോയുടെ പുസ്തകം ഒരു ബോധപ്രേരണയേയായിരുന്നില്ല. എന്റെ ചായക്കമ്പവും ചായക്കിരുപുറവുമിരുന്നുള്ള കൊച്ചുവർത്തമാനങ്ങളിലൂടെ കൊടുങ്ങല്ലൂരിലെ വൈകുന്നേരസൗഹൃദങ്ങളിൽ പടർന്ന ഉന്മേഷവും ചേർന്നാവാം ആ പേരുണർന്നത്.**

**2008**ലെ മധ്യവേനലവധിക്കാലം. പുതുകവിതയുടെ പെരുമഴക്കാലവും. എം. ആർ രേണുകുമാറിന്റെ അൾസിറ@ എന്ന കവിതയെ കുറിച്ച് മൂന്നാലുവരികളോടെയാണ് ഒരു കപ്പുചായ എന്ന ബ്ലോഗു തുടങ്ങുന്നത്. വിഷ്ണുപ്രസാദെന്ന കവിസുഹൃത്താണ് അതിൽ ആർക്കൈവും ഹിറ്റ്കൗണ്ടും ടെംപ്ലേറ്റും ഒക്കെ സെറ്റ് ചെയ്യാൻ സഹായിച്ചത്. ഓർക്കൂട്ട് പതിയെ അയഞ്ഞ് ഇല്ലാതെയായ കാലം. ഒരു കപ്പു ചായ എന്ന പേര് തനിയെ പതഞ്ഞു പൊന്തിവരികയായിരുന്നു. ഓഷോയുടെ പുസ്തകം ഒരു ബോധപ്രേരണയേയായിരുന്നില്ല. എന്റെ ചായക്കമ്പവും ചായക്കിരുപുറവുമിരുന്നുള്ള കൊച്ചുവർത്തമാനങ്ങളിലൂടെ കൊടുങ്ങല്ലൂരിലെ വൈകുന്നേരസൗഹൃദങ്ങളിൽ പടർന്ന ഉന്മേഷവും ചേർന്നാവാം ആ പേരുണർന്നത്. ആനുഷംഗികമായ എളിയ വർത്തമാനങ്ങൾ എന്നേ ഉദ്ദേശിച്ചുള്ളൂ. സ്കൂൾ വിട്ടാൽ കളിക്കാൻ പോകുമ്പോലെയോ ചിത്രകഥകൾ വായിക്കുമ്പോലെയോ ഒഴിവുനേരങ്ങളിൽ ബ്ലോഗിടങ്ങൾ ഉല്ലാസം പകർന്നു. പ്രത്യേകിച്ചും വെള്ളെഴു

ത്തും ഭൂമിപുത്രിയും എച്ച്മുക്കുട്ടിയും പാഞ്ചാലിയും ചിത്രകാരനും നിരക്ഷരനും ഡാലിയും നിഷ്കളങ്കനും ഗുപ്തനും ദേവസേനയും മറ്റും മറ്റുമായ പല ബ്ലോഗർമാരിലേക്കുമുള്ള ഹൈപ്പർ ലിങ്ക് യാത്രകൾ ഊർജ്ജദായകം തന്നെ. പിന്നീടവരിൽ പലരെയും നേരിൽ കണ്ടു, കേട്ടു, വായിച്ചു. ഒരു നാട്ടിൻ പുറത്തെ സ്കൂൾ പോലെ ഇരട്ടപ്പേരുകൾക്കാണിവിടെ




**ചെറുനോട്ടങ്ങളും കണ്ണുകാണിക്കലും തള്ളിയിടലും കൂക്കുവിളികളും സാറ്റുകളിയും ഒക്കെയുണ്ടിവിടെ. അതിപ്പോൾ ഓർമ്മകളായി. ജ്യോനവൻ, പരാജിതൻ തുടങ്ങിയ ബ്ലോഗർമാർ പൂർണമായും ലോകം വിട്ടുപോയി. ജ്യോതിഭായി പരിയാടത്തിന്റെ ചൊൽക്കവിതാബ്ളോഗ് 'കാവ്യം സുഗേയം' ഏറ്റവും ശ്രദ്ധേയമായിത്തന്നെ തുടരുന്നു.പിന്നെ ബ്ലോഗിന്റെ വെർച്ചൽ ലോകത്ത് പലരും നരച്ചും മുഷിഞ്ഞുമിരുപ്പായി.**



ഇമ്പം. പരിചയം. ചെറുനോട്ടങ്ങളും കണ്ണുകാണിക്കലും തള്ളിയിടലും കൂക്കുവിളികളും സാറ്റുകളിയും ഒക്കെയുണ്ടിവിടെ. അതിപ്പോൾ ഓർമ്മകളായി. ജ്യോനവൻ, പരാജിതൻ തുടങ്ങിയ ബ്ലോഗർമാർ പൂർണമായും ലോകം വിട്ടുപോയി. ജ്യോതിഭായി പരിയാടത്തിന്റെ ചൊൽക്കവിതാബ്ളോഗ് 'കാവ്യം സുഗേയം' ഏറ്റവും ശ്രദ്ധേയമായിത്തന്നെ തുടരുന്നു.പിന്നെ ബ്ലോഗിന്റെ വെർചൽ ലോകത്ത് പലരും നരച്ചും മുഷിഞ്ഞുമിരിപ്പായി. ഇന്ന് ബ്ലോഗിടങ്ങളിൽ കാൽപ്പെരുമാറ്റം കുറവ്. വിജനമായ ഇടനാഴികളിൽനിന്നുവരുന്ന നിശ്ശബ്ദതയുടെ ഒരു മുഴക്കമായതു മാറുമ്പോൾ ചെറുതല്ലാത്ത നിരാശയുണ്ട്. പുതിയ ഇടങ്ങളിലേക്ക് ചേക്കേറുകയാവാം പലരും.

## വ്യക്തിയായ എഴുത്താളി

ബ്ലോഗിടത്തിൽ മറ്റൊരു പേരിൽ മറഞ്ഞിരിക്കുന്ന എഴുത്തുകാർ ഒളിവിടം വിട്ട് എല്ലാ പ്രത്യക്ഷതയോടെയും വരുന്ന കാഴ്ചയാണ് എഫ്ബിയിലുള്ളത്. ബ്ലോഗിന്റെ നിഴലിടമല്ല അവിടെ. ഡിജിറ്റൽ കാഴ്ചയുടെ എല്ലാ വൈവിദ്ധ്യങ്ങളോടെയും അത് എഴുത്തിനൊപ്പം തന്നെ എഴുത്തിനേക്കാൾ വ്യക്തിയെ/ എഴുത്താളരെ പുരഃക്ഷേപിക്കുന്നു. എഴുതുന്നയാൾ എം.ലീലാവതിയോ വിജയലക്ഷ്മിയോ സുഗതകുമാരിയോ ആയിരിക്കെട്ടെ, പ്രിന്റിടത്തിൽ അവർ എഴുത്തുമാത്രമായാണ്, എഴുത്തുകാരിയായാണ് സാക്ഷാൽക്കരിക്കപ്പെടുന്നത്. എഴുത്തും എഴുത്താളിയുമായുള്ള ബന്ധം സോഷ്യൽ നെറ്റ്വർക്കിൽ വെറും ആളായും പേരായും മാത്രമല്ല, രൂപമായി, ആ രൂപത്തിന്റെ വിവിധ ഭാവഭേദങ്ങളും വികാരവിചാരങ്ങളും വ്യക്തിബന്ധങ്ങളും ഒക്കെയായി നിറഞ്ഞുകവിയുകയാണ്. ഓഥർമാർ റൊളാങ് ബാർത്തു വന്നു കൊന്നാലും ചാവില്ല! വ്യക്തികൾക്ക് അധികമൂല്യം തന്നെയുള്ള ഒരു വിനിമയവേദിയായി ഫെയ്സ്ബുക്ക് മാറിക്കഴിഞ്ഞു.

നമ്മുടെ സാമൂഹ്യപൊതുമണ്ഡലത്തിന്റെ പല മേഖലകളെയും നോക്കുമ്പോൾ അതിനകത്തെ സ്ത്രീ ഇടപെടലുകൾ എത്ര സംഘർഷഭരിതവും എത്രമാത്രം പ്രതിരോധപരവുമാണെന്ന് നാം ഇതിനോടകം തിരിച്ചറിയുന്നുണ്ട്. അത്തരം ഒരു സാമൂഹ്യ ഇടപെടലിന്റെ രീതിഭേദങ്ങളിൽ നിന്നുകൊണ്ടാണോ ഓൺലൈനിൽ സ്ത്രീകൾ ഇടപെടുന്നത്? എങ്ങനെയാണ് ഇവയെ താരതമ്യഭേദത്തിന് വിധേയമാക്കുക? തീർച്ചയായും ബ്ലോഗിലും എഫ്.ബി.യിലും മറ്റുമുള്ള കമന്റുകൾ സ്ത്രീകളെ ഒരു മാനക വ്യക്തികർതൃത്വത്തിലേക്ക് എത്തിക്കുന്നുണ്ട്. ശ്രദ്ധിക്കപ്പെടാനും മറുപടികളുടെയും അഭിപ്രായങ്ങളുടെയും കേന്ദ്രമായി തീരാനും തക്കവണ്ണം ഒരു പ്രധാന വിഷയിയായി സ്ത്രീയ്ക്ക് അവിടെ സ്വയം പ്രതിഷ്ഠിക്കാനാവുന്നുണ്ട്. ഭാഷണങ്ങളും പ്രതിഭാഷണങ്ങളും പെരുകുന്ന ഒരിടത്തിൽ ഡയലോഗിന്റെ സാധ്യതകളെ സ്ത്രീ ഉപയോഗിക്കുന്നു എന്നത് പ്രധാനം തന്നെ. സാങ്കേതികമായി പറഞ്ഞാൽ ഒരു ഓൺലൈൻ അക്കൗണ്ട് ഒരു പൗരപദവി തന്നെയാണ് അവൾക്കവിടെ  നൽകുന്നത്.

## വെർച്വൽ പൊതുമണ്ഡലം

ഓൺലൈൻ ഇടപെടലുകൾ മുന്നോട്ടു വെയ്ക്കുന്ന പൊതുവിടത്തെ എങ്ങനെ മനസ്സിലാക്കണം? എന്താണീ പുതിയ പൊതുമണ്ഡലത്തിന്റെ പ്രത്യേകത? ഇത് അടിമുടി വ്യക്തിവൽകൃതമാണ്. ഒരു വൈയക്തികമായ അക്കൗണ്ട് ആകയാൽത്തന്നെ അടിസ്ഥാനപരമായ വ്യക്തിവൽകൃതത്വം അതിനെ സവിശേഷമാക്കുന്നുണ്ട്. മുമ്പത്തെ സാമൂഹ്യ പൊതുമണ്ഡലത്തിൽ നിന്നു വ്യത്യസ്തമായി ഈ വെർച്വൽ പൊതുമണ്ഡലം പ്രത്യേകിച്ചും ഫെയ്സ്ബുക്ക് മുഖശരീരങ്ങളോടെ വൈകാരിക ഭാവഭേദങ്ങളോടെ നിരവധി വ്യക്തിബന്ധങ്ങളോടെ സ്വകാര്യതകളുടെ ഒരു സംഘാതമായി വ്യക്തിയെ പ്രക്ഷേപിക്കുന്നു. എഴുത്താളിയുടെ പലതരം സ്വത്വങ്ങളെ അതിന് പ്രദർശിപ്പിക്കാൻ കഴിയും. എഴുത്തുകാരിയായും പ്രഭാഷകയായും എന്നതുപോലെത്തന്നെ സഞ്ചാരിയായും അമ്മയായും ഡ്രൈവറായും പാചകക്കാരിയായും ഒക്കെത്തന്നെ. കുഞ്ഞിനെ കുളിപ്പിക്കലും പുതിയ വസ്ത്രം വാങ്ങലും ജാഥയിൽ പങ്കുചേരലും ഈശ്വരഭജനയും ഒക്കെ ഉൾപ്പെടുന്ന ദൈനംദിന പ്രവർത്തികളിലൂടെ അവളുടെ വ്യക്തിവൽകൃതമായ പെർസോണ കൂടുതൽ അഭിരുചികളിലൂടെ നിർവചിക്കപ്പെടുന്നുണ്ട് ഇവിടെ.

**ഒരു വൈയക്തികമായ അക്കൗണ്ട് ആകയാൽ തന്നെ അടിസ്ഥാനപരമായ വ്യക്തിവൽകൃതത്വം അതിനെ സവിശേഷമാക്കുന്നുണ്ട്. മുമ്പത്തെ സാമൂഹ്യ പൊതുമണ്ഡലത്തിൽ നിന്നു വ്യത്യസ്തമായി ഈ വെർച്വൽ പൊതുമണ്ഡലം പ്രത്യേകിച്ചും ഫെയ്സ്ബുക്ക് മുഖശരീരങ്ങളോടെ വൈകാരിക ഭാവഭേദങ്ങളോടെ നിരവധി വ്യക്തിബന്ധങ്ങളോടെ സ്വകാര്യതകളുടെ ഒരു സംഘാതമായി വ്യക്തിയെ പ്രക്ഷേപിക്കുന്നു.**




പഴയ മട്ടിലുള്ള സാമൂഹ്യപൊതുമണ്ഡലം എഴുത്തുകാർക്ക് അനുവദിച്ച നിശ്ചിതമായ ഒരു മാനക സ്വത്വപദവിയുണ്ട്. അതിൽനിന്നു വ്യത്യസ്തമാണിത്. വ്യക്തിപരമായ കാര്യങ്ങൾ അവിടെ കൂട്ടിച്ചേർത്ത് വായിക്കപ്പെട്ടിരുന്നില്ല. ചില 'വലിയ'  എഴുത്തുകാർക്ക് വ്യക്തിപരതയുടെ പരിവേഷം കൂടി നൽകി ആഘോഷിച്ചിരുന്നുവെന്നതും മറക്കുന്നില്ല. ബഷീർ, അഴീക്കോട്, എം.ടി, മാധവിക്കുട്ടി, പുനത്തിൽ തുടങ്ങിയവരുടെ ദേശ ('എന്റെ ദേശം')വിശേഷങ്ങളും ദിനചര്യകളുമുൾപ്പെടെ പരമ്പരാഗത മാധ്യമങ്ങൾ ആഘോഷിച്ചിരുന്നല്ലോ.  എന്നാലിന്ന് ചെറുതും വലുതുമായ എഴുത്താളരല്ലാം തന്നെ വൈയക്തികമായ ഈ പുതിയ പൊതുമണ്ഡല

ത്തിൽ സ്വകാര്യവ്യക്തികളായി കൂടി പ്രത്യക്ഷപ്പെടുന്നു.

സ്ത്രീകളെ സംബന്ധിച്ചിടത്തോളം അത് അവരെ മാത്രമല്ല, അവരെ സംബന്ധിച്ച പൊതുമൂല്യങ്ങളെക്കൂടി വെളിപ്പെടുത്തുന്നുണ്ട്. അവർക്ക് നേരെയുള്ള വശീകരണങ്ങളെയും പഞ്ചാരയടികളെയും സ്തുതിവചനങ്ങളെയും അസഭ്യവർഷങ്ങളെയുമൊക്കെ അത് നിരന്തരം പുറത്തേയ്ക്ക് തെളിച്ചു കാട്ടുന്നു. പ്രീത ജി.പി., ജെസീല ചെറിയവളപ്പിൽ, അരുന്ധതി ബി. തുടങ്ങിയ ചിലരെങ്കിലും ചാറ്റ്ബോക്സിന്റെ സ്ക്രീൻ ഷോട്ടുകൾ ഇടുന്നതോടെ ഏറ്റവും സ്വകാര്യമായ ചില വിനിമയങ്ങളെയും കൂടി പൊതുമണ്ഡലത്തിലേയ്ക്ക് തുറന്നിടുന്നു. അതാകട്ടെ നമ്മുടെ സമൂഹത്തിലെ ആൺകോയ്മയെ മാത്രമല്ല, അതിനുള്ളിലെ ഹിംസാത്മകതയെയും കപടമായ ജനാധിപത്യവാദത്തെയും അവസരവാദത്തെയുമൊക്കെ തുറന്നുകാട്ടുന്നവയുമാണ്. ഇങ്ങനെ സ്വകാര്യവും പൊതുവുമായ ഒരുപാടു രാഷ്ട്രീയവിനിമയങ്ങളുടെ കേന്ദ്രമായിത്തന്നെ ഓരോ പെൺപ്രൊഫൈലുകളെയും മനസ്സിലാക്കാം. റൊമീല ഥാപ്പറിനെപ്പോലുള്ള ചരിത്രപണ്ഡിതരും കവിതാ കൃഷ്ണനെപ്പോലുള്ള ആക്റ്റിവിസ്റ്റുകളും പോലും ഇതിൽ നിന്ന് ഒഴിവാവുന്നില്ല.

**ആത്മനിഷ്ഠത മോശം കാര്യമാണെന്നാണെങ്കിൽ എന്താണു വസ്തുനിഷ്ഠത? അതു ഭൂരിപക്ഷത്തിന്റെ ആത്മനിഷ്ഠതയല്ലേ എന്ന ആഡ്റിയൻ റിച്ചിന്റെ ചോദ്യമോർക്കാം. മക്കളുടെ വളർച്ചയുടെ പല ഘട്ടങ്ങളും അവരുടെ കളിപ്പാട്ട സാമഗ്രികളും അവർ ഉപയോഗിക്കുന്ന വാക്കുകളും അപ്പിയിടൽ/ പാലൂട്ടൽ അനുഭവങ്ങളുമെല്ലാം ചേർന്ന നിരവധി മേഖലകളെ അവർ നർമ്മമധുരമായി എഴുതിയതോർക്കുന്നു. ഇതിനർത്ഥം വൈകാരികതയിലൂന്നിയ ഒരു രാഷ്ട്രീയ അഭിരുചികളിൽ മാത്രമാണവർ ഊന്നുന്നത് എന്നല്ല.**

സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒരു ഗണമെന്ന നിലയിൽ അവർക്കിടയിലെ വ്യത്യസ്തസ്വത്വങ്ങളെയും അഭിരുചികളെയും രാഷ്ട്രീയനിലപാടുകളെയും പലമട്ടിൽ കാഴ്ചപ്പെടുത്താനും തുറന്നിടുവാനും സോഷ്യൽമീഡിയയുടെ വൈയക്തികത്വം സഹായിച്ചുവെന്നതാണ് പ്രധാനം. ആധികാരികതയുള്ള കർതൃത്വങ്ങളായി പൊതുമണ്ഡലത്തിൽ സ്വയം സമർത്ഥിച്ചെടുക്കാൻ അവർക്കതിലൂടെ കഴിയുന്നുണ്ട്. മറ്റൊരർത്ഥത്തിൽ പൊതുമണ്ഡലത്തെത്തന്നെയത് അടിമുടി മാറ്റിപ്പണിയുന്നു. മാനകത്വവും മിതവൈയക്തികത്വവും പുലർത്തിയിരുന്ന പൊതുമണ്ഡലത്തിന്റെ ഘടനയെ ഉലയ്ക്കാൻ അതിനു കഴിഞ്ഞു. കുറേയെങ്കിലും അതിനെ സ്ത്രൈണവൽക്കരിക്കാനും കഴിഞ്ഞു. പിണറായിയെപ്പോലുള്ള രാഷ്ട്രീയനേതാക്കന്മാരുടെയും അഴിക്കോട്/ടി.പത്മനാഭനെപ്പോലുള്ള എഴുത്തുകാരുടെയും രാഗദ്വേഷങ്ങളും നർമ്മങ്ങളും ആഘോഷിക്കുന്ന പൊതുമ

ULTRA VIOLET | Indian feminists unplugged

May 07, 2014

**Feminist Interventions on Gender and South Asia: Conference Highlights**

By Bonnie Zare

Leave a comment

**South Asia by the Bay: Graduate Conference 2014, UC Santa Cruz, May 2-3, 2014**



Image by Sheba Chhachhi.
A full program awaited attendees of this year's graduate conference, organized annually by South Asia by the Bay, a consortium of California Universities (UC Santa Cruz, UC Berkeley, UC Davis and Stanford. The two days of stimulating panels featured graduate students from many locations in Canada and the US as well as one from the UK and two from India. Panels had been expertly grouped by organizer Anjali Arondekar, and memorable keynote addresses were given by UC Santa Barbara Professor Bishnupriya Ghosh ("Witnessing Health")

ണ്ഡലത്തിൽ സ്ത്രീയുടെ സ്വകാര്യതയിലൂന്നിയ ഈ വൈകാരികപ്രകടനങ്ങൾ സൂക്ഷ്മമായ ഒരു രാഷ്ട്രീയം നിർമ്മിച്ചെടുക്കുന്നു.

വെർച്വലും റിയലുമായ രണ്ടു സമാന്തരജീവിതങ്ങളായി പൊതു/സ്വകാര്യ മണ്ഡലങ്ങളിൽ എഴുത്താളികൾ നിലനിൽക്കുന്നു. എന്നാലവ നേർ എതിർദ്വന്ദങ്ങളല്ല തന്നെ. പലപ്പോഴും തുടർച്ചകളുമാണ്. അന്തരിച്ച യുവതാരം ജിഷ്ണുവിനെപ്പോലെ ചിലർ മരണത്തോടടുത്ത സമയത്തുപോലും സോ

ഷ്യൽമീഡിയയിലൂടെ തങ്ങളുടെ വികാരങ്ങൾ പങ്കുവെച്ചിരുന്നതോർക്കുക. തൃശൂർ കേരളവർമ കോളജിലെ അധ്യാപിക ദീപാ നിശാന്തിന്റെ എഫ്ബി പോസ്റ്റുകൾ, അവരുടെ കാമ്പസിലെ ഇടപെടലുകൾ എങ്ങനെ പൊതു/വൈയക്തിക മണ്ഡലങ്ങൾക്കകത്ത് സ്ത്രീയുടെ സ്വത്വസമർത്ഥനം നടക്കുന്നുവെന്ന് വ്യക്തമാക്കുന്നു. അധ്യാപനം എന്ന ആധികാരിക മണ്ഡലത്തിലെ അധികാരബന്ധങ്ങളെ തന്റെ വൈകാരികതകളിലൂടെ സൂക്ഷ്മമായി തുറന്നു കാണിക്കാനും അവർ തന്റെ എഴുത്തുകളെ ഉപയോഗിച്ചു. ഇത്തരം നിരവധി ഇടപെടലുകൾ ഇന്ന് കാണാൻ കഴിയും. കൊച്ചുത്രേസ്യ, ജോഷിന രാമകൃഷ്ണൻ, ജെസീല ചെറിയവളപ്പിൽ തുടങ്ങിയവർ പുതിയ സ്ത്രീയുടെ വൈകാരികതയുടെ രാഷ്ട്രീയത്തെ കുടുംബബന്ധങ്ങൾക്കുള്ളിൽ വെച്ചുകൊണ്ട് പുനർനിർമ്മിക്കുന്നത് രസകരമായാണ്. അകവും പുറവും തമ്മിലുള്ള അതിർത്തികളെ അവർ ഇടയ്ക്കിടെ മായ്ച്ചെഴുതുന്നു. ആത്മനിഷ്ഠത മോശം കാര്യമാണെന്നാണെങ്കിൽ എന്താണു വസ്തുനിഷ്ഠത? അതു ഭൂരിപക്ഷത്തിന്റെ ആത്മനിഷ്ഠതയല്ലേ എന്ന ആഡ്റിയൻ റിച്ചിന്റെ ചോദ്യമോർക്കാം. മക്കളുടെ വളർച്ചയുടെ പല ഘട്ടങ്ങളും അവരുടെ കളിപ്പാട്ടസാമഗ്രികളും അവർ ഉപയോഗിക്കുന്ന വാക്കുകളും അപ്പിയിടൽ/ പാലൂട്ടൽ അനുഭവങ്ങളുമെല്ലാം ചേർന്ന നിരവധി മേഖലകളെ അവർ നർമ്മമധുരമായി എഴുതിയതോർക്കുന്നു. ഇതിനർഥം വൈകാരികതയിലൂന്നിയ രാഷ്ട്രീയഅഭിരുചികളിൽ മാത്രമാണവർ ഊന്നുന്നത് എന്നല്ല. സ്ത്രീകർതൃത്വത്തെക്കുറിച്ചുള്ള സാമാന്യമായ കാഴ്ചപ്പാടുകളിൽ വിള്ളൽവീഴുന്ന വിധം സൂക്ഷ്മവും സമർത്ഥവുമായ ഇടപെടലുകളായിത്തന്നെയാണ് അവയെ കാണേണ്ടത്. മറ്റു പല പൊതുപ്രശ്നങ്ങളിലും ഉദാ: ചുംബനസമരം, ജാതിപ്രശ്നങ്ങൾ തുടങ്ങിയവയിലെല്ലാം നിരവധിയായ ഇടപെടലുകൾ നടത്തിക്കൊണ്ട് അവർ സ്വയം സമർഥിക്കുന്നുമുണ്ട്.

## ചോയ്സ്

ഓൺലൈനിലെ സ്ത്രീകളുടെ പൊതുമണ്ഡല നിർമ്മിതി ഈയൊരുപ്രകാരത്തിൽ മാത്രമാകണമെന്നില്ല. വെർചൽ ലോകത്തിന്റെ സാങ്കേതികതയും അതിന്റെ സാധ്യതകളും ഓൺലൈൻ സ്വത്വനിർമ്മിതിയെ സവിശേഷമായി സ്വാധീനിക്കുന്നുണ്ട്. ഡോണാ ഹാരവെയെപ്പോലുള്ളവർ ഉന്നയിക്കുന്ന ചോയ്സിന്റെ സാധ്യത തന്നെയാണ് അത്. ആണാവാനും പെണ്ണാവാനുമൊക്കെയുള്ള സാധ്യതകൾ. അതേക്കുറിച്ച് 'ഉരുകുന്ന ലിംഗപദവിയും സൈബർ സ്പേസും' എന്ന ലേഖനം ഇതേ ലേഖിക മുമ്പ് സംഘടിതയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സത്യത്തിൽ ബൃഹത്തായ തുടർക്കണ്ണികളായി ചേർന്നുകിടക്കുന്ന ഒരു പൊതുമണ്ഡലമല്ല, ചെറിയചെറിയ പറ്റങ്ങളുടെ കൂട്ടമാണിന്നുള്ളത്.

ഫേസ്ബുക്ക് പോസ്റ്റുകൾ ചില തെരഞ്ഞെടുക്കപ്പെട്ട ആളുകൾക്കിടയിൽ മാത്രമായി ഷെയർചെയ്യാവുന്നത്, അവനവനു മാത്രമായി (ഒൺലി മി) ഷെയർ ചെയ്യാവുന്നത് ഒക്കെയാണ്. ഫോട്ടോകളിലും നോട്ടുകളിലും മറ്റും ചിലരെ ഉൾപ്പെടുത്തിയും ചിലരെ ഒഴിവാക്കിയുമായി ടാഗുചെയ്യാം. താല്പര്യമില്ലാത്തവരെ അൺഫ്രണ്ടു ചെയ്യുകയോ ബ്ളോക്കു ചെയ്യുകയോ ആവാം. ശല്യക്കാരായവരുടെ പ്രൊഫൈലോ പോസ്റ്റുകളോ റിപ്പോർട്ടുചെയ്യാനും കഴിയും. ചാറ്റ് ബോക്സിൽ സ്വകാര്യമായി രണ്ടോ അതിലധികം പേർക്കോ വിനിമയങ്ങൾ നടത്താം.




ഇപ്രകാരം ചോയ്സ് എന്നത് സാങ്കേതിക ഉപാധികളോടെയുമാണ്. ഒരേ താല്പര്യമുള്ള ഒരു പറ്റത്തിന്റെ സ്വഭാവവും ചഞ്ചലമാണ്. നിശ്ചയമായും അതിനൊരു സ്വയംപൂർണ്ണത ഉണ്ടാവാം. എങ്കിലും ഐക്യപ്പെടലിന്റെ പോലെത്തന്നെ വേറിടലിന്റെ തലവും അവിടെ സദാ സജ്ജമായി നിൽക്കുന്നുണ്ട്. എഫ്.ബി.ഗ്രൂപ്പുകൾക്ക് ഇത്തരത്തിൽ ഒരു കൊച്ചു പൊതുമണ്ഡലത്തിന്റെ സ്വഭാവമാണുള്ളത്.

ഒളിച്ചിരിക്കുന്ന വ്യക്തികൾ ഏറെയാണ് എഫ്.ബി.യിൽ. ചാറ്റിംഗും ഒൺലി മി ഷെയറിംഗുമായി കൂടുതൽക്കൂടുതൽ സ്വകാര്യമാണവ. എന്നാലോ ഈ പബ്ളിക് സ്ഫിയർ പോലെ വിശാലവും പബ്ളിക്കുമായ വേറൊന്ന് ഇല്ല താനും. ഒരോരുത്തരും തങ്ങളുടെ കൈഫോണിലും ലാപ്ടോപ്പിലുമായുണ്ടാക്കുന്ന സ്വകാര്യലോകങ്ങൾ തന്നെയാണ് പുതിയൊരു പൊതുമണ്ഡലത്തിന്റെ പുതിയതരം രാഷ്ട്രീയസാധ്യതയെ തേടുന്നത്.

●

പെൺപക്ഷം



അജിത കെ.

# സ്ത്രീകൾ സംഘടിക്കേണ്ടത് കാലത്തിന്റെ ആവശ്യം

**ബോ**ധനയും അന്വേഷിയും കേരള സ്ത്രീവേദിയും ചരിത്രത്തിന്റെ ഓരോ ഘട്ടങ്ങൾ കുറിക്കുന്നു. 1985-86കളിൽ ഇന്ത്യയിൽ സജീവമായിരുന്ന സ്ത്രീവിമോചനഗ്രൂപ്പുകളുടേയും ആഗോളഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റേയും സ്വാധീനഫലമായി ഇന്ത്യയിലെ വൻനഗരങ്ങളിലാണ് ഇവ ആദ്യം പ്രവർത്തനം ആരംഭിച്ചത്. കേരളം പുരോഗമനസംസ്ഥാനമെന്നും, സ്ത്രീകൾക്ക് നൂറുശതമാനം സാക്ഷരതയും പാശ്ചാത്യലോകത്തോട് സാമ്യമുള്ള ആരോഗ്യനിലവാരവും ആയിക്കഴിഞ്ഞതിനാൽ കേരളത്തിലെ സ്ത്രീപദവി വളരെ ഉയർന്നതാണെന്നുമൊക്കെയുള്ള മിഥ്യാധാരണകൾ നടമാടി. കേരളവികസനമാതൃക ഉയർത്തിപ്പിടിച്ചുകൊണ്ടു നടന്ന പ്രചരണങ്ങളുടെ ഭാഗമായിരുന്നു ഈ അവകാശവാദങ്ങൾ. അതുകൊണ്ടു തന്നെ സ്ത്രീപ്രശ്നത്തെക്കുറിച്ചും ഫെമിനിസ്റ്റ് രാഷ്ട്രീയത്തെക്കുറിച്ചും സംസാരിക്കാനോ, അത്തരം നിലപാടുകളെടുത്ത് പ്രവർത്തിക്കാനോ സംഘടനകളോ പ്രസ്ഥാനങ്ങളോ മുന്നോട്ടു വന്നിരുന്നില്ല.

ബോധന (1987-90)യും തുടർന്ന് അന്വേഷി (1993)യും കേരളസ്ത്രീവേദി (1995)യുമെല്ലാം ഉണ്ടായത് ചരിത്രത്തിന്റെ ആവശ്യമെന്ന നിലയ്ക്കായിരുന്നു. മുതലാളിത്ത-ജന്മിത്വചൂഷണവ്യവസ്ഥിതികളോടൊപ്പം തോളോട് തോൾ ചേർന്നുകൊണ്ട് പുരുഷാധിപത്യവും ഒരു ലിംഗവിഭാഗമെന്ന നിലയിൽ സ്ത്രീകളുടെ മേൽ സമഗ്രമായ അധികാരം പ്രയോഗിച്ചു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ രാഷ്ട്രീയപാർട്ടികൾ അപ്രധാനമായി കണ്ടിരുന്നു. അതേ സമയം തെരഞ്ഞെടുപ്പുകൾ വരുമ്പോൾ ഇത്തരം പ്രശ്നങ്ങൾ വോട്ടു നേടാനുള്ള 'ഉദ്വേഗജനക'മായ കഥകളായി ഉപയോഗിക്കപ്പെട്ടു.

ഇടതുപക്ഷപ്പാർട്ടികൾ ഇത്തരം പ്രശ്നങ്ങളോടെടുത്ത സമീപനമാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് ഏറ്റവും വലിയ വിഘാതമായത്. വർഗ്ഗസമരമാണ് മുഖ്യമെന്നും മറ്റെല്ലാ സമരങ്ങളും അതിനു കീഴ്പ്പെട്ടിരിക്കണമെന്നും വർഗ്ഗസമരം പരിഹരിക്കപ്പെടുന്നതോടൊപ്പം സ്വാഭാവികമായി (automatic) മറ്റെല്ലാ ഉച്ചനീചത്വങ്ങളും പരിഹരിക്കപ്പെടുമെന്നും അതുകൊണ്ട് സ്ത്രീ,ദലിത്, ആദിവാസി പരിസ്ഥിതി തുടങ്ങിയ സമരങ്ങൾക്ക് പ്രത്യേകം സംഘടനകൾ ആവശ്യമില്ലെന്നും ഇവർ ശക്തമായി വാദിച്ചുകൊണ്ടിരുന്നു. ഇതിനെ അവർ എതിർത്തിരുന്നത് സ്വത്വരാഷ്ട്രീയം (identity politics) എന്ന പേരിലാണ്.


പക്ഷേ, കാലം ചെല്ലുന്തോറും സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ ഉന്നയിച്ച പ്രശ്നങ്ങളെല്ലാം യഥാർത്ഥമാണെന്നും, സ്ത്രീ-ദലിത്-ആദിവാസി-പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും തന്നെ സ്വാഭാവികമായി പരിഹരിക്കപ്പെടില്ലെന്നും, അവ പ്രത്യേകമായി തന്നെ കൈകാര്യം ചെയ്യപ്പെടണമെന്നും അവയെ അവഗണിക്കുകയെന്നാൽ വർഗ്ഗസമരം പോലും പുറകോട്ടടിക്കാൻ അവ കാരണമായേക്കുമെന്നുമുള്ള തിരിച്ചറിവ് പുറംപൂച്ചിലെങ്കിലും ഉണ്ടായിട്ടുണ്ട്. സ്ത്രീപീഡനങ്ങൾ കൈകാര്യം ചെയ്യാൻ പുതിയ സംവിധാനങ്ങൾ നിലവിൽ വന്നു. സ്ത്രീകൾക്കു വേണ്ടി പുതിയ നിയമങ്ങൾ വന്നു. എന്നിട്ടും സ്ത്രീപീഡനങ്ങൾ കുറഞ്ഞോ? ഒട്ടും തന്നെ കുറഞ്ഞില്ലെന്നു മാത്രമല്ല, ഇപ്പോൾ പുതിയ രൂപത്തിലും ഭാവത്തിലും കൂടുതൽ ക്രൂരതയോടുകൂടി ഈ പ്രതിഭാസം തുടരുന്നുതാണ് നമ്മുടെ അനുഭവം. സ്ത്രീപ്രസ്ഥാനങ്ങൾ സ്ത്രീപ്രശ്നങ്ങൾ മുൻനിർത്തി സംഘടിക്കേണ്ടതിന്റെ പ്രസക്തി ദിനംതോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

എന്തൊക്കെയായിരിക്കാം അതിനു കാരണങ്ങൾ? ഈ വിഷയത്തെക്കുറിച്ച് പ്രതികരിക്കാൻ 'സംഘടിതയുടെ വായനക്കാർ' തയ്യാറാകുമോ?



എം.ഡി.രാധിക

# എഴുത്തിലെ പെൺവഴികൾ




സ്ത്രീവാദസാഹിത്യവിമർശത്തിലെ അഗ്രഗാമികളിൽ ഒരാളാണ് അമേരിക്കക്കാരിയായ എലെയ്ൻ ഷോവോൾട്ടർ. അവർ രചിച്ച ബ്രിട്ടീഷ് നോവലെഴുത്തുകാരികളുടെ ചരിത്രമാണ് 'A Literature of Their Own' . 1750 മുതൽക്കാണ് ഇംഗ്ലീഷിൽ സ്ത്രീകൾ നോവലെഴുതിത്തുടങ്ങുന്നത്. ആയിരക്കണക്കിന് ആഖ്യായികാകാരികൾ പിന്നീടങ്ങോട്ടുണ്ടായി. എന്നാൽ പുരുഷനിർമ്മിത സാഹിത്യചരിത്രങ്ങളിൽ നാം കാണുന്നത് ഒറ്റപ്പെട്ട തുരുത്തുകൾ പോലെ ഓരോ നൂറ്റാണ്ടിലും ചിതറിക്കിടക്കുന്ന ഏതാനും ചില എഴുത്തുകാരികളെ മാത്രം. നോവൽ ചരിത്രത്തിലെ ഈ പിഴവ് തിരുത്തുകയാണ് തന്റെ കൃതിയിലൂടെ ഷോവോൾട്ടർ.

സാഹിത്യത്തിലെ ഉപസംസ്ക്കാരങ്ങൾ (ഉദാഹരണത്തിന് കറുത്തവരുടെ, ജൂതരുടെ) പൊതുവേ മൂന്നുഘട്ടങ്ങളിലൂടെ കടന്നുപോകുന്നതായി ഷോവോൾട്ടർ നിരീക്ഷിക്കുന്നു. മുഖ്യധാരയുടെ അനുകരണത്തിന്റെ, അതിനോടുള്ള എതിർപ്പിന്റെ, സ്വയം കണ്ടെത്തലിന്റെ. ഇത് സ്ത്രീസാഹിത്യചരിത്രത്തിലും കാണാം. സ്ത്രൈണം (feminine) , സ്ത്രീവാദാത്മകം (feminist), സ്ത്രീത്വാധിഷ്ഠിതം (female) എന്നാണവയെ അവർ നാമകരണം ചെയ്യുന്നത്.

സ്ത്രൈണഘട്ടത്തിൽ (1840–1880) പല എഴുത്തുകാരികളും മാന്യത സൂചിപ്പിക്കുന്ന പുരുഷതൂലികാനാമങ്ങൾ ഉപയോഗിച്ചു. ഉദാ: ജോർജ്ജ് എലിയറ്റ്. ഇതിന്റെ ഗുണങ്ങൾ പലതായിരുന്നു. എഴുതുന്നതിന് ബന്ധുക്കൾ കുറ്റപ്പെടുത്തില്ല. എന്തും എഴുതാം. വിമർശകർ അവഗണിക്കുകയുമില്ല. ഈ എഴുത്തുകാരികൾ വിദ്യാസമ്പന്നരായിരുന്നില്ല. ഉന്നതവിദ്യാഭ്യാ

സം അക്കാലത്തെ വനിതകൾക്ക് നിഷിദ്ധമായിരുന്നു. അതുകൊണ്ടു തന്നെ നോവലിന്റെ വിശദാംശങ്ങളിൽ തെറ്റുവരാതിരിക്കാൻ അവർക്ക് ഏറെ പണിപ്പെടേണ്ടി വന്നു. ചെറിയ അബദ്ധങ്ങൾ പോലും വിമർശകന്മാരുടെ കഠിനപരിഹാസം വിളിച്ചുവരുത്തുമായിരുന്നു. ആത്മത്യാഗത്തിലൂന്നിയതായിരുന്നു അക്കാലത്ത് സമൂഹത്തിന്റെ സ്ത്രീസങ്കല്പങ്ങൾ. സ്വന്തം സന്തോഷത്തിനും സാഫല്യത്തിനും വേണ്ടി ഒരുവൾ എന്തെങ്കിലും ചെയ്യുന്നത് സ്വാർത്ഥതയായി കരുതപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ എഴുത്ത് എന്ന സർഗവ്യത്തി സ്ത്രീയെ സംബന്ധിച്ചിടത്തോളം കുറ്റബോധത്താൽ വലയം ചെയ്യപ്പെട്ട ഒന്നായിത്തീർന്നു. പലപ്പോഴും കുടുംബത്തിലെ സാമ്പത്തികഞെരുക്കങ്ങളാണ് അവർക്കൊരു ന്യായീകരണമായത്. നോവലെഴുതി പണമുണ്ടാക്കാമായിരുന്നു.

അക്കാലത്തെ ചികിത്സകന്മാരും നരവംശശാസ്ത്രജ്ഞന്മാരുമൊക്കെ വിശ്വസിച്ചിരുന്നത് സ്ത്രീയുടെ മസ്തിഷ്കം പുരുഷന്റേതിനോളം വികസിച്ചതല്ല എന്നായിരുന്നു. അത് ചെറുതും കഴിവുകുറഞ്ഞതുമത്രെ. സ്ത്രീകൾ സ്വന്തം ഊർജ്ജം മറ്റുകാര്യങ്ങൾക്കുപയോഗിക്കുമ്പോൾ , പ്രത്യുല്പാദനവ്യവസ്ഥക്കു വേണ്ട രക്തവും ഫോസ്ഫേറ്റുകളും മസ്തിഷ്കത്തിലേക്കു വഴിതിരിച്ചുവിടപ്പെടുകയാൽ ആർത്തവമില്ലായ്മ, വന്ധ്യത എന്നിവയുണ്ടാവുന്നു എന്നും, ഇരുപതുശതമാനത്തോളം ജീവശക്തി മാതൃത്വവുമായി ബന്ധപ്പെട്ട് മസ്തിഷ്കത്തിൽ നിന്ന് പിൻവലിക്കപ്പെടുന്നുണ്ടെന്നും അവർ വിശ്വസിച്ചു. എന്നാൽ ഇതിനെതിരേ ജോൺ സ്റ്റ്യുവേർട്ടുമിൽ (John Stuart Mill) ശക്തമായി വാദിക്കുകയുണ്ടായി. ചരിത്രത്തിലെ ഏറ്റവും കനംകൂടിയ മസ്തിഷ്കം ഒരു സ്ത്രീയുടേതായിരുന്നു എന്ന ദ്ദേഹം ചൂണ്ടിക്കാട്ടി. ജീവിതനൈരാശ്യം ബാധിച്ച സ്ത്രീകളാണ് എഴുത്തിലേക്കു തിരിയുക എന്നതായിരുന്നു അന്നത്തെ മറ്റൊരന്ധവിശ്വാസം.

സ്ത്രീയുടെ ജീവിതാനുഭവങ്ങളിലെ പരിമിതിയായിരുന്നു വിമർശകർ എടുത്തുകാട്ടിയ ഒരു പ്രധാന പ്രശ്നം. ജീവിതമെന്നാൽ പുരുഷന്റേതു മാത്രമാണല്ലോ. സ്ത്രീകൾ നന്മയുടെ പ്രതീകങ്ങളാകയാൽ അവർക്ക് ഇരുണ്ട വികാരങ്ങൾ ആവിഷ്കരിക്കാൻ ആവതില്ല എന്നും കരുതപ്പെട്ടു. എന്നാൽ തുടർന്നു വന്ന സ്ത്രീകളായ സെൻസേഷണൽ നോവലിസ്റ്റുകൾ കൊലപാതകം വരെ ചെയ്യുന്ന നായികമാരെ അവതരിപ്പിച്ചുകൊണ്ട് ഈ വെല്ലുവിളി നേരിട്ടു.

സ്വന്തം ശരീരത്തെപ്പറ്റി തുറന്നെഴുതാൻ സ്ത്രീകൾക്കു അപ്രഖ്യാപിത വിലക്കുണ്ടായിരുന്നു. സ്വന്തമായൊരു  മുറി വേണമെന്ന വാദമൊന്നും ഈ തലമുറ ഉയർത്തുന്നില്ല. എഴുത്തിനെ കുടുംബത്തിലെ മറ്റു പ്രവൃത്തികളിൽ ഒന്നുമാത്രമായിക്കണ്ട് ഗാർഹികവൽക്കരിക്കുകയാണ് അവർ പൊതുവെ ചെയ്തത്. ഈ എഴുത്തുകാരികൾക്ക് മൗലികതയും ബൗദ്ധികപരിശീലനവും അമൂർത്തചിന്തനത്തിനുള്ള കഴിവും ഫലിതബോധവും ആത്മനിയന്ത്രണവും പുരുഷപ്രകൃതത്തെക്കുറിച്ചുള്ള അറിവും കമ്മിയാണെന്നായിരുന്നു അന്നത്തെ നിരൂപകന്മാരുടെ വിലയിരുത്തൽ.

എന്നാൽ ഷാർലെറ്റ് ബ്രോൺട്രിയുടെയും ജോർജ്ജ് എലിയറ്റിന്റേയുമൊക്കെ നായികമാർ ഡിക്കൻസിന്റേയും താക്കറയുടേയുമൊക്കെ അടക്കവും ഒതുക്കവുമുള്ള നായികമാരെക്കാൾ ജീവസ്സുറ്റവരായിരുന്നു. അവർക്ക് ഒറ്റക്ക് നിൽക്കാനും ആഴത്തിൽ ചിന്തിക്കാനുമുള്ള കെല്പുണ്ടായിരുന്നു. അവർ നേതൃപാടവവും ബോധനമികവും പ്രകടിപ്പിച്ചു. തങ്ങളിലെ അടിച്ചമർത്തപ്പെട്ട ചില ചോദനകളെ അവർ തങ്ങളുടെ ഭ്രാന്തികളായ സ്ത്രീകഥാപാത്രങ്ങളിലേക്കും ഉൽക്കർഷേച്ഛുക്കളും സാഹസികരുമായ പുരുഷകഥാപാത്രങ്ങളിലേക്കും പ്രക്ഷേപിച്ചുകൊണ്ട് അവക്ക് കുറച്ചെങ്കിലും

**സ്വന്തം ശരീരത്തെപ്പറ്റി തുറന്നെഴുതാൻ സ്ത്രീകൾക്കു അപ്രഖ്യാപിത വിലക്കുണ്ടായിരുന്നു. സ്വന്തമായൊരു  മുറിവേണമെന്ന വാദമൊന്നും ഈ തലമുറ ഉയർത്തുന്നില്ല. എഴുത്തിനെ കുടുംബത്തിലെ മറ്റു പ്രവൃത്തികളിൽ ഒന്നുമാത്രമായിക്കണ്ട് ഗാർഹികവൽക്കരിക്കുകയാണ് അവർ പൊതുവെ ചെയ്തത്. ഈ എഴുത്തുകാരികൾക്ക് മൗലികതയും ബൗദ്ധികപരിശീലനവും അമൂർത്തചിന്തനത്തിനുള്ള കഴിവും ഫലിതബോധവും ആത്മനിയന്ത്രണവും പുരുഷപ്രകൃതത്തെക്കുറിച്ചുള്ള അറിവും കമ്മിയാണെന്നായിരുന്നു അന്നത്തെ നിരൂപകന്മാരുടെ വിലയിരുത്തൽ.**


പ്രകാശനമനുവദിച്ചു.

1860കളിൽ വിപണിയെ തൃപ്തിപ്പെടുത്തുന്നതരം നോവലുകൾ സ്ത്രീകൾ രചിക്കാൻ തുടങ്ങി. എമിലി ഫെയ്ത്ഫുള്ളിന്റെ വിക്ടോറിയ പ്രിന്റിംഗ് പ്രസ്സ് സ്ഥാപിതമായതോടെ ഒട്ടനവധി സ്ത്രീആനുകാലികങ്ങൾ പുറത്തിറങ്ങാനാരംഭിച്ചു. അവയിലൂടെ സ്ത്രീകളുടെ അഭിപ്രായങ്ങൾ പൊതുജീവിതത്തെ സ്വാധീനിക്കാൻ തുടങ്ങി. ഇഷ്ടമില്ലാത്ത ഭർത്താവിനോടൊത്തുള്ള ശയനത്തിലെ മടുപ്പ്, വേലക്കാർക്കു പോലും മറ്റൊരു യജമാനനെത്തേടാം തങ്ങൾക്ക് അതും പറ്റില്ല എന്ന നിരാശ, ഭർത്താവിന്റെ മരണത്തെ ദുരന്തമെന്നതിനേക്കാൾ ഒരു മോചനമായിക്കാണൽ എന്നി

വയെല്ലാം ഈ കാലത്തെ നോവലുകളിൽ പ്രത്യക്ഷപ്പെടുന്നു. അവയിലെ നായികമാർ പുരുഷാധികാരത്തെ ഇത്തരത്തിലൊക്കെയാണ് ചോദ്യം ചെയ്യുന്നത്. എന്നാൽ ഈ നിഷേധം ഒരു വിമോചനചിന്തയായി വികസിക്കാതെ കുറ്റബോധത്തിലും ശിക്ഷയിലുമൊക്കെയായി എരിഞ്ഞടങ്ങുന്നു.

പിന്നീടു വന്ന സ്ത്രീവാദനോവലുകളിൽ (ഷോവോൾട്ടർ പറയുന്ന രണ്ടാംഘട്ടം 1880–1920) രാഷ്ട്രീയത്തിലേക്കുള്ള ചുവടുവെപ്പുകൾ കാണാം. സമൂഹത്തിൽ ആഞ്ഞടിച്ച സ്ത്രീവാദത്തിന്റെ അലകൾ അന്നത്തെ എഴുത്തുകാരികളേയും സ്വാധീനിച്ചു. ഈ ഫെമിനിസ്റ്റ് നോവലിസ്റ്റുകൾ സ്ത്രീസാഹോദര്യത്തിന്റെ വക്താക്കളായിരുന്നു. ലോകത്തിന്റെ പുനരുജ്ജീവനം തങ്ങളുടെ കൈകളിലാണെന്നവർ വിശ്വസിച്ചു. എന്നാൽ സ്വന്തം ലൈംഗികസ്വാതന്ത്ര്യത്തെക്കുറിച്ചല്ല, പുരുഷന്റെ അടങ്ങാത്ത ലൈംഗികതൃഷ്ണക്ക് കടിഞ്ഞാണിടേണ്ടതിനെപ്പറ്റിയാണ് അവർ വാചാലരായത്. ഗുഹ്യരോഗങ്ങളെക്കുറിച്ച് വിക്ടോറിയൻ കാലഘട്ടത്തിൽ വ്യാപകമായുണ്ടായിരുന്ന ഭയം ഇതിനൊരു പ്രധാനപ്രേരണയായിരുന്നു. ഷാർലറ്റ് പേർകിൻസു ഗിൽമാൻ രചിച്ച 'ഹേർലാൻഡ്' എന്ന ഫെമിനിസ്റ്റ് യൂട്ടോപ്യയിൽ പുരുഷനുമായി ബന്ധപ്പെടാതെയാണ് സ്ത്രീകൾ ഗർഭിണികളാവുന്നത്. ഭാര്യമാർ ഭർത്താക്കന്മാരുടെ ലൈംഗികാവശ്യങ്ങൾ യാതൊരെതിർപ്പും കൂടാതെ നിറവേറ്റാൻ ബാദ്ധ്യസ്ഥരാണ് എന്നായിരുന്നു വിക്ടോറിയൻ ചിന്താഗതി. വിവാഹത്തെ നിയമാനുസൃതമായ വേശ്യാവൃത്തിയായി സ്ത്രീകൾ കാണാൻ തുടങ്ങുന്നത് ഈ സാഹചര്യത്തിലാണ്. അതുകൊണ്ടു തന്നെ വേശ്യകളോട് ഒരു സഹഭാവം ഇക്കാലത്തെ എഴുത്തുകാരികൾ പ്രകടിപ്പിക്കുന്നു.

**ഫെമിനിസ്റ്റ് നോവലിസ്റ്റുകൾ സ്ത്രീസാഹോദര്യത്തിന്റെ വക്താക്കളായിരുന്നു. ലോകത്തിന്റെ പുനരുജ്ജീവനം തങ്ങളുടെ കൈകളിലാണെന്നവർ വിശ്വസിച്ചു. എന്നാൽ സ്വന്തം ലൈംഗികസ്വാതന്ത്ര്യത്തെക്കുറിച്ചല്ല, പുരുഷന്റെ അടങ്ങാത്ത ലൈംഗികതൃഷ്ണക്ക് കടിഞ്ഞാണിടേണ്ടതിനെപ്പറ്റിയാണ് അവർ വാചാലരായത്. ഗുഹ്യരോഗങ്ങളെക്കുറിച്ച് വിക്ടോറിയൻ കാലഘട്ടത്തിൽ വ്യാപകമായുണ്ടായിരുന്ന ഭയം ഇതിനൊരു പ്രധാനപ്രേരണയായിരുന്നു. ഷാർലറ്റ് പേർകിൻസു ഗിൽമാൻ രചിച്ച 'ഹേർലാൻഡ്' എന്ന ഫെമിനിസ്റ്റ് യൂട്ടോപ്യയിൽ പുരുഷനുമായി ബന്ധപ്പെടാതെയാണ് സ്ത്രീകൾ ഗർഭിണികളാവുന്നത്. ഭാര്യമാർ ഭർത്താക്കന്മാരുടെ ലൈംഗികാവശ്യങ്ങൾ യാതൊരെതിർപ്പും കൂടാതെ നിറവേറ്റാൻ ബാദ്ധ്യസ്ഥരാണ് എന്നായിരുന്നു വിക്ടോറിയൻ ചിന്താഗതി.**




ചരിത്രത്തിലെ ഒരു സംക്രമണദശയുടെ ഭാരം പേറുന്നവരായിരുന്നു ഫെമിനിസ്റ്റ് നോവലിസ്റ്റുകൾ. അതുകൊണ്ടു തന്നെ പലപ്പോഴും ആത്മഹത്യ ഒരേയൊരു പരിഹാരമായി പല നോവലുകളിലും കടന്നുവരുന്നു. ഓളിവ് ഷറയ്നർ (Olive Schreiner) തന്റെ നോവലുകളിൽ അടഞ്ഞ ജീവിതത്താൽ ആത്മാവു മന്ദീഭവിച്ച, വല്ലാതെ വണ്ണം കൂടിയ സ്ത്രീകളെ അവതരിപ്പിച്ചു. 'ആഫ്രിക്കൻ ഫാം' എന്ന അവരുടെ നോവലിലെ ലിൻഡൽ (Lyndall) ആണ് ഇംഗ്ലീഷ് ആഖ്യാ

യികകളിലെ ആദ്യത്തെ ഫെമിനിസ്റ്റ് നായിക എന്ന് ഷോവോൾട്ടർ. ജോർജ് എങ്കേർട്ടൺ (George Egerton) എന്ന അന്നത്തെ സ്ത്രീനോവലിസ്റ്റ് ഇങ്ങനെ രേഖപ്പെടുത്തി. "എഴുതാനുള്ളതിൽ ഒരുവിധമെല്ലാം പുരുഷന്മാർ എഴുതിക്കഴിഞ്ഞിരിക്കുന്നു. എന്നാലും ഇത്തിരി നിലം ബാക്കിയുണ്ട്. അജ്ഞാതഭൂമി. സ്ത്രീയുടെ ആത്മാവാണത്. അവൾ മാത്രം അറിയുന്നത്. പുരുഷന്റെ ഭാവനയിലുള്ളതല്ല. അതിനെ എഴുതണം. പുരുഷൻ എന്തു പറയുന്നു എന്നു നോക്കാതെ. സ്വന്തമുണ്ടാക്കിയ താക്കോലുകൊണ്ട് ആ അടഞ്ഞവാതിൽ ഞാൻ തുറക്കും."

സ്ത്രീവോട്ടവകാശസമരത്തിന്റെ ഭാഗമായി എഴുത്തുകാരികളുടെ ഒരു കൂട്ടായ്മ 1907ൽ നിലവിൽ വന്നു. 1910 ജൂണിൽ നൂറിൽപ്പരം എഴുത്തുകാരികൾ പങ്കെടുത്ത ഗംഭീരമായ ഒരു മാർച്ചും സംഘടിപ്പിക്കപ്പെട്ടു. 'വോട്ട് ഫോർ വിമൻ' എന്ന എലിസബത്ത് റോബിൻസിന്റെ നാടകം ഏറെ പ്രശസ്തമായിരുന്നു.

**ജോർജ് എങ്കേർട്ടൺ (George Egerton) എന്ന അന്നത്തെ സ്ത്രീനോവലിസ്റ്റ് ഇങ്ങനെ രേഖപ്പെടുത്തി. "എഴുതാനുള്ളതിൽ ഒരുവിധമെല്ലാം പുരുഷന്മാർ എഴുതിക്കഴിഞ്ഞിരിക്കുന്നു. എന്നാലും ഇത്തിരി നിലം ബാക്കിയുണ്ട്. അജ്ഞാതഭൂമി. സ്ത്രീയുടെ ആത്മാവാണത്. അവൾ മാത്രം അറിയുന്നത്. പുരുഷന്റെ ഭാവനയിലുള്ളതല്ല. അതിനെ എഴുതണം. പുരുഷൻ എന്തു പറയുന്നു എന്നു നോക്കാതെ. സ്വന്തമുണ്ടാക്കിയ താക്കോലുകൊണ്ട് ആ അടഞ്ഞവാതിൽ ഞാൻ തുറക്കും."**

അതേസമയം ക്രിസ്റ്റീന റോസെറ്റിയെപ്പോലുള്ള ചില എഴുത്തുകാരികൾ ഇതൊക്കെ ഒരുതരം തീവ്രവാദമാണെന്നു പറഞ്ഞ് വിട്ടുനിൽക്കുകയുമുണ്ടായി.

മൂന്നാംഘട്ടത്തിൽ (1920ൽ) ഒന്നാം ലോകമഹായുദ്ധവും അത് പുറത്തുകൊണ്ടു വന്ന പുരുഷാധിപത്യസംസ്ക്കാരത്തിന്റെ ഹിംസാത്മകതയും നാശോന്മുഖതയും എഴുത്തുകാരികളെ അത്തരമൊരു വികലമായ ലോകവീക്ഷണത്തിൽ പങ്കുപറ്റുന്നതിൽ നിന്നും പിന്തിരിപ്പിച്ച് ഏതാണ്ടൊരു നിർലേപതയിലേക്കും വിരാഗത്തിലേക്കും നയിച്ചതായി ഷോവോൾട്ടർ കണ്ടെത്തുന്നു. വേർജീനിയാ വൂൾഫിന്റെ 'സ്വന്തമായൊരു മുറി' എന്ന പരികല്പനയെ ഇങ്ങനേയും കാണാം എന്നവർ പറയുന്നു. സ്വാത്മബോധം ഏറെയുണ്ടെന്നാലും ഈ കാലഘട്ടത്തിലെ ആഖ്യാനങ്ങളിലെ നായികമാർ ഇരകളായിത്തന്നെയിരിക്കുന്നു എന്നും ഷോവോൾട്ടർ. ഉദാഹരണത്തിന്, കാതറീൻ മൻസ്ഫീൽഡിന്റെ കഥകളിൽ പുതിയ അവബോധമാർജ്ജിക്കുന്ന സ്ത്രീകൾ അപമാനിക്കപ്പെടുന്നതും നശിക്കുന്നതും കാണാം. സ്ത്രീമനസ്സിനെ തന്റെ നോവലുകളിലൂടെ ആഴത്തിൽ വിശകലനം ചെയ്ത ഡോറത്തി റിച്ചേഡ്സൺ (Dorothy Richardson) സ്ത്രീയുടെ



*The Hermetic Androgyne*, from the collection of M. Paul Chacornac.

ബോധം പുരുഷന്റേതിനേക്കാൾ ഉയരത്തിൽ വർത്തിക്കുന്നു എന്നും വിശ്വസിച്ചു. അയാളുടെ ഭാഷ സ്ത്രീയുടെ തന്മയെ വെട്ടിക്കുറക്കുമെന്നും. അതുകൊണ്ട് സ്വന്തം നോവൽഭാഷയെ അവർ ഏറെ പരീക്ഷണാത്മകവും വ്യത്യസ്തവുമാക്കി.

വേർജീനിയാ വൂൾഫിന്റെ മാനസികനിലയിൽ ഇടയ്ക്കിടെയുണ്ടായ താളം തെറ്റലുകൾ അവരുടെ സ്ത്രീയനുഭവങ്ങളുമായി ചേർത്തുവായിക്കേണ്ടതാണെന്ന് ഷോവോൾട്ടർ വാദിക്കുന്നു: ആദ്യത്തെ രോഗാവസ്ഥ അമ്മയുടെ മരണത്തോടും സ്വന്തം ആർത്തവാരംഭത്തോടും അനുബന്ധിച്ച്; രണ്ടാമത്തേത്; വേർജീനിയയുടെ ആരോഗ്യപ്രശ്നങ്ങൾ കാരണം തങ്ങൾക്ക് കുട്ടികൾ വേണ്ടെന്ന് ഭർത്താവ് തീരുമാനിച്ചപ്പോൾ; 1940ലെ മനോരോഗവും ആത്മഹത്യയുമാവട്ടെ ആർത്തവവിരാമത്തെത്തുടർന്ന്. തന്നിലെ എഴുത്തുകാരിയും സ്ത്രീയും തമ്മിലുള്ള സംഘർഷം വൂൾഫ് തീവ്രമായി അനുഭവിച്ചിരുന്നു. തന്റെ അമ്മയേയും സഹോദരി വാനെസ്സയേയും പോലെ ഒരു നല്ല ഭാര്യയും അമ്മയുമാവാൻ തനിക്കാവുന്നില്ല എന്ന ആശങ്ക അവരെ വേട്ടയാടിയിരുന്നു. വേർജിനിയാവൂൾഫിന്റെ androgyny (സർഗശേഷിയുള്ളവരുടെ മനസ്സിൽ ഒരേ സമയം ആണും പെണ്ണുമുണ്ടെന്നും, വെറും പെണ്ണായ അല്ലെങ്കിൽ വെറും ആണായ ഒരു മനസ്സിന് യഥാർത്ഥ സർഗസൃഷ്ടി സാദ്ധ്യമല്ലെന്നുമുള്ള വൂൾഫിന്റെ ആശയം), സ്വന്തമായൊരു മുറി എന്നീ സങ്കല്പനങ്ങൾക്ക് ഋണാത്മകമായ ഒരു വശം കൂടിയുണ്ടെന്ന് ഷോവോൾട്ടർ. ആദ്യത്തേത് സ്ത്രീശരീരത്തിന്റെ നിരാകരണത്തേയും രണ്ടാമത്തേത് രാഷ്ട്രീയലോകത്തുനിന്നുള്ള പിൻവലിയലിനേയും കുറിക്കുന്നു. തങ്ങളിലെ ദേഷ്യത്തെ, കയ്പിനെ വ്യവസ്ഥയുമായുള്ള ഒരു തുറന്ന സമരമായി പരിവർത്തിപ്പിക്കുന്നതിൽ ഈ എഴുത്തുകാരികൾ വിജയിച്ചില്ല എന്നുതന്നെയാണ് ഷോവോൾട്ടർ കരുതുന്നത്.

**സ്വന്തമായൊരു മുറി എന്നീ സങ്കല്പനങ്ങൾക്ക് ഋണാത്മകമായ ഒരു വശം കൂടിയുണ്ടെന്ന് ഷോവോൾട്ടർ. ആദ്യത്തേത് സ്ത്രീശരീരത്തിന്റെ നിരാകരണത്തേയും രണ്ടാമത്തേത് രാഷ്ട്രീയലോകത്തുനിന്നുള്ള പിൻവലിയലിനേയും കുറിക്കുന്നു. തങ്ങളിലെ ദ്വേഷ്യത്തെ, കയ്പിനെ വ്യവസ്ഥയുമായുള്ള ഒരു തുറന്ന സമരമായി പരിവർത്തിപ്പിക്കുന്നതിൽ ഈ എഴുത്തുകാരികൾ വിജയിച്ചില്ല എന്നുതന്നെയാണ് ഷോവോൾട്ടർ കരുതുന്നത്.**

ഇവരെ തുടർന്നുവന്ന തലമുറക്ക് ശരീരത്തോട് കൂടുതൽ സ്വതന്ത്രമായ സമീപനമാണുള്ളത്. സ്ത്രീകളുടെ വിവാഹേതരബന്ധങ്ങൾ, ഗർഭഛിദ്രം, ലെസ്ബിയനിസം, വേശ്യാവൃത്തി എന്നിവ വാച്യമായിത്തന്നെ അവതരിപ്പിക്കപ്പെടുന്നു. ഡോറിസ് ലെസ്സിംഗിന്റെ (Doris Lessing), 'ദ ഗോൾഡൻ നോട്ട്ബുക്ക്' എന്ന നോവലിൽ സ്ത്രീബുദ്ധിജീവിയുടെ ഇന്നുവരെയുള്ളതിൽ വെച്ചേറ്റവും സൂക്ഷ്മവും സങ്കീർണ്ണവുമായ ചിത്രണം കാണാമെന്ന, അവരുടെ സമകാലികയും നോവലിസ്റ്റുമായ മാർഗരറ്റ് ഡ്രാബിളിന്റെ (Margaret Drabble) പ്രസ്താവന ഷോവോൾട്ടർ ഉദ്ധരിക്കുന്നു. അതിനു ശേഷം വന്ന എഴുത്തുകാരികളുടെ മുമ്പിലുള്ള പ്രധാനപ്രശ്നം സ്ത്രീവാദവിഷയങ്ങളിൽ ഒതുങ്ങിനിൽക്കണോ, അതോ അതിനപ്പുറം പോയി മുഖ്യധാരയുടെ ഭാഗമാകണോ എന്നതായിരുന്നുവെന്ന് ചൂണ്ടിക്കാണിച്ചു കൊണ്ടാണ് എലെയ്ൻ ഷോവോൾട്ടർ തന്റെ ക്ലാസിക് ആയ പഠനം ഉപസംഹരിക്കുന്നത്.

പുസ്തകത്തിൽ നിന്ന്

*'സ്വന്തമായൊരു മുറി', ഞാൻ വിശ്വസിക്കുന്നു. ഒരു അഭയസ്ഥാനമോ തടവറയോ ആകാം എന്ന്. രാഷ്ട്രീയത്തിൽ നിന്നും പിന്മാറാനുള്ള ഒരു ഒഴിവുകഴിവാണതെങ്കിൽ അതൊരു ശവക്കല്ലറയായിരിക്കും; അല്ല, ലോകത്തിൽ പ്രവർത്തിക്കാനുള്ള ശക്തിയും ബോധ്യവും കൈവരിക്കാനുള്ള ഒരിടമാണതെങ്കിൽ അതൊരു പേറ്റുമുറിയായിത്തീരും.'*

●

**ചർച്ചാവിഷയം**



ജസീല സി.വി.

# സൈബറിടം, സ്ത്രീകൾ, നൈതികത

സ്ത്രീകളുടെ സാമൂഹ്യ അവസ്ഥ സൈബർ ലോകത്തെ അവരുടെ ഇടപെടലുകളെ നിർണയിക്കുന്നുണ്ട്. പുരോഗമന നിലപാടുകളുള്ള സ്ത്രീകൾ പൊതുവെ സ്ത്രീവാദികളായി തീരുന്നതായാണ് സൈബർ ലോകം കാണിച്ചു തരുന്നത്. മിക്കവരും ലിബറൽ ഫെമിനിസ്റ്റുകളായി തീരുന്നു എന്നതാണ് ഇതിലെ ദുരന്തം. ക്വീർ കമ്മ്യൂണിറ്റിയിൽപ്പെടുന്ന സ്ത്രീകൾ ലൈംഗികതയുമായി ബന്ധപ്പെട്ട് തുറന്ന നിലപാട് സ്വീകരിക്കാറുണ്ടെങ്കിലും ലിബറൽ ഫെമിനിസ്റ്റുകൾ ഇക്കാര്യത്തിൽ പൊതുവെ തികഞ്ഞ യാഥാസ്ഥിതികരാണ്. പോൺ വിരുദ്ധ നിലപാടുകളുള്ള ഇക്കൂട്ടരുടെ കടുത്ത സ്റ്റേറ്റിസ്റ്റ് സമീപനം 'ബലാത്സംഗം നടത്തുന്നവരെ കൊല്ലണം' എന്നതിൽ നിന്നു തുടങ്ങി ഫേസ്ബുക്കിന്റെ സംവാദചരിത്രത്തിലെ ഒരു നാഴികക്കല്ലായി ഞാൻ കരുതുന്ന കിംഗ് ജോൺസിന്റെ 'കുട്ടികളുടെ കോടതി' എന്ന കവിത നിരോധിക്കാനുള്ള പോരിൽ വരെ കാണാം. (എങ്ങനെ കവിതയെഴുതണം എന്ന് ഒരു എഞ്ചുവടി അടിച്ചിറക്കിയില്ല എന്നതൊഴിച്ചാൽ ക്ലാസിക് ചർച്ചയായിരുന്നു). സദാചാരപ്പോലീസുകാരെപ്പോലും നാണിപ്പിക്കുന്ന തരത്തിൽ കപടസദാചാരനിഷ്ഠ അടിച്ചേൽപ്പിക്കുന്ന ഫാസിസ്റ്റ് സമീപനം സ്ത്രീകളിൽ തെളിഞ്ഞുകാണുന്നതിൻറെ ഒരു ഉത്തമോദാഹരണം ആണിത്. തങ്ങളെ ഇരകളാക്കുന്ന 'സ്ത്രീ' എന്ന തന്മയോട് മാത്രമേ സവർണ്ണ സ്ത്രീകൾ പൊതുവേ ആഭിമുഖ്യം കാണിക്കാറുള്ളൂ. തങ്ങളുടെ മേധാവിത്വം വെളിപ്പെടുത്തുന്ന ജാതി, വർഗം, പാർട്ടി, വംശം, പ്രാദേശികത തുടങ്ങിയ വിഷയങ്ങളിലൂന്നുന്ന ചർച്ചകൾ വരുമ്പോൾ ഇവയുടെ ഗുണഫലങ്ങളനുഭവിക്കുന്ന സ്ത്രീകൾ പുരുഷൻമാരെപ്പോലെ തന്നെ സൈബറിടങ്ങളിൽ അക്രമാസക്തരായി മാറാറുണ്ട്.

അനോണിമിറ്റിയിലൂടെ തങ്ങളുടെ സ്വകാര്യതയെ സംരക്ഷിക്കുന്ന സ്ത്രീകളും സൈബറിടത്തിൽ കുറവല്ല. ചിലർക്ക് അത് മറ്റുള്ളവരെ കൂടുതൽ സൗകര്യപ്രദമായി ആക്രമിക്കാനുള്ള ഒരു (വോയറിസ്റ്റ്) മറയാകുമ്പോൾ കുടുംബവും സമൂഹവും സ്റ്റേറ്റും ഒക്കെ സൈബർ നിയന്ത്രണം അടിച്ചേൽപ്പിക്കുന്ന സന്ദർഭങ്ങളിൽ ഗത്യന്തരമില്ലാതെ അനോണിമിറ്റി സ്വീകരിക്കേണ്ടി വരുന്ന സ്ത്രീകളും ഉണ്ട്. എല്ലാ അനോണിമിറ്റിയും ഒരേ അധികാര നിലയെ അല്ല സൂചിപ്പിക്കുന്നത്. LGBTQന് അവരായി നിൽക്കാൻ പറ്റുന്ന, ആർക്കും സ്ത്രീയും പുരുഷനുമാകാൻ പറ്റുന്ന ഇടം എന്ന വിശാലതയെ തുരങ്കം വച്ച് ഫേസ്ബുക്ക് കൊണ്ടുവന്ന റിയൽനെയിം പോളിസിക്കെതിരെ 'ഫോർ എ ബെറ്റർ എഫ് ബി' എന്ന പേരിൽ ഞാനുൾപ്പെടെയുള്ള എട്ട് സ്ത്രീകളുടെ നേതൃത്വത്തിൽ നടന്ന സമരത്തിന്റെ തകർച്ചയും അതിന്റെ കാരണങ്ങളും സൈബറിടത്തിലെ സ്ത്രീകളുടെ ഇടപെടലുകളുടെ ജനാധിപത്യത്തെയും നൈതികതയെയും കുറിച്ചുള്ള അനേകം ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്.

ചർച്ചാവിഷയം

# സൈബറിടം തേടുന്ന സ്ത്രീ





റീം ഷംസുദ്ദീൻ

വരേണ്യതയുടെ ചങ്ങലക്കെട്ടുകൾ ഭേദിച്ച് എഴുതലും പ്രസിദ്ധപ്പെടുത്തലും സർവ്വാധികം ആയപ്പോൾ എഴുത്തിന്റെ ഭാഷയ്ക്കും രീതികൾക്കും ഒപ്പും എഴുതപ്പെടുന്ന ആശയങ്ങൾക്കും കൃതി കർത്താക്കൾക്കും ഒക്കെ പുതിയ മാനങ്ങൾ കൈവന്നു. നവമാധ്യമങ്ങളുടെ അതിപ്രസരത തത്‌വിമർശനങ്ങൾക്കതീതമായി അടിച്ചമർത്തപ്പെട്ട നിരവധി ശബ്ദങ്ങൾക്കു വേദിക ഒരുക്കിയതും ധൈര്യം നൽകിയതും ഫേസ്ബുക്ക് പോലെയുള്ള നവമാധ്യമങ്ങളുടെ പങ്ക് ചെറുത് അല്ല എന്ന് തെളിയിക്കുന്നു. സ്ത്രീകൾ ഉന്നയിച്ചതും സ്ത്രീസംബന്ധിയായി ഉന്നയിക്കപ്പെട്ടതുമായ നിരവധി വിഷയങ്ങൾ അവിടെ ചർച്ച ചെയ്യപ്പെട്ടു. സ്ത്രീ എന്ന ആശയത്തിന്റെ അർത്ഥതലങ്ങളിലേക്ക് അന്വേഷിച്ചുചെല്ലുന്നതിനും വ്യവസ്ഥാപിതമായി അവൾക്ക് എതിരെ പ്രയോഗിക്കപ്പെട്ട നിർവചനങ്ങളെയും അരുതുകളെയും ചോദ്യം ചെയ്യുന്നതിനും ഇത്തരം വേദികൾ ഉപയുക്തം ആക്കിയിട്ടുണ്ട്. ജിഷയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് മുഖ്യധാരാ മാധ്യമങ്ങൾ സൗകര്യപൂർവ്വം അനുഷ്ഠിച്ചുപോന്ന മൗനം, തത് വിഷയത്തിൽ നവ-മാധ്യമങ്ങളിൽ ഉയർന്ന ഘോരഘോരശബ്ദത്തെ തുടർന്ന് ഭഞ്ജിക്കപ്പെട്ടു. ജിഷ എന്ന പെൺകുട്ടിയുടെ സാമൂഹികവും സാമ്പത്തികവും ആയ സാഹചര്യങ്ങളെ കണക്കിലെടുത്താവണം മുഖ്യധാരാമാധ്യമങ്ങൾ ഈ വിഷയത്തിൽ മൗനം കൈക്കൊള്ളാൻ തീരുമാനിച്ചത്. പ്രസ്തുത സംഭവം കഴിഞ്ഞ് ര

ണ്ടോ മൂന്നോ ദിവസങ്ങൾക്കു ശേഷം മാത്രമാണ് ഈ വാർത്ത മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. ഒരു യുവതി നിർദ്ദയം കൊലചെയ്യപ്പെട്ടു എന്നു മാത്രം ആണ് റിപ്പോർട്ട് ചെയ്യപ്പെട്ടതും. ഈ വിഷയം ഒരു കൊലപാതകം മാത്രമായി കണ്ടപ്പോഴാണ് ജിഷയുടെ പേരുപോലും ഇന്ന് പൊതുസമൂഹത്തിന് അറിയുന്നത്. അവിടെ ഒരു നികൃഷ്ടമായ പീഡനം നടന്ന വിവരം മറച്ചുവെക്കപ്പെട്ടത് തികച്ചും വിചിത്രമാണ്. പുറംപോക്കിൽ താമസിക്കുന്ന ഒരു ദളിത് യുവതിക്ക് ഇത്രയും കവറേജ് മതി എന്നു കരുതിക്കാണണം. പക്ഷേ തത് സംഭവം കേവലം ഒരു കൊലപാതകത്തിനും അപ്പുറം നിഗൂഢം ആയ മറ്റെന്തൊക്കെയോ ആണ് എന്നുള്ള ചർച്ചകളും വിചാരണകളും സോഷ്യൽമീഡിയകളിൽ സംഭവിച്ചപ്പോൾ തെരഞ്ഞെടുപ്പും പ്രചരണങ്ങളും ഒരു ഭാഗത്തേക്ക് ഒതുക്കിവെച്ച് ഈ വിഷയത്തിന്റെ നേരും പൊരുളും റിപ്പോർട്ട് ചെയ്തേ മതിയാവൂ എന്ന സാഹചര്യമായി മുഖ്യധാരാമാധ്യമങ്ങൾക്ക്. തന്നെയും അല്ല സോഷ്യൽമീഡിയ തൊടുത്തുവിട്ട സമരങ്ങൾ തെരുവിലേക്ക് ഇറങ്ങുകയും ചെയ്തു. സോഷ്യൽമീഡിയയുടെ അനുയോജ്യമായ ഇടപെടലുകൾ കൊണ്ട് ഒരുപാടങ്ങു കണ്ണടച്ചിരുട്ടാക്കാൻ കഴിയില്ല എന്ന അവസ്ഥ സമൂഹത്തിൽ പൊതുവായി ഉണ്ടായിട്ടുണ്ട്.

ഒരു വാർത്ത ഏറ്റവും ശക്തമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ സുപ്രധാനമായ ഒരു മാധ്യമം ആണ് സോഷ്യൽമീഡിയ. 2015ൽ ജോലി തേടി ഡൽഹിയിൽ എത്തിയ ഈയുള്ളവൾക്ക് ഉണ്ടായ ഒരു തിക്താനുഭവം സോഷ്യൽമീഡിയയിലൂടെയാണ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുന്നത്. അവിവാഹിതയായ, കാഴ്ചപരിമിതയായ ഒരു മുസ്ലിം മതസ്ഥയായ യുവതിക്ക് മെട്രോ പൊളിസ് എന്ന് ഊറ്റം കൊള്ളുന്ന തത് ഭാരതീയ നഗരത്തിൽ താമസിക്കാൻ ഒരു ഇടം കിട്ടുന്നതിന് നേരിടേണ്ടി വന്ന ബുദ്ധിമുട്ട് ചൂണ്ടിക്കാട്ടി ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനു ഒരു യൂട്യൂബ് സന്ദേശം വഴി പരാതി നൽകിയിരുന്നു. ഈ എളിയ അധ്യാപികയുടേത് ഒരു ഒറ്റപ്പെട്ട അനുഭവം അല്ലെന്നും തന്മൂലം തത്വിഷയത്തിൽ മുഖ്യമന്ത്രി ഗൗരവപൂർവ്വം ഇടപെടണം എന്നും യൂട്യൂബ് നിവേദനത്തെച്ചൊല്ലി പക്ഷം പിടിച്ചവരും എതിർപക്ഷക്കാരും തമ്മിൽ ഒരുപാട് തർക്കങ്ങൾ ഉണ്ടായെങ്കിലും ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ മുഖ്യമന്ത്രിയുടെ കാര്യാലയത്തിൽ നിന്നും ഈ വിഷയത്തിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ടുള്ള ഫോൺസന്ദേശം സ്വീകരിക്കപ്പെട്ടു. തന്നെയുമല്ല പ്രശ്നപരിഹാരത്തിനായുള്ള എല്ലാ സഹായങ്ങളും ഉറപ്പു ചെയ്തു. സോഷ്യൽമീഡിയയുടെ സഹായം ഇല്ലായിരുന്നുവെങ്കിൽ മുഖ്യമന്ത്രിയിലേക്ക് അത്രയെളുപ്പം ഈയുള്ളവൾക്ക് എത്താൻ കഴിയില്ലായിരുന്നു എന്നത് അനിഷേധ്യമായ സത്യം ആണ്. കാരണം ഈശ്വരാനുഗ്രഹത്താൽ കഷ്ടപ്പെട്ടു നേടിയ വിദ്യാഭ്യാസവും അതു തരുന്ന ധൈര്യവും മാത്രം ആണ് എന്നെപോലെയുള്ള സാധാരണക്കാരുടെ ഏക മുതൽക്കൂട്ട്. പണ്ടൊക്കെ പത്രങ്ങളിൽ വാർത്ത വരണം എങ്കിൽ ആ വാർത്ത ചില




മാനദണ്ഡങ്ങൾ പാലിക്കേണ്ടിയിരുന്നു. സോഷ്യൽമീഡിയകളുടെ അഭികാമ്യമായ ഇടപെടലുകളോടെ ആ മാനദണ്ഡങ്ങൾ പൊട്ടിച്ചെറിയപ്പെട്ടപ്പോൾ എന്നെപ്പോലുള്ള നിരവധി സാധാരണക്കാരുടെ അതിരൂക്ഷമായ അത്യനവധി പ്രശ്നങ്ങൾ ഇന്ന് പൊതുചർച്ചകൾക്കു വിധേയമാകുന്നു. ചാർച്ചക്കാരുടെ അകമ്പടിയില്ലാതെ ചുവപ്പുനാടകളുടെ കുരുക്കുകളിൽ പെടാതെ ഇന്ന് സോഷ്യൽമീഡിയ ഓരോ വിഷയത്തിനും അത് അർഹിക്കുന്ന പ്രാധാന്യം നൽകിക്കൊണ്ട് വാർത്തകൾ ജനമധ്യത്തിലേക്ക് എത്തിക്കുന്നു, അധികാരികളുടെ ശ്രദ്ധക്ഷണിക്കുന്നു. ●

# ജനാധിപത്യത്തിന്റെ ഫിഫ്ത്ത് എസ്റ്റേറ്റ്





ദീപ നിഷാന്ത്

ഒരു കാലത്ത് മലയാളിയുടെ ചൂടേറിയ ചർച്ചകൾക്കും സംവാദങ്ങൾക്കും വേദികളായിരുന്ന ഇടങ്ങൾ ഗ്രാമീണ വായനശാലകളും ചായക്കടകളുമൊക്കെയായിരുന്നു. എന്നാൽ ഇന്ന് സോഷ്യൽ മീഡിയയാണ് രംഗം കീഴടക്കിയിരിക്കുന്നത്. ഒരു കമ്പ്യൂട്ടറോ മൊബൈലോ ഉണ്ടെങ്കിൽ ആർക്കും സ്വന്തം ആശയങ്ങൾ പ്രചരിപ്പിക്കാനും പ്രസിദ്ധീകരിക്കാനും സ്വന്തം രചനയുടെ പ്രസാധകനും വിതരണക്കാരനുമാകാനും അവസരം ലഭിക്കുന്ന ഇടമാണ് സോഷ്യൽ മീഡിയ. പത്രാധിപകരുടെ ഇടപെടലിനെ ഭയക്കാതെ, പ്രസാധകന്റെ ഔദാര്യത്തിന് കാത്തു നിൽക്കാതെ ആർക്കും സ്വന്തം ആശയങ്ങൾ പ്രകാശിപ്പിക്കാനുള്ള ഒരിടമാണത്. ജനാധിപത്യത്തിന്റെ ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന് വിശേഷിപ്പിക്കാവുന്ന എഴുത്തിന്റെ ഈ നവീനമുഖത്തിന് സാധ്യതകൾ ഏറെയാണ്.

പത്രങ്ങളേക്കാൾ, ചാനലുകളേക്കാൾ സാധാരണക്കാരന്റെ പൾസറിയാൻ സോഷ്യൽ മീഡിയ വഴി സാധിക്കുന്നു. ഒരു വാർത്തയുടെ അതിവേഗ വിതരണസാധ്യത ഉറപ്പാക്കാൻ ഈ മീഡിയത്തിന് സാധിക്കുന്നുണ്ട്. വ്യവസ്ഥാപിത മാധ്യമങ്ങൾക്ക് സാധ്യമല്ലാത്ത വിതരണസാധ്യത തീർച്ചയായും സോഷ്യൽ മീഡിയക്കുണ്ട്.

കേരളത്തിൽ അടുത്തിടെ നടന്ന പല സമരങ്ങളിലും സോഷ്യൽ മീഡിയയുടെ പങ്കാളിത്തം നമുക്ക് നിഷേധിക്കാനാവില്ല. മുഖ്യധാരാ

മാധ്യമങ്ങൾ മുഖം തിരിച്ചു നിന്ന പല വിഷയങ്ങളും സോഷ്യൽ മീഡിയ ഏറ്റെടുത്ത് വിജയിപ്പിച്ചതിന്റെ നിരവധി ഉദാഹരണങ്ങളുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ അവകാശസമരം മുഖ്യധാരാ മാധ്യമങ്ങളിൽ പലതിലും വലിയ വാർത്തയായിരുന്നില്ല. സോഷ്യൽ മീഡിയയാണ് ശക്തമായി പിന്തുണച്ച് സമരത്തെ ആളിക്കത്തിച്ചത്. സമരം വിജയിച്ചതോടെ മുഖ്യധാരാ മാധ്യമങ്ങളുടെ മുൻ പേജിൽ വാർത്ത പ്രാധാന്യത്തോടെ വരികയും ചെയ്തു.മുഖ്യധാരാ മാധ്യമങ്ങളേക്കാൾ വേഗത്തിൽ സമൂഹത്തിന്റെ സ്പന്ദനങ്ങൾക്കൊത്ത് ചലിക്കാൻ സോഷ്യൽ മീഡിയക്ക് കഴിയുന്നുണ്ട്.

ആശയസംവേദനത്തിന്റെ അനന്ത സാധ്യതകൾ മുതലെടുത്താണ് പ്രസ്ഥാനങ്ങളും വ്യക്തികളും സോഷ്യൽ മീഡിയ ഉപയോഗപ്പെടുത്തുന്നത്. രാഷ്ട്രീയപ്പാർട്ടികളും അവരവരുടെ ആശയ വിനിമയങ്ങൾക്കായി ഈ ഇടത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരം ഉപയോഗപ്പെടുത്തലുകളെ പലരും പരിഹസിച്ച് നിർവീര്യമാക്കാൻ ശ്രമിക്കുന്നതും കാണാം. അതിന്റെ ആവശ്യമില്ല. ഇടങ്ങളെല്ലാം നവീകരിക്കപ്പെടേണ്ടതു തന്നെയാണ്. ഒ.എൻ.വി.യേയും മധുസൂദനൻ നായരേയും മുരുകൻ കാട്ടാക്കടയേയും അനിൽ പനച്ചൂരാനേയും ' കാസറ്റ് കവി'കളായി പരിഹസിക്കാറുണ്ട് ചില അക്കാദമിക് ബുദ്ധിജീവികൾ. ഒരു മാധ്യമത്തെ അവർക്കിഷ്ടമുള്ള രീതിയിൽ അവരുപയോഗിക്കുന്നതു കൊണ്ട് മറ്റുള്ളവർക്കെന്താണ് ചേതം? കവിത ജനങ്ങളിലേക്കെത്തിക്കാൻ ഒരു നവീന മാർഗ്ഗം അവർ സ്വീകരിച്ചു.അത്രമാത്രം. അത്തരമൊരു നവീന മാധ്യമമാണ് സോഷ്യൽ മീഡിയയും. അതിനെ തള്ളിക്കളയാൻ ശ്രമിക്കുന്നത് വിഡ്ഢിത്തമാണ്.

നിലനിൽക്കുന്ന ഭരണകൂടത്തോട്, അഴിമതികളോട് അമർഷവും രോഷവും മറയില്ലാതെ പ്രകടിപ്പിക്കാനുള്ള ഒരവസരം സോഷ്യൽ മീഡിയ നൽകുന്നുണ്ട്. ഒരു സാധാരണ പൗരന് അവന്റെ അഭിപ്രായം പറയാൻ ഒരിടം അവിടെയുണ്ട്. 'കാണി' മാത്രമായിരുന്ന പലരും അവിടെ ഇടപെടുന്നവരാണ്. യോജിപ്പുകളും വിയോജിപ്പുകളും അവിടെ പങ്കുവെക്കാം.

വിയോജിപ്പുകൾ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യമുണ്ടോ എന്നതാണ് ഒരു സമൂഹത്തിന് എത്രമാത്രം സ്വാതന്ത്ര്യമുണ്ട് എന്ന് കണ്ടെത്താനുള്ള അളവുകോൽ. വിയോജിപ്പുകളെയെല്ലാം അസഹിഷ്ണുതയോടെ നോക്കിക്കാണുന്ന ഒരു ഭരണകൂടത്തിനു കീഴിലാണ് നാമിന്ന് ജീവിക്കുന്നത്. സഹിഷ്ണുതയില്ലാത്ത ഒരു സാമൂഹികാന്തരീക്ഷം ഇന്ന് നിലനിൽക്കുന്നുണ്ട്. ഭിന്നാഭിപ്രായങ്ങളോട് നമ്മുടെ സമൂഹം പ്രതികരിക്കുന്ന രീതിയും അത്തരം പ്രതികരണങ്ങളോട് ഭരണകൂടത്തിന്റെ സമീപനവും കണ്ടാൽ നമുക്കുണ്ടെന്ന് നാം കരുതുന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് വലിയ ആശങ്കയാണ് ഉണ്ടാകുക.

സ്വാതന്ത്ര്യം എന്ന മഹത്തായ ആശയത്തെ കൊന്നു കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ അതിനെതിരെ ചെറുവിരലെങ്കിലും അനക്കിയില്ലെങ്കിൽ കാലം നമ്മോടു പൊറുക്കില്ല. ഭരണകൂട കൊള്ളരുതായ്മകളെ ഒരു വിസമ്മതവും കൂടാതെ അനുസരിക്കുന്നവർക്ക് അസഹിഷ്ണുത എന്ന പദം ഒരു കെട്ടുകഥ മാത്രമായിരിക്കും. എന്നാൽ നിലനിൽക്കുന്ന ഒരു യാഥാർത്ഥ്യമാണതെന്ന് നാം തിരിച്ചറിഞ്ഞേ മതിയാകൂ.

സ്വാതന്ത്യത്തോടെ ഒരു വ്യക്തിക്ക് അഭിപ്രായം പറയാൻ,

എഴുതാൻ,<br>
ചിന്തിക്കാൻ,<br>
ഒന്നിച്ചിരിക്കാൻ,<br>
ഇഷ്ടമുള്ളത് കഴിക്കാൻ,<br>
ഇഷ്ടമുള്ള വസ്ത്രം ധരിക്കാൻ

ഇന്ന് സാധിക്കുന്നുണ്ടോ? സാധിക്കുന്നില്ലെങ്കിൽ ഒരു ജനാധിപത്യപരമാധികാരരാഷ്ട്രമാണ് നമ്മുടേതെന്ന് പറയാൻ നാം ലജ്ജിക്കേണ്ടിയിരിക്കുന്നു.സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള, അസഹിഷ്ണുതക്കെതിരായുള്ള കലാപങ്ങളാണ് ഇന്ന് സോഷ്യൽ മീഡിയയിലൂടെ ശക്തമാവുന്നത് .ജനാധിപത്യത്തിന്റെ ഇത്തരം പച്ചത്തുരുത്തുകളെ നിലനിർത്തിയേ മതിയാകൂ.

തീർച്ചയായും ഈ ഇടത്തിന് അതിന്റേതായ പോരായ്മകളുണ്ട്. സമര രംഗത്തെ നേരിട്ടുള്ള ഇടപെടലിന് പകരം വെക്കാൻ ഒരു സോഷ്യൽ മീഡിയ ഇടപെടലിനും സാധിക്കില്ല. സോഷ്യൽ മീഡിയ പ്രൊഫൈലുകളിൽ മാത്രം വിപ്ലവകാരികളായി മാറുന്ന ആളുകൾ ധാരാളമുണ്ട്. സോഷ്യൽ മീഡിയയിലൂടെ നിലപാടുകൾ വിളിച്ചു പറഞ്ഞ് കൈയും കെട്ടി നോക്കിയിരുന്നാൽ ഒരു സമരവും വിജയിക്കില്ല. സമരവിജയത്തിന് പങ്കാളിത്തം ആവശ്യമാണ്. അതുകൊണ്ടു തന്നെ എല്ലാം യന്ത്രങ്ങൾക്ക് വിട്ടുകൊടുക്കാതിരിക്കുക. സോഷ്യൽ മീഡിയയെ ഒരു മീഡിയമോ ടൂളോ മാത്രമായി ഉപയോഗപ്പെടുത്തുക. സർവ്വ പ്രശ്നങ്ങൾക്കുമുള്ള ഒരു ഒറ്റമൂലിയായി കാണാതിരിക്കുക. ●

ഉപ്പും മുളകും



ഗീത

# ആണിന്റെ ശത്രു ആണു തന്നെയാണ്

**സ്ക്രീനിനപ്പുറത്തെ സ്ത്രീയുടെ മുഖവും ശബ്ദവും ശരീരവും പുരുഷന്റേതായി മാറുന്നതോടെ പൊടുന്നനെ നായകൻ പ്രതിനായകനും പ്രതിനായകൻ നായകനുമായിത്തീരുന്നു. അകം പുറവും പുറം അകവുമാകുന്നു. ഉത്തരം ചോദ്യവും ചോദ്യം ഉത്തരവുമാകുന്നു.**

ജനനം മുതൽ മരണം വരെ പലതരം അശ്ലീല കമന്റടികൾ കേട്ടാണ് ഏതു പെൺകുട്ടിയും വളരുന്നത്. അത്ഭുതം തന്നെ ഇതു തികച്ചും സ്വാഭാവികമായി പൊതുസമൂഹത്തിന് അനുഭവപ്പെടുന്നു. അതുകൊണ്ടു തന്നെ അതു തിരുത്തപ്പെടുന്നും ഇല്ല. ആ നിലക്ക് സ്ത്രീസമൂഹത്തിനുമേൽ ഏകപക്ഷീയമായി 'പൊതു'സമൂഹം നടത്തുന്ന റാഗിംഗ് ആണ് ഇതെന്നു പറയാം. കമന്റടികൾ, പിന്തുടരൽ, ഊമക്കത്തയക്കൽ എന്നിങ്ങനെയുള്ള പഴഞ്ചൻ കലാപരിപാടികൾ അവസാനിച്ചുവെന്നത് തോന്നൽ മാത്രമാണ്. അവക്കു സമാന്തരമായി മറ്റു ചിലതു കൂടി ഉണ്ടായിവന്നിരിക്കുന്നു.

ഫോൺ എന്ന പുതിയ സങ്കേതം വരുന്നതോടെ മിസ്കോളടിക്കൽ, രാത്രിവിളികൾ എന്നിങ്ങനെയുള്ള സമാന്തര അഭ്യാസങ്ങൾ തുടങ്ങി. അതും പഴകിയപ്പോൾ അതുപേക്ഷിക്കുകയുണ്ടായില്ല. അതോടൊപ്പം ഇന്റർനെറ്റിലെ സെക്സ് ചാറ്റിംഗ് തുടങ്ങുകയാണുണ്ടായത്. സ്ത്രീകളുടെ സുന്ദരനഗ്നത അവിടെ ഉത്സവമായി. ഏറ്റവും പുതിയ പുരുഷന്റെ ആണത്താഘോഷങ്ങളുടെ വളർച്ചയും പരിണാമവുമാണ് ജയപ്രകാശ് നാരായണനെന്ന നവാഗതസംവിധായകന്റെ ലെൻസ് എന്ന പുതിയ സിനിമ പ്രതിപാദിക്കുന്നത്.

ലെൻസ് ഒരു സ്ത്രീപക്ഷസിനിമയേ അല്ല. പിന്നെന്തുകൊണ്ട് സംഘടിതയിൽ ഇതിനെപ്പറ്റി എഴുതണം? പുതിയ സാങ്കേതിക വിദ്യകൾ ഇവിടെയുള്ള പരമ്പരാഗതപൗരുഷത്തെ കൊണ്ടെത്തിച്ച സന്ദിഗ്ധതകൾ എന്തെല്ലാമാണ് എന്ന ഒരു പെണ്ണിന്റെ അന്വേഷണമാണ് ഈ എഴുത്തിനുള്ള പ്രേരണ എന്നതു മാത്രമാണ് മറുപടി.

വീട്ടിലെ മുറിയിൽ ഒരു കമ്പ്യൂട്ടറിനുമുന്നിലിരുന്നുകൊണ്ട് നമുക്കിന്നു ലോകം മുഴുവൻ ഓടിനടന്നു ജോലിചെയ്യാം. സിനിമയിലെ നായകൻ മുറിയടച്ച് കമ്പ്യൂട്ടറിനു മുന്നിലിരിക്കുന്നു. വാതിലിനു പുറത്തെ ഭാര്യ അയാൾക്കൊരു ശല്യമായി അനുഭവപ്പെടുന്നു. അതിനു കാരണം അവളുടെ വിളികൾ കടന്നുവരുന്നതും വിച്ഛേദിക്കുന്നതും അയാളുടെ ജോലിയിലുള്ള ഏകാഗ്രതയെ അല്ല. കമ്പ്യൂട്ടർസ്ക്രീനിനപ്പുറത്ത് അയാൾ ആസ്വദിച്ചുകൊണ്ടിരിക്കുന്നത് സ്ത്രീശരീര

മാണ്. കമ്പ്യൂട്ടറിനുമുമ്പിൽ അടിവസ്ത്രമൂരി വികാരമൂർച്ഛയിലേക്കു കുതിച്ചുകൊണ്ടിരിക്കുന്ന അയാളെ സംബന്ധിച്ചു ഭാര്യ മാത്രമല്ല, പുറംലോകം മുഴുവൻ അലോസരമായി അനുഭവപ്പെടുന്നു.

സ്ക്രീനിനപ്പുറത്തെ സ്ത്രീയുടെ മുഖവും ശബ്ദവും ശരീരവും പുരുഷന്റേതായി മാറുന്നതോടെ പൊടുന്നനെ നായകൻ പ്രതിനായകനും പ്രതിനായകൻ നായകനുമായിത്തീരുന്നു. അകം പുറവും പുറം അകവുമാകുന്നു. ഉത്തരം ചോദ്യവും ചോദ്യം ഉത്തരവുമാകുന്നു.

മ ആത്മാർത്ഥമായി ശ്രമിക്കുന്നുമുണ്ട്.

പുതിയ ആഘോഷങ്ങളുടെ കർത്താവായ ആണിനെ കാർക്കിച്ചു തുപ്പാൻ പുരുഷൻ തന്നെ വേണമെന്നതാണ് ലെൻസിന്റെ പ്രശ്നം. സ്ത്രീവിരുദ്ധമായ ആൺവീറുകളെ നിഷ്ക്രിയമാക്കുന്ന ആണുങ്ങളുമുണ്ട്. അത്രത്തോളം ഗുണകരമാണ്. അവിടുന്നങ്ങോട്ടാണ് പ്രശ്നം. എന്താണ് സാക്ഷിയെ പ്രകോപിതനാക്കിയത്? സുഹൃത്തിന്റെ സ്വഭാവം അയാൾക്കറിയാമായിരുന്നു. അപ്പോഴൊക്കെ കാർക്കിച്ചു തുപ്പുകയല്ല. സ്നേഹബുദ്ധ്യാ ഗുണദോഷി

**പൗരുഷം പുതിയതാവുമ്പോഴും പഴയതായിരിക്കുന്നു. എന്താണ് പുതിയ ആണത്ത സംഘർഷങ്ങളുടെ പരിഹാരം? ആണിന്റെ ശത്രു ആണുതന്നെയാണെന്നു പുരുഷൻ തിരിച്ചറിയുകയാണ് അതിനുള്ള ഏക പോംവഴി. അതുകൊണ്ട് ആൺസുഹൃത്തുക്കളെ, അതിനായി സ്വന്തം ആൺനോക്കുകളെ പിൻവലിക്കുകയും ഒളിക്കാമറകൾ എടുത്തുമാറ്റുകയും ചെയ്യുക.**

വാദിയും പ്രതിയും സാക്ഷിയുമായ മൂന്നുപുരുഷന്മാരാണ് സിനിമയെ പ്രധാനമായും മുന്നോട്ടു നയിക്കുന്നത്. വാദിയും പ്രതിയും പരസ്പരം മാറിയതിനു ശേഷമാണ് സാക്ഷിയുടെ പ്രവേശം. ശരീരം, ബന്ധം, സ്വകാര്യത എന്നിങ്ങനെയുള്ള വ്യത്യസ്തമാനങ്ങളിലൂടെ നായകപ്രതിനായകസംവാദം വികസിക്കുമ്പോൾ ഒളിഞ്ഞിരിക്കുന്നവനാണ് സാക്ഷി. ആദ്യം നായകനും പ്രതിനായകനുമായി മാറിയ സുഹൃത്തിനെ രക്ഷിക്കാൻ അയാൾ ക്ലേശിക്കുന്നുമുണ്ട്. നായകൻ ആത്മബലിയിലേക്ക് നീങ്ങുന്നു

ഈ മൂന്നു പുരുഷന്മാരുടേയും ഉദ്വേഗവും ഉത്കണ്ഠയും സ്വന്തം ഭാര്യമാരെ ചുറ്റിപ്പറ്റിയാണ്. എന്നാൽ ഈ സ്ത്രീകൾ പുരുഷസംവാദത്തിലേക്ക് കടന്നുവരുന്നില്ല. പുരുഷന്മാരുടെ സങ്കേതങ്ങളിൽ സംരക്ഷിക്കപ്പെട്ട 'ഫയലു'കൾ മാത്രമാണവർ. ഈ പുതിയ വിർചൽ മാധ്യമത്തിലും പെണ്ണുചരക്കുവത്ക്കരിക്കപ്പെടുന്നതെങ്ങനെയെന്നു വ്യക്തമാക്കാൻ സിനിക്കാനാണ് അയാൾ ശ്രമിച്ചത്. തന്റെ ഭാര്യയുടെ വയറ്റത്തെ കാക്കപ്പുള്ളിയും സുഹൃത്തിന്റെ ആനന്ദമാർഗ്ഗമായതാണ് അയാളെ പ്രകോപിപ്പിച്ചതെന്ന് വ്യക്തം. സ്വന്തം സ്വകാര്യസ്വത്ത് ആക്രമിക്കപ്പെട്ടു എന്ന തോന്നലിൽ നിന്നാണ് സിനിമയിലെ പുരുഷന്റെ പ്രതിരോധം രൂപപ്പെട്ടത്. അപ്പോൾ ഭാര്യ ഒരു ശരീരവും ആ ശരീരം ഒരു ചരക്കും പുരുഷൻ അതിന്റെ സംരക്ഷകനുമാണ്. അതായത് പുതിയ സാങ്കേതിക പൗരഷത്തിന്റെ പരിഗണനകൾ പഴഞ്ചനായ ഫ്യൂഡൽപ്രഭുവിന്റേതു തന്നെയാണ്.

പൗരുഷം പുതിയതാവുമ്പോഴും പഴയതായിരിക്കുന്നു. എന്താണ് പുതിയ ആണത്ത സംഘർഷങ്ങളുടെ പരിഹാരം? ആണിന്റെ ശത്രു ആണുതന്നെയാണെന്നു പുരുഷൻ തിരിച്ചറിയുകയാണ് അതിനുള്ള ഏക പോംവഴി. അതുകൊണ്ട് ആൺസുഹൃത്തുക്കളെ, അതിനായി സ്വന്തം ആൺനോക്കുകളെ പിൻവലിക്കുകയും ഒളിക്കാമറകൾ എടുത്തുമാറ്റുകയും ചെയ്യുക. ●




അഡ്വ. മരിയ

# സ്ത്രീ വിമോചനപ്രസ്ഥാനത്തിന്റെ ചരിത്രം കൂടിയായ ആത്മകഥ

ആത്മകഥ സാധാരണ ഗതിയിൽ ഒരു വ്യക്തിയുടെ ജീവിത കഥയാണ്. എന്നാൽ അത്യപൂർവ്വ സന്ദർഭങ്ങളിൽ അത് ആത്മകഥ രചയിതാവ് പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിന്റെ ചരിത്രമായി മാറാറുണ്ട്. അത്തരത്തിലുള്ള ഒരാത്മകഥയാണ് സ്ത്രീവിമോചനപ്രസ്ഥാനത്തിന്റെ ജീവിച്ചിരിക്കുന്ന ബിംബമെന്ന് രണ്ട് തവണ ആലോചിക്കാതെ പറയാവുന്ന ആഗോള പ്രശസ്തയായ അമേരിക്കക്കാരി എൺപത്തിയൊന്നു വയസ്സുള്ള ഫെമിനിസ്റ്റ് ഗ്ലോറിയ സ്റ്റെയിനമ്മിന്റെ 'മൈ ലൈഫ് ഓൺ ദ റോഡ്സ്'. ഫെമിനിസത്തിന് ഊർജ്ജവും ആവേശവും പകരുന്ന പല ഈടുറ്റ ഗ്രന്ഥങ്ങളുടെയും രചയിതാവ് കൂടിയായ സ്റ്റെയിനമിന്റെ ആത്മകഥ ആവേശത്തോടെയാണ് ലോകമെമ്പാടുമുള്ള ആസ്വാദകലോകം സ്വീകരിച്ചിട്ടുള്ളത്.

യാത്ര തനിക്ക് ഊർജ്ജവും പ്രതീക്ഷയും നൽകുന്ന ഒന്നാണെന്ന് തുടക്കത്തിൽത്തന്നെ പറഞ്ഞുവയ്ക്കുന്ന ആത്മകഥാകാരി, പത്രപ്രവർത്തക, സ്ത്രീ വിമോചനപ്രസ്ഥാനപ്രവർത്തക,



രാഷ്ട്രീയപ്രവർത്തക, നിത്യസഞ്ചാരിണിയായ ഫെമിനിസ്റ്റ്സംഘാടക എന്നീ നിലകളിലെല്ലാം തന്നെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള വ്യക്തി എന്നതിനേക്കാൾ ഒരു പ്രസ്ഥാനമാണ് എന്നു പറയുന്നതായിരിക്കും കുടുതൽ അനുയോജ്യം.

ഗ്ലോറിയ സ്റ്റെയിനമ്മിന്റെ യഥാർഥ ഫെമിനിസ്റ്റ് മുഖം പുസ്തത്തിന്റെ ഓരോ താളിലും തെളിഞ്ഞു കാണാം. ഏതെങ്കിലും ഒരു പ്രത്യേക വിഭാഗം സ്ത്രീകളുടെ പുരുഷനോടൊപ്പമുള്ള തുല്യതയ്ക്ക് വേണ്ടിയുള്ള നിരന്തര പോരാട്ടമല്ല സ്റ്റെയിന

**ഫെമിനിസം തീവ്രമാണെന്നും, അല്ല തീവ്രത ഇല്ലാത്തതുമാണെന്നുമാണ്. ഇത്തരത്തിൽ സ്ത്രീ വിമോചനപ്രസ്ഥാന വുമായി ബന്ധപ്പെടുന്ന സ്ത്രീകളെ കരി തേച്ച് കാണിക്കുന്നതിന്റെ പിന്നിലെ ഗൂഢ ലക്ഷ്യം നിലവിലുള്ള പുരുഷാധിപത്യ വ്യവ സ്ഥിതിയെ ഫെമിനിസം വെല്ലുവിളിക്കുന്ന തിന്റെ വേഗത കുറയ്ക്കുന്നതിന് വേണ്ടി മാത്രമാണെന്ന് സ്റ്റെയിനം നിരീക്ഷിക്കുന്നു.**

മ്മിന്റേത്. വർഗ്ഗവിവേചനവും, ഭിന്നലിംഗക്കാരുടെ അവകാശങ്ങളും സ്റ്റെയിനം ഉയർത്തിപ്പിടിക്കുന്ന ഫെമിനിസത്തിനുള്ളിലുണ്ട്. കഴിഞ്ഞ അഞ്ച് പതിറ്റാണ്ട് കാലം ഫെമിനിസം അതിജീവിച്ച പുരുഷ നിർമ്മിത കടമ്പകളും ഇന്നും ബാക്കി നിൽക്കുന്ന പ്രതിബന്ധങ്ങളും പുസ്തകത്തിൽ ഉടനീളം കാണാം.

സ്ത്രീവിമോചനപ്രസ്ഥാനവുമായി ബന്ധപ്പെടുന്നവരെ ഒറ്റപ്പെടുത്താനും, അവരുടെ ചിന്താഗതികൾ തെറ്റാണെന്നും അവർ താളപ്പിഴ സംഭവിച്ചവരാണെന്ന് സ്ഥാപിക്കാനും പുരുഷാധിപത്യ സമൂഹം എക്കാലവും തീവ്രശ്രമം നടത്തിയിട്ടുണ്ട് എന്ന കാര്യം ഗ്രന്ഥകാരി ഓർമ്മപ്പെടുത്തുന്നു. പുരുഷാധിപത്യ സമൂഹത്തിന്റെ കണ്ണിൽ ആദ്യകാല ഫെമിനിസ്റ്റുകൾ നഗരങ്ങളിലെ കുറെ അതൃപ്തരായ വീട്ടമ്മമാരായിരുന്നു. പിന്നെ ഒരുകൂട്ടം 'മുലക്കച്ച കത്തിച്ച' സ്ത്രീകൾ. പിന്നീട് ബ്രീഫ്കേസുമായി പുരുഷ എക്സിക്യൂട്ടിവുകളെ അനുകരിക്കാൻ ഇറങ്ങിത്തിരിച്ചവർ. അതിനുശേഷം കുഞ്ഞുങ്ങളുണ്ടാവാൻ മറന്നവർ. ഫെമിനിസം പുരുഷന് എതിരാണെന്ന് പറയുന്നതോടൊപ്പം തന്നെ പുരുഷനെ അനുകരിക്കുന്നെന്ന ആരോപണവും ഉയരുന്നു. മറ്റൊന്ന് ഫെമിനിസം തീവ്രമാണെന്നും, അല്ല തീവ്രത ഇല്ലാത്തതാണെന്നുമാണ്. ഇത്തരത്തിൽ സ്ത്രീ വിമോചനപ്രസ്ഥാനവുമായി ബന്ധപ്പെടുന്ന സ്ത്രീകളെ കരിതേച്ച് കാണിക്കുന്നതിന്റെ പിന്നിലെ ഗൂഢലക്ഷ്യം നിലവിലുള്ള പുരുഷാധിപത്യ വ്യവസ്ഥിതിയെ ഫെമിനിസം വെല്ലുവിളിക്കുന്നതിന്റെ വേഗത കുറയ്ക്കുന്നതിന് വേണ്ടി മാത്രമാണെന്ന് സ്റ്റെയിനം നിരീക്ഷിക്കുന്നു. ഒരു തരത്തിൽ ഇത്തരത്തിലുള്ള ആരോപണങ്ങളും തർക്കങ്ങളും നല്ലതാണ് എന്ന പക്ഷക്കാരിയാണ് സ്റ്റെയിനം. കാരണം തർക്കം നല്ലൊരു അധ്യാപകനാണ്. ഫെമിനിസം കുടുംബവ്യവസ്ഥയ്ക്ക് നല്ലതല്ല എന്ന കുറ്റം ചാർത്തൽ ഉയരുമ്പോൾ പുരുഷാധിപത്യ കുടുംബവ്യവസ്ഥയ്ക്ക് ഫെമിനിസം നല്ലതല്ല എന്ന തിരിച്ചറിവുണ്ടാകുന്നു. എന്നാൽ ജനാധിപത്യ വ്യവസ്ഥിതിയിലുള്ള, ജനാധിപത്യത്തിന് ആധാരമായുള്ള, കുടുംബത്തിന് ഫെമിനിസം നല്ലതാണ് എന്ന അറിവും നമുക്കുണ്ടാകുന്നു.

ജീവിതത്തിന്റെ പകുതിയിലധികം കാലം കാറിലും, മോട്ടോർ ബൈക്കിലും, വിമാനത്തിലും യാത്രയ്ക്കായി വിനിയോഗിച്ച സ്റ്റെയിനം യാത്രകൾ തന്നെക്കുറിച്ച് തനിക്കുണ്ടായിരുന്ന ധാരണ തിരുത്തിക്കുറിച്ചതായി ആത്മകഥയിൽ പറയുന്നു. യാത്രയെക്കുറിച്ചുള്ള കാഴ്ചപ്പാട് സ്റ്റെയിനം പങ്കുവയ്ക്കുന്നത് ഇപ്രകാരമാണ്, റോഡ് യഥാർഥ ജീവിതം പോലെ തന്നെ അടുക്കും ചിട്ടയുമില്ലാത്തതാണ്. അത് നിഷേധത്തിൽ നിന്ന് യാഥാർഥത്തിലേക്കും, തത്വത്തിൽ നിന്ന് പ്രയോഗത്തിലേക്കും, മുൻകരുതലിൽ നിന്ന് പ്രവർത്തനത്തിലേക്കും, സ്ഥിതിവിവരക്കണക്കുകളിൽ നിന്ന് കഥകളിലേക്കും നമ്മെ നയിക്കുന്നു. ചുരുക്കത്തിൽ ശിരസ്സിൽ നിന്നും ഹൃദയത്തിലേക്ക്

**ഫെമിനിസം കുടുംബവ്യവസ്ഥയ്ക്ക് നല്ലതല്ല എന്ന കുറ്റം ചാർത്തൽ ഉയരുമ്പോൾ പുരുഷാധിപത്യ കുടുംബവ്യവസ്ഥയ്ക്ക് ഫെമിനിസം നല്ലതല്ല എന്ന തിരിച്ചറിവുണ്ടാകുന്നു. എന്നാൽ ജനാധിപത്യ വ്യവസ്ഥിതിയിലുള്ള, ജനാധിപത്യത്തിന് ആധാരമായുള്ള, കുടുംബത്തിന് ഫെമിനിസം നല്ലതാണ് എന്ന അറിവും നമുക്കുണ്ടാകുന്നു.**

അത് നമ്മെ നയിക്കുന്നു. യാത്ര ലോകത്തെക്കുറിച്ചുള്ള തന്റെ കാഴ്ച്ചപ്പാടിനെ എപ്രകാരം മാറ്റിമറിച്ചെന്ന് ആത്മകഥാകാരി ആമുഖത്തിൽ തന്നെ വിവരിക്കുന്നുണ്ട്. യാത്രയിൽ മാധ്യമങ്ങൾ യഥാർത്ഥമല്ലെന്ന് താൻ പഠിച്ചതായി സ്വതന്ത്ര പത്രപ്രവർത്തക കൂടിയായ സ്റ്റെയിനം ചൂണ്ടിക്കാട്ടുന്നു. യാഥാർത്ഥ്യം മാത്രമാണ് യാഥാർത്ഥ്യം. ഉദാഹരണത്തിന് അമേരിക്ക

ക്കാർ സ്വാതന്ത്ര്യത്തെ വിലപ്പെട്ടതായി കണക്കാക്കുന്നു എന്നാണ്  മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നത്. എന്നാൽ മറ്റേതൊരു രാജ്യത്തിലേക്കാളും കുടുതൽ ജനങ്ങളെ തടവറയിലടക്കുന്ന രാജ്യമാണ് അമേരിക്ക.

ഫെമിനിസം പലർക്കും പലതാണ് അന്നും, ഇന്നുമെന്ന് സ്റ്റെയിനം നിരീക്ഷിക്കുന്നു. ഉദാഹരണത്തിന് അമേരിക്കയിലെ സാൾട്ട് ലെയ്ക്ക് സിറ്റിയിലേക്കുള്ള യാത്രയിൽ ദൈവമില്ലെന്ന് വിശ്വസിക്കുന്ന കമ്മ്യുണിസ്റ്റുകാരാണ് വനിത വിമോചനപ്രസ്ഥാനം സൃഷ്ടിച്ചതെന്ന ടാക്സി ഡ്രൈവറുടെ അഭിപ്രായവും അതല്ല ക്രിസ്ത്യൻ കുടുംബങ്ങളെ തകർക്കാൻ യഹൂദന്മാർ രൂപം നൽകിയതാണ്   വനിതാവിമോചനപ്രസ്ഥാനം എന്ന് ഡള്ളാസിലേക്കുള്ള യാത്രയിൽ മറ്റൊരു ടാക്സി ഡ്രൈവർ അഭിപ്രായപ്പെട്ടതും അവരോർമ്മിച്ചെടുക്കുന്നു. എന്തായാലും ഭീതിയോടെയാണ് പലരും ഫെമിനിസത്തെ കാണുന്നതെന്ന കാര്യത്തിൽ സ്റ്റെയിനത്തിന് സംശയമില്ല. വലതുപക്ഷ ചായ്‌വുള്ള മതവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഫെമിനിസം ദൈവത്തെയും, കുടുംബത്തെയും, പുരുഷാധിപത്യത്തെയും വെല്ലുവിളിക്കുന്നതാണ്. ഇടതു പക്ഷത്തെ സംബന്ധിച്ചിടത്തോളം ഫെമിനിസം സ്ത്രീകൾക്ക് അനുകൂലമായ പക്ഷപാതപരമായ നിലപാട് സ്വീകരിക്കുന്നത് വർഗ്ഗ സമരത്തിൽ നിന്നുള്ള വ്യതിയാനമാണ്. അതേ സമയം സമത്വത്തിനായുള്ള ഫെമിനിസ്റ്റ് നിലപാട് മൂലം വലതുപക്ഷ ചായ്‌വുള്ളവർ ഫെമിനിസത്തെ ദൈവമില്ലാത്ത കമ്മ്യൂണിസത്തെപ്പോലെ അപകടകാരിയായാണ് കാണുന്നതെന്നും സ്റ്റെയിനം വായനക്കാരെ ഓർമ്മപ്പെടുത്തുന്നു.

**വലതുപക്ഷ ചായ്‌വുള്ള മതവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഫെമിനിസം ദൈവത്തെയും, കുടുംബത്തെയും, പുരുഷാധിപത്യത്തെയും വെല്ലുവിളിക്കുന്നതാണ്. ഇടതു പക്ഷത്തെ സംബന്ധിച്ചിടത്തോളം ഫെമിനിസം സ്ത്രീകൾക്ക് അനുകൂലമായ പക്ഷപാതപരമായ നിലപാട് സ്വീകരിക്കുന്നത് വർഗ്ഗസമരത്തിൽ നിന്നുള്ള വ്യതിയാനമാണ്.**

ആഗോളശ്രദ്ധ പിടിച്ചുപ്പറ്റിയിട്ടുള്ള ഫെമിനിസ്റ്റ് പ്രസിദ്ധീകരണമായ Ms.മാസികയുടെ തുടക്കത്തിന്  കാരണം സ്റ്റെയിനമ്മിന്റെ നിരന്തരമായ യാത്രകളിലെ അനുഭവപാഠങ്ങളാണ്. തന്റെ യാത്രയിൽ ഫെമിനിസ്റ്റുകളുമായുള്ള ആശയ സംവാദങ്ങൾക്കിടയിൽ തങ്ങൾ ഇഷ്ടപ്പെടുന്നത് പ്രസിദ്ധീകരിക്കാൻ പുരുഷമേധാവിത്വ പ്രസിദ്ധീകരണങ്ങളിൽ താളുകളും അവസരങ്ങളും ഇല്ലെന്ന ഫെമിനിസ്റ്റ് എഴുത്തുകാരുടെ പരാതികളാണ് വിരുന്നൊരുക്കാനല്ല വിപ്ലവം സൃഷ്ടിക്കാനാണ് എന്ന മുന്നറിയിപ്പോടെ Ms. മാഗസിൻ അമേരിക്കൻ പ്രസിദ്ധീകരണരംഗത്ത് പുത്തൻ പാത വെട്ടിത്തെളിച്ചത്. യാത്രാനുഭവങ്ങളിൽ നിന്ന് ഉടലെടുത്ത Ms. മാഗസിൻ കുടുതൽ യാത്രകൾക്കായി തന്നെ പ്രേരിപ്പിക്കുന്നതായി സ്റ്റെയിനം ആത്മകഥയിൽ ഒരിടത്ത് കുറിച്ചിട്ടുമുണ്ട്. ഓരോ യാത്ര കഴിയുമ്പോഴും ഒരു കെട്ട് കുറിപ്പുകളുമായാണ് സ്റ്റെയിനം Ms. മാഗസിൻ ഓഫീസിൽ വീട്ടിലേക്കെന്ന പോലെ തിരിച്ചെത്തുക. തുടർന്നുള്ള മാസങ്ങളിൽ Ms. മാഗസിനെ സമ്പന്നമാക്കുവാനും ഫെമിനിസത്തിന് കരുത്ത് പകരാനും ഈ കുറിപ്പുകൾക്ക് കഴിയുന്നുമുണ്ട്.

എഴുത്തുകാരി എന്നപോലെ പ്രഭാഷണ കലയിലൂടെയും ഫെമിനിസ്റ്റ് ആശയങ്ങൾ കോളിളക്കം സൃഷ്ടിക്കത്തക്ക വിധം സ്റ്റെയിനം പ്രചരിപ്പിക്കുന്നത് ആത്മകഥയിൽ വായിക്കാം. 1978-ൽ മിനിയപോളിസിലെ സെന്റ് ജോഹൻ ഓഫ് ആർക്ക് കത്തോലിക്ക ദേവാലയത്തിൽ പ്രസംഗം നടത്താൻ പള്ളി വികാരി സ്റ്റെയിനമ്മിനെ ക്ഷണിച്ചു. പ്രസംഗം കഴിഞ്ഞപ്പോൾ കത്തോലിക്കസഭ ഞെട്ടി. അനന്തര ഫലം ലോകത്തെമ്പാടുമുള്ള കത്തോലിക്ക ദേവാലയങ്ങളിൽ അൽമായർ പ്രസംഗിക്കുന്നത് വിലക്കി ക്കൊണ്ടുള്ള മാർപാപ്പയുടെ കൽപ്പ

**സ്ത്രീശരീരത്തെ നിയന്ത്രിക്കുന്ന പുരുഷമേധാവിത്വ മതങ്ങളിൽ ഒന്നാണ് റോമൻ കത്തോലിക്ക മതം. പുരുഷമേധാവിത്വം രൂപപ്പെട്ടത് തന്നെ സ്ത്രീശരീരത്തിന്മേലും പ്രത്യുൽപാദനത്തിന്മേലും പുരുഷന് നിയന്ത്രണം ഏർപ്പെടുത്താനുള്ള ഒരു മാർഗ്ഗമായിട്ടാണ്. പുരുഷമേധാവിത്വ വ്യവസ്ഥിതി ആരംഭിക്കുന്നതിന് മുൻപുള്ള ആദിമ സംസ്ക്കാരം പരിശോധിച്ചാൽ സ്ത്രീകൾ അടക്കമുള്ള ജീവജാലങ്ങളിൽ ദൈവസാന്നിദ്ധ്യം സമൂഹം ദർശിച്ചിരുന്നു എന്നു കാണാം.**

**ഫെമിനിസത്തിന്റെ കാലം കഴിഞ്ഞു എന്നൊരു വാദഗതി ലോകത്ത് പലയിടത്തും ഇപ്പോൾ നിലവിലുണ്ട്. ഒന്നും രണ്ടും (ചിലരുടെ അഭിപ്രായത്തിൽ മൂന്നും) ഘട്ടങ്ങളിലായുള്ള ഫെമിനിസം പിന്നിട്ട് നാമിന്ന് ജീവിക്കുന്നത് ഫെമിനിസത്തിന് ശേഷമുള്ള ( Postfeminist) കാലഘട്ടത്തിലാണ് എന്നൊരു വാദഗതിയും നിലവിലുണ്ട്. എന്നാൽ ഈ വാദഗതിയോട് സ്റ്റെയിനമിന് യോജിപ്പില്ല. കാരണം രേഖപ്പെടുത്തപ്പെട്ട മാനവ ചരിത്രത്തിലാദ്യമായി സ്ത്രീകൾക്ക് എതിരെയുള്ള അക്രമങ്ങൾ മൂലം പുരുഷന്മാരെക്കാൾ കുറവ് സ്ത്രീകളുള്ള ലോകത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നതെന്ന് അവർ വായനക്കാരെ ഓർമ്മപ്പെടുത്തുന്നു.**

നായിരുന്നു. 125 കോടിയിലധികം വിശ്വാസികളുള്ള കത്തോലിക്ക സഭയെ അസ്വസ്ഥമാക്കിയ പ്രസംഗത്തിന്റെ സംക്ഷിപ്ത രൂപം ഇതായിരുന്നു: സ്ത്രീ ശരീരത്തെ നിയന്ത്രിക്കുന്ന പുരുഷമേധാവിത്വ മതങ്ങളിൽ ഒന്നാണ് റോമൻ കത്തോലിക്ക മതം. പുരുഷമേധാവിത്വം രൂപപ്പെട്ടത് തന്നെ സ്ത്രീ ശരീരത്തിന്മേലും പ്രത്യുൽപാദനത്തിന്മേലും പുരുഷന് നിയന്ത്രണം ഏർപ്പെടുത്താനുള്ള ഒരു മാർഗ്ഗമായിട്ടാണ്. പുരുഷമേധാവിത്വവ്യവസ്ഥിതി ആരംഭിക്കുന്നതിന് മുൻപുള്ള ആദിമസംസ്ക്കാരം പരിശോധിച്ചാൽ സ്ത്രീകൾ അടക്കമുള്ള ജീവജാലങ്ങളിൽ ദൈവസാന്നിദ്ധ്യം സമൂഹം ദർശിച്ചിരുന്നു എന്നു കാണാം. എന്നാൽ കഴിഞ്ഞ 500 വർഷം മുതൽ 5000 വർഷം വരെയുള്ള കാലത്തിനുള്ളിൽ ദൈവികത്വം പ്രകൃതിയിൽ നിന്നും, സ്ത്രീകളിൽ നിന്നും, ചില പ്രത്യേക വർഗ്ഗങ്ങളിൽ നിന്നും പിൻവലിക്കപ്പെട്ടു. ഇത് പ്രകൃതിയെയും സ്ത്രീകളെയും ചില പ്രത്യേക വർഗ്ഗക്കാരെയും കീഴടക്കുന്നതിന് വേണ്ടിയായിരുന്നു. അതിനാൽ സ്ത്രീശക്തിക്ക് (ശാക്തീകരണത്തിന്) അവളുടെ പ്രത്യുൽപാദനസ്വാതന്ത്ര്യം അവൾക്ക് പുനസ്ഥാപിച്ചു നൽകേണ്ടത് അടിസ്ഥാനപരമായ കാര്യമാണ്. ദൈവത്തെ വെളുത്ത മനുഷ്യനായി അവതരിപ്പിക്കുമ്പോൾ, വെളുത്ത മനുഷ്യർക്ക് മാത്രമാണ് ദൈവീകത്വം ഉണ്ടാകുന്നത്. ഇത് ശരിയല്ല.

ഫെമിനിസത്തിന്റെ കാലം കഴിഞ്ഞു എന്നൊരു വാദഗതി ലോകത്ത് പലയിടത്തും ഇപ്പോൾ നിലവിലുണ്ട്. ഒന്നും രണ്ടും (ചിലരുടെ അഭിപ്രായത്തിൽ മൂന്നും) ഘട്ടങ്ങളിലായുള്ള ഫെമിനിസം പിന്നിട്ട് നാമിന്ന് ജീവിക്കുന്നത് ഫെമിനിസത്തിന് ശേഷമുള്ള ( Postfeminist) കാലഘട്ടത്തിലാണ് എന്നൊരു വാദഗതിയും നിലവിലുണ്ട്. എന്നാൽ ഈ വാദഗതിയോട് സ്റ്റെയിനമിന് യോജിപ്പില്ല. കാരണം രേഖപ്പെടുത്തപ്പെട്ട മാനവ ചരിത്രത്തിലാദ്യമായി സ്ത്രീകൾക്ക് എതിരെയുള്ള അക്രമങ്ങൾ മൂലം പുരുഷന്മാരെക്കാൾ കുറവ് സ്ത്രീകളുള്ള ലോകത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നതെന്ന് അവർ വായനക്കാരെ ഓർമ്മപ്പെടുത്തുന്നു.

ആത്മകഥയാണെങ്കിലും തന്റെ മാതാപിതാക്കളെക്കുറിച്ചും സഹോദരിയെക്കുറിച്ചും പറയാൻ വളരെ കുറച്ച് താളുകൾ മാത്രമെ ആത്മകഥാകാരി ഉപയോഗപ്പെടുത്തിയിട്ടുള്ളു എന്നത് പുസ്തകത്തിന്റെ പ്രത്യേകതയാണ്. വനിതാ വിമോചനപ്രസ്ഥാനത്തിലെ തന്റെ സഹയാത്രികരായ ഫെമിനിസ്റ്റുകളെക്കുറിച്ചാണ് സ്റ്റെയിനം കുടതൽ എഴുതിയിട്ടുള്ളത്. 2015 ഒക്ടോബർ അവസാനം പ്രസിദ്ധീകരിച്ച പുസ്തകം സമർപ്പിച്ചിട്ടുള്ളത് തന്റെ മാതാപിതാക്കൾക്കോ സുഹൃത്തക്കൾക്കോ അല്ല മറിച്ച് തന്റെ ഇരുപതാം വയസ്സിൽ തനിക്ക് ഗർഭഛിദ്രം നടത്തി സഹായിച്ച ഡോ. ജോൺ ഷാർപ്പിനാണെന്നതും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ലളിതസുന്ദരമായ ഭാഷയിലും ശൈലിയിലും രചിച്ചിട്ടുള്ള മൈ ലൈഫ് ഓൺ ദ റോഡ്സ് വനിതാവിമോചനപ്രസ്ഥാന പ്രവർത്തകർ മാത്രമല്ല ലിംഗസമത്വത്തിൽ വിശ്വസിക്കുന്നവർ ആരായാലും വായിച്ചിരിക്കേണ്ട ഗ്രന്ഥമാണ്.





ഡോ.ജാൻസി ജോസ്

# വാസ്തവം

ജീവൻ രക്ഷിക്കാൻ ബാദ്ധ്യസ്ഥരായവർ ജീവനുഭീഷണിയായാൽ എന്തു ചെയ്യും? കർണ്ണാടക മുഖ്യമന്ത്രിക്ക് പോകാൻ ആംബുലൻസ് പോലും തടഞ്ഞുനിർത്തി, ആളുമരിക്കാനിടയായ സംഭവത്തിൽ എന്തുത്തരമാണ് പ്രതികൾക്ക് പറയാനുണ്ടാവുക? ഭരണകൂടവും നിയമപാലകരും രാഷ്ട്രീയപാർട്ടികളും എല്ലാം ഒന്നുമനസ്സിലാക്കിയാൽ നന്ന്. മരണത്തിനു മുന്നിലെങ്കിലും എല്ലാവരും ഒരേ വിലയുള്ളവരാണ് എന്ന്. ജനങ്ങളുടെ കയ്യും കാലും പിടിച്ച് കുട്ടികളുടെ മൂക്കുപിഴിഞ്ഞ് ഓച്ഛാനിഛോച്ഛാനിച്ച് ഒരുവഴിക്കായതിനു ശേഷമാണ് ഈ മഹാന്മാരെല്ലാം ജയിച്ചു പോകുന്നത്; ഓർമ്മ വേണം.

നമ്മുടെ സംസ്ക്കാരം ആൺപെൺഭേദമില്ലാതെ സാഡിസത്തിലേക്കു തിരിഞ്ഞിരിക്കുന്നു എന്നുവേണം പറയാൻ. ചാകുന്നതു വരെ നോക്കി നിന്ന് അടിച്ചു കൊല്ലുക! സദാചാരത്തിന്റെ പേരിൽ ആയാലും അല്ലെങ്കിലും. ഇവരെയൊന്നും നിലക്കുനിർത്താൻ കഴിയാത്ത ഭരണകൂടവും നിയമസംവിധാനങ്ങളും എന്തിനാണ്? (അല്ലെങ്കിൽ എന്താണീ സദാചാരം). ഈ ക്രൂരത തന്നെയല്ലേ അങ്ങ് ഡൽഹിയിലും ബാംഗ്ലൂരും നടന്നത്. മോഷണത്തിന്റെ പേരിൽ ഇത്രയൊക്കെ ചെയ്യാമെങ്കിൽ നമ്മുടെ നാട്ടിലെ വിരുതന്മാരെ എന്തൊക്കെ ചെയ്യണം? ബാംഗ്ലൂരിൽ നഴ്സിംഗ് വിദ്യാർത്ഥിയെ ടോയ്‌ലറ്റ് ക്ലീനർ കുടിപ്പിച്ച സംഭവം പൊറുക്കാവതല്ല. കുറ്റത്തിനും ശിക്ഷയ്ക്കും ഒന്നും ആൺ പെൺ ഭേദ പരിഗണന കൊടുക്കേണ്ടതില്ല എന്നു തന്നെയാണെന്റെ അഭിപ്രായം! സാമ്പത്തികപരിഗണനയും സ്ഥാനമാനപരിഗണനയും പാടില്ല. കുറ്റത്തിനു ശിക്ഷകൊടുക്കുന്ന ഒരു സംവിധാനത്തിൽ ജീവിക്കാൻ എന്നാണാവോ സാധിക്കുക!

പെട്രോളിനുവേണ്ടിയാണോ ജീവനുവേണ്ടിയാണോ ഹെൽമെറ്റ് ധരിക്കേണ്ടത്? ഹെൽമെറ്റില്ലെങ്കിൽ പെട്രോളില്ലെന്ന പുതിയനിയമം കണ്ട് ഈയുള്ളവൾ സംശയിച്ചതാണേ. ഇതിലും നല്ല ഐഡിയ ഞാൻ പറഞ്ഞുകൊടുത്തേനെ. ഇതേ അഭിപ്രായം തന്നെയാണ് ജിഷകൊലക്കേസ് തെളിയിക്കുന്നതിനും എനിക്കുള്ളത്. സാധാരണ മനുഷ്യന്റെ പോലീസ് ബുദ്ധി പോലും നമ്മുടെ പോലീസിനില്ലാതെ പോയല്ലോ എന്റപ്പനേ! മലയാളം പറയാനറിയാത്തവനായതുകൊണ്ട് 'എല്ലാവരും രക്ഷപെട്ടു' . ചോദിച്ചവരും പറഞ്ഞവരും പറയിപ്പിച്ചവരും ചെയ്തവരും ചൊടിപ്പിച്ചവരുമെല്ലാം. ഒരു കൊലപാതകം നടന്നാൽ അവരുടെ സുഹൃത്തുക്കളെ ചോദ്യം ചെയ്യുന്ന ഏർപ്പാട് കേരളത്തിലില്ലേ? എന്തെങ്കിലും ഭീഷണിയോ പ്രണയമോ ആത്മഹത്യയോ അങ്ങനെ എന്തെങ്കിലും സുഹൃത്തുക്കളോട് പറഞ്ഞിരുന്നോ ആവോ? ഇനിയിപ്പോൾ അതൊന്നും ചോദിക്കാത്തതാണ് അഭികാമ്യം. അഥവാ പ്രതിമാറിപ്പോയാലോ? ഇതൊക്കെയൊന്ന് തുറന്നു പറയാമെന്നുവെച്ചാൽ സോഷ്യൽമീഡിയയിൽ പെൺവിരോധികളും രാഷ്ട്രീയശത്രുക്കളും സമ്മതിക്കുകയുമില്ല. ഞാനെങ്ങനെ വാസ്തവം പറയുമോ ആവോ.

●

കഥ



ജിസ ജോസ്

# കുപ്പിച്ചില്ല്

വിവാഹമോചനത്തിനുള്ള ഹർജി ഒപ്പിട്ടു കൊടുത്തു തിരിച്ചു വന്ന ഉച്ചയ്ക്ക് ഹാൻഡ് ബാഗ് ടീപ്പോയിലേക്കു വലിച്ചെറിഞ്ഞ് അവൾ ഒന്നു വട്ടം കറങ്ങി. സന്തോഷത്തിന്റെ മൂർദ്ധന്യത്തിൽ നായിക മൂളിപ്പാട്ടും പാടി താളഭംഗിയോടെ വട്ടം കറങ്ങുന്നതു സിനിമയിലൊക്കെ പതിവാണല്ലോ. പാട്ടുകളൊന്നും ഓർമ്മ വരാത്തതു കൊണ്ടും മുപ്പത്തഞ്ച് വയസ്സിന്റെ മേദസുകളുള്ള ശരീരത്തിന് അത്തരം കറക്കങ്ങൾ ശീലമില്ലാത്തതുകൊണ്ടും അവളതു പെട്ടന്നവസാനിപ്പിച്ചു. പൊട്ടിയ കണ്ണികൾ വിളക്കിച്ചേർക്കാൻ ഒരിക്കലും ശ്രമിക്കാത്ത ,അതു മുറിച്ചു മാറ്റുക തന്നെയാണ് നല്ലതെന്നു വിശ്വസിക്കുന്ന വക്കീലായതുകൊണ്ടാണ് അത്രയും ദൂരെ അവൾ അയാളെത്തന്നെ കാണാൻ പോയത്. സത്യത്തിൽ കുറച്ചു നാളായി സുഹൃത്തുക്കളോടും ബന്ധുക്കളോടുമൊക്കെയായി ഇതിനകം കുറച്ചു പേരോട് അവൾ മറ്റാരുടെയോ പ്രശ്നങ്ങൾ എന്ന രീതിയിൽ തന്നെ അലട്ടുന്ന കാര്യങ്ങൾ ചർച്ച ചെയ്തു കഴിഞ്ഞിരുന്നു. അക്കൂട്ടത്തിൽ രണ്ടോ മൂന്നോ വക്കീലന്മാരുമുണ്ടായിരുന്നു.



അവരെല്ലാം പക്ഷേ അത്ഭുതകരമായ ഐക്യദാർഢ്യത്തോടെ കുടുംബ ജീവിതത്തിലെ വിട്ടുവീഴ്ച, ക്ഷമ, ത്യാഗം, വരാനിരിക്കുന്ന ഒറ്റപ്പെടലുകൾ, നടത്തേണ്ടി വരുന്ന ക്രൂരമായ പങ്കുവെയ്ക്കലുകൾ, തീർച്ചയായും അതിൽ മക്കളുമുണ്ട്, അതിനെപ്പറ്റിയൊക്കെ വികാരവിവശരായി അവൾക്കു ക്ലാസെടുക്കുകയായിരുന്നു. പരസ്പരം വിഷം തീണ്ടി ചത്തു നീലിച്ചു കിടക്കുന്ന ദാമ്പത്യത്തെ തോണ്ടിയെറിയേണ്ടത് തന്റെ മാത്രം ആവശ്യമാണെന്ന് അങ്ങനെ അവൾക്കു മനസിലായി. ഇനിയും

വൈകിയാൽ അതു ചീഞ്ഞു തുടങ്ങും. അതു കൊണ്ട് അവൾ രണ്ടു നഗരങ്ങൾക്കപ്പുറത്തുള്ള വക്കീലിനെത്തന്നെ കണ്ടു. അയാളാവട്ടെ അവൾക്കു പറയാനുള്ളതു മുഴുവൻ മമതയില്ലാത്ത വരണ്ട കണ്ണുകളോടെ കേട്ടിരിക്കുകയും കേസിന്റെ നിയമവശങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും മാത്രം സംസാരിക്കുകയും ചെയ്തു. "ഫാമിലി ലൈഫിനെ ഒരു ഫിസിക്കൽ ബോഡി ആയി കണക്കിലെടുത്താൽ ,എല്ലാം നോർമലി ഫങ്ക്ഷൻ ചെയ്യുമ്പോ നമ്മളതിനെക്കുറിച്ച് ബോദേർഡ് അല്ല .ഏതെങ്കിലും ഔട്ടർബോഡീസ് കടന്നു വരുമ്പോ എക്സ്ട്രാ ഗ്രോത്ത് എന്തെങ്കിലും ഉണ്ടാകുമ്പോ അസ്വസ്ഥതയുണ്ടാവും, അതുവരെ നമ്മൾ അണിയിച്ചൊരുക്കി കെയർ ചെയ്തു കൊണ്ടു നടന്ന അതേ ശരീരം നമ്മുടെ ഏറ്റവും വലിയ ശല്യവും വേദനയുമായി മാറാം. മരുന്നുകൾ കൊണ്ട് താല്ക്കാലിക ശമനം ഉണ്ടായേക്കാം.പക്ഷേ ബെറ്റർ ഓപ്ഷൻ സർജറി തന്നെയാണ്. 'റിമൂവ് ഇറ്റ് ആൻഡ് റിലാക്സ്' നിയമ പുസ്തകങ്ങളിലെ ഭാഷയിൽ നിന്നു വ്യത്യസ്തമായി അയാളാകെ പറഞ്ഞത് അതു മാത്രം.അപ്പോഴയാളുടെ വരണ്ട കണ്ണുകൾക്ക് ദാർശനികമായ ആഴങ്ങളുള്ളതായി അവൾക്കു തോന്നി.

**തിരിച്ചു വരുമ്പോൾ അവൾ ഓരോ കിലോ വീതം ചെമ്മീനും നത്തോലിയും വാങ്ങിയത് മനപൂർവ്വമായിരുന്നു .വല്ലാതെ സമ്മർദ്ദങ്ങളുണ്ടാവുമ്പോൾ ,ചെയ്യാൻ ഒട്ടും ഇഷ്ടമില്ലാത്ത ജോലികളിൽ തീവ്രമായി മുഴുകുന്നത് റിലാക്സേഷനുള്ള നല്ല മാർഗ്ഗമാണെന്നവൾ മനസിലാക്കിയത് കുറച്ചു മാസങ്ങൾക്കു മുമ്പ് സ്നേഹിതയോടൊപ്പം അവളുടെ ആത്മീയ ഗുരുവിനെ കാണാൻ പോയപ്പോഴാണ്.**

തിരിച്ചു വരുമ്പോൾ അവൾ ഓരോ കിലോ വീതം ചെമ്മീനും നത്തോലിയും വാങ്ങിയത് മനപൂർവ്വമായിരുന്നു .വല്ലാതെ സമ്മർദ്ദങ്ങളുണ്ടാവുമ്പോൾ ,ചെയ്യാൻ ഒട്ടും ഇഷ്ടമില്ലാത്ത ജോലികളിൽ തീവ്രമായി മുഴുകുന്നത് റിലാക്സേഷനുള്ള നല്ല മാർഗ്ഗമാണെന്നവൾ മനസിലാക്കിയത് കുറച്ചു മാസങ്ങൾക്കു മുമ്പ് സ്നേഹിതയോടൊപ്പം അവളുടെ ആത്മീയ ഗുരുവിനെ കാണാൻ പോയപ്പോഴാണ്. കുടുംബിനികൾ അനുവർത്തിക്കേണ്ട ധർമ്മങ്ങളെക്കുറിച്ചും പാതിവ്രത്യത്തെക്കുറിച്ചും ക്ഷമയെക്കുറിച്ചുമൊക്കെയാണ് അയാൾ പ്രഭാഷണം നടത്തിയത്.ഭക്തി കൊണ്ട് പാതിയടഞ്ഞ കണ്ണുകളോടെ എല്ലാ സ്ത്രീകളും അയാളെ ശ്രവിച്ചപ്പോൾ പ്രത്യേകിച്ചൊന്നും തോന്നാതെ അവൾ മാത്രം കണ്ണുമിഴിച്ചിരുന്നു. "നിങ്ങൾക്ക് ഭർത്താവിനോടോ വീട്ടുകാരോടോ മക്കളോടോ ഒക്കെ അരിശം തോന്നുമ്പോൾ പ്രിയ സഹോദരിമാരേ, കുറച്ചു വെളുത്തുള്ളിയെടുത്തു മുമ്പിൽ വെയ്ക്കൂ. ഓരോന്നായി അല്ലികൾ വിടർത്തി വൃത്തിയാക്കൂ .തൊലിയടർന്നു വെണ്മയാർന്ന വെളുത്തുള്ളിക്കൂമ്പാരം ഒരു ഭാഗത്ത്. മറുഭാഗത്ത് തൊലിയും അവശിഷ്ടങ്ങളും. അത് തൂത്തുവാരി വേസ്റ്റ് ബാസ്ക്കറ്റിലിടൂ.അതു പോലെ നിങ്ങളുടെ കോപവും അടർന്നിളകി ചവറ്റുകൊട്ടയിലേക്കു പോയിക്കഴിഞ്ഞിരിക്കും. തൊലി പൊളിച്ച വെളുത്തുള്ളി അരച്ച് പേസ്റ്റാക്കി ഫ്രിഡ്ജിൽ സൂക്ഷിക്കാം.. അല്ലെങ്കിൽ അച്ചാറുണ്ടാക്കാം. നിങ്ങളുടെ ഭർത്താവിന് സ്നേഹത്തോടെ വിളമ്പാം. "ഗുരു പറഞ്ഞതിൽ അവൾ ശ്രദ്ധിച്ചതും മനസ്സിൽ തട്ടിയതുംഅതു മാത്രമായിരുന്നു. പക്ഷേ അയാളങ്ങനെ പേരയ്ക്കാ മണമുള്ള മദ്യവുമായിരുന്നു രാത്രികളെ തരിപ്പിക്കുമ്പോൾ തന്റെ ടെൻഷനുകളലിയിച്ചെടുത്ത വെളുത്തുള്ളി അച്ചാർ കൂട്ടണ്ടാന്നു മാത്രം അവൾ തീരുമാനിച്ചു. പകരം ചെറിയ മീനുകൾ വാങ്ങിച്ച്, അടുക്കളമുറ്റത്തെ ചാമ്പച്ചുവട്ടിൽ മണിക്കൂറുകളോളം കുമ്പിട്ടിരുന്ന് അതു വൃത്തിയാക്കി. ഒടുവിൽ കുളിമുറിയിൽ പോയി പലതവണ ഛർദ്ദിച്ചു കഴിയുമ്പോൾ അവൾ തന്നെ അത്ഭുതകരമായി തിരിച്ചറിഞ്ഞു തന്റെയുള്ളിലെ ആശ്വാസത്തിന്റെ അലകൾ .മനസ് ഫ്രീസറിൽ വെച്ച് തണുപ്പിച്ചെടുത്തതുപോലെ. അകത്തെ അടുക്കളയിൽത്തന്നെ മീൻ വറുത്ത് വീട്ടിലാകെ മീൻ മണം പ്രസരിപ്പിച്ചും കുളിക്കാതെ മൽസ്യഗന്ധിയായി ഉറങ്ങാൻ കിടന്നും അവൾ തന്റെ സമാധാനത്തിന്റെ ഗ്രാഫ് പരമാവധി ഉയർത്തി. അയാൾ മീൻ കഴിക്കില്ലെന്നതും മീനിന്റെ മണം പോലും ഇഷ്ടമല്ലെന്നതും അവളെ കുറച്ചൊന്നുമല്ല അത്തരം ദിവസങ്ങളിൽ സന്തോഷിപ്പിച്ചത്.

ഇന്നു പക്ഷേ പ്രതീക്ഷിച്ചതു പോലെ ടെൻഷനൊന്നും തനിക്കില്ലെന്നറിഞ്ഞ് മീൻ പൊതികൾ ഫ്രിഡ്ജിലേക്കു തള്ളി അവൾ കിടക്കയിൽ ചമ്രം പടിഞ്ഞിരുന്നു, പലവിധ

ആലോചനകളിൽ മുഴുകി. നാശം പിടിക്കാൻ അതും അവളുടെ കൂട്ടുകാരിയുടെ ,അസാധാരണമായി കറുത്ത താടിയും മുടിയുമുള്ള ,വലിയ കണ്ണുകളുള്ള ആത്മീയാചാര്യൻ ഉപദേശിച്ചതായിരുന്നു. "വലിയ ടെൻഷൻ വരുമ്പോൾ പത്മാസനത്തിലോ പറ്റുന്നില്ലെങ്കിൽ ചമ്രം പടിഞ്ഞോ ഏറ്റവുമിഷ്ടപ്പെട്ട സ്ഥലത്തിരുന്ന് വിഷമിപ്പിക്കുന്ന കാര്യങ്ങളെക്കുറിച്ച് മനനം ചെയ്യൂ. നിങ്ങളുടെ മനസ് അയഞ്ഞയഞ്ഞു വരുന്നത് അനുഭവിക്കാനാവും". അവളന്ന് പുച്ഛത്തോടെ തനിക്കിഷ്ടപ്പെട്ട സ്ഥലത്തെക്കുറിച്ച് എന്തോ അശ്ലീലം വിചാരിക്കുകയും എനിക്ക് ഗുരുവിനെയല്ല ,വക്കീലിനെയാണാവശ്യമെന്ന് സ്നേഹിതയോട് കയർക്കുകയും ചെയ്തിരുന്നു. പക്ഷേ പിന്നീടറിയാതെ അത്തരം ആലോചന അവളുടെ ശീലമായി.

ഇന്നത്തെക്കാലത്ത് ഒരു ഭർത്താവായിരിക്കുക വളരെ ക്ലേശകരമാണ്. വാട്സ്ആപ്പും ഫെയ്സ് ബുക്കും നൂറുകണക്കിനു ഗ്രൂപ്പുകളും സ്ത്രീകൾക്ക് സ്വയം പര്യാപ്തതയും സ്വാതന്ത്ര്യബോധവും മാതൃകകളാക്കുന്ന ഭർത്താക്കന്മാർക്ക് .ആ അമ്മ ഇപ്പോഴും ആ വലിയ വീട്ടിലുണ്ട്. മുട്ടുവേദനയും നടുവേദനയും പിന്നെയുമെന്തൊക്കെയോ വേദനകളുമായി ദിവസങ്ങൾ തള്ളി നീക്കുന്ന അമ്മ നിർത്താതെ ഓടിയ പഴയ കാലത്തെക്കുറിച്ചിപ്പോഴോർമ്മിക്കുന്നുണ്ടാവുമോ! ഉണ്ടെങ്കിൽ അതു നല്ല ഓർമ്മകളൊന്നുമായിരിക്കില്ലെന്നുറപ്പ്.

വീട്ടിലേക്കു മടങ്ങാൻ ഇഷ്ടമില്ലാതിരുന്ന ,വക്കും മൂലയും ചളുങ്ങിയ ആ നിറം കെട്ട ദിവസങ്ങളെക്കുറിച്ചോർക്കുമ്പോൾ അവൾക്കു രക്തസമ്മർദ്ദം കൂടാറേയുള്ളു. പക്ഷേ ഓർക്കേണ്ടിയിരുന്നു. എവിടെങ്കിലും യോജിച്ച് പോവാനുള്ള ഒരിത്തിരി സാധ്യതകൾ ഒളിച്ചു കിടക്കുന്നുവോയെന്നു കണ്ടെത്താൻ .അങ്ങനെ ഒന്നും കണ്ണിൽപ്പെടാതെവിടെയും കിടക്കുന്നില്ലെന്നും അതിനെക്കുറിച്ചെത്ര മനനം ചെയ്താലും തന്റെ ടെൻഷൻ അയഞ്ഞു വരികയില്ലെന്നും അവൾ ഓരോ തവണയും തിരിച്ചറിയുകയും ചെയ്തു. വലിച്ചെറിയുന്ന കനം

**ഇന്നത്തെക്കാലത്ത് ഒരു ഭർത്താവായിരിക്കുക വളരെ ക്ലേശകരമാണ്. വാട്സ്ആപ്പും ഫെയ്സ് ബുക്കും നൂറുകണക്കിനു ഗ്രൂപ്പുകളും സ്ത്രീകൾക്ക് സ്വയം പര്യാപ്തതയും സ്വാതന്ത്ര്യബോധവും പിന്നെ എല്ലാ മണ്ണാങ്കട്ടയുമുള്ള ഇന്നത്തെക്കാലത്ത് ആണുങ്ങൾക്ക്എങ്ങനെ സ്വസ്ഥമായൊരു കുടുംബ ജീവിതം മുന്നോട്ടു കൊണ്ടു പോവാനാവും?**

പിന്നെ എല്ലാ മണ്ണാങ്കട്ടയുമുള്ള ഇന്നത്തെക്കാലത്ത് ആണുങ്ങൾക്ക് എങ്ങനെ സ്വസ്ഥമായൊരു കുടുംബ ജീവിതം മുന്നോട്ടു കൊണ്ടു പോവാനാവും?പ്രത്യേകിച്ച് "എന്റെ അമ്മ, പറയുമ്പോ നീയൊക്കെ അഹങ്കരിക്കുന്ന ജോലീം കോപ്പുമൊക്കെയുള്ള എന്റെ അമ്മ, സ്കൂളുവിട്ടാ പിള്ളാരെക്കാളും മുമ്പേ ഇറങ്ങി ഓടി, ഞങ്ങളെത്തും മുമ്പേ വീട്ടിലെത്തുമായിരുന്നു. ജോലിക്കാരെയൊന്നും വെച്ചിട്ടല്ല ,വലിയൊരു വീട്ടിലെ മുഴുവൻ പണീം ഒറ്റയ്ക്കു ചെയ്യും. കിട്ടുന്ന ശമ്പളം അതേപടി അച്ഛന്റെ കൈയ്യില് .ഒരു കഷണം തുണി പോലും സ്വന്തമിഷ്ടത്തിനു വാങ്ങില്ല" ഇത്തരം ആദർശ വനിതകളെ തൂങ്ങുന്ന വാക്കുകൾ എല്ലായ്പ്പോഴും ഉന്നം തെറ്റാതെ മനസിന്റെ ചിറകുകളെ അരിഞ്ഞു താഴെയിട്ടു. പറക്കാനുള്ള മോഹങ്ങളൊക്കെ എന്നേ ഉപേക്ഷിച്ചതാണ് എന്നിട്ടും.പുറമേക്കു ഭംഗിയുള്ള ദാമ്പത്യത്തിന്റെ അകത്ത് തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്നതു പോലെയുള്ള അഭ്യാസങ്ങൾ.കല്ലെടുക്കാൻ വേണ്ടിയല്ല, പക്ഷേ ചിറകു കുഴഞ്ഞ് നിലത്തിഴഞ്ഞു കൊള്ളുമല്ലോ., കുറച്ചു കാലം ഇഴഞ്ഞും നോക്കി. പിന്നെ അതും അരുതെന്നായി. അയാളുടെ നോട്ടത്തിൽ ഓൺലൈനിലും ജോലി സ്ഥലത്തും ബന്ധുവീടുകളിൽ നിന്നുമൊക്കെയായി നൂറുകണക്കിനു കാമുകൻമാർ അവൾക്കു ചുറ്റും

സദാ ആസക്തിയോടെ നിരന്നു നിന്നു. അതു മാത്രം അവൾക്കിഷ്ടപ്പെട്ടു. ഒരു സാധാരണ മുപ്പത്തഞ്ചുകാരി, രണ്ടു മക്കളും ഉദ്യോഗവും പ്രാരബ്ധവുമൊക്കെയായി സന്തോഷിക്കാനൊന്നുമില്ലാതെ അകാലവാർദ്ധക്യത്തിലേക്കോടി പോയ്ക്കൊണ്ടിരിക്കുന്ന ഒരു സ്ത്രീക്ക് ഇത്രയധികം കാമുകരോ! ഇവരിൽ ഒരാളെങ്കിലും യഥാർത്ഥത്തിലുണ്ടായിരുന്നെങ്കിൽ ലോകത്ത് ഒരു സ്ത്രീയും പ്രണയിക്കാത്ത വിധത്തിൽ അവളയാളെ പ്രേമിച്ചേനെ.

ചെറിയ ചെറിയ പ്രതിരോധങ്ങളും പ്രതികരണങ്ങളും വലിയ പൊട്ടിത്തെറികളായി മാറിയത് പെട്ടന്നല്ല .അതിനിടയിൽ അവളുടെ നിറം കെട്ട വിരസമായ ഒരുപാടു ദിനരാത്രങ്ങളുണ്ട്. തിരിഞ്ഞു നോക്കുമ്പോൾ അവൾക്കു തന്നെ അറപ്പു തോന്നിപ്പിക്കുന്ന ദിവസങ്ങൾ . വേറാരും കാണാത്തത്. കണ്ടാലും മനസിലാവാത്തത്.ഒടുവിൽ വിവാഹ മോചനമെന്ന തീരുമാനം കൊണ്ട് ആ ചപ്പുചവറുകൾക്കെല്ലാം ഒന്നിച്ചു തീയിടാനവൾ നിശ്ചയിച്ചപ്പോൾ "എത്ര കുരച്ചാലും കെഞ്ചിയാലും ഒരിക്കലും നിനക്കു ഞാനെറിഞ്ഞുതരാൻ പോണില്ല ഡിവോഴ്സിന്റെ എല്ലിൻ കഷണമെന്ന 'ഭീഷണി. "നിനക്കെതിരെ കോടതിയിലും കുടുംബത്തിലും നാട്ടിലും വിളമ്പാൻ നൂറു കണക്കിനു തെളിവുകളെന്ന " വീമ്പു പറച്ചിൽ, മക്കളെ വിട്ടുതരില്ലെന്ന സെന്റിമെൻറ്സ്.. അവൾക്ക് നീന്തിക്കയറാൻ ഒട്ടും എളുപ്പമായിരുന്നില്ല ആ കറുത്ത പുഴകളൊന്നും. പക്ഷേ കയറാതെ വഴിയില്ലായിരുന്നു താനും. മേലാകെ പായലും അഴുക്കും പുരണ്ടിട്ടാണെങ്കിലും തിരിച്ചു കയറി. അതു കൊണ്ടാണ് ഇത് പോലൊരു രാവിലെ അവൾക്ക് സ്വസ്ഥമായി വക്കീലിനെ കാണാൻ പോവാനൊത്തതും ഇപ്പോഴിതു പോലിരുന്ന് അതെല്ലാം അഴിച്ചു നോക്കാൻ പറ്റുന്നതും .വിവാഹമോചനം ഒരു അവയവ മാറ്റ ശസ്ത്രക്രിയ പോലെയാണെന്നവൾക്കു തോന്നി. അയാളുടേതെന്തൊക്കെയോ അവളും അവളുടേതെന്തെല്ലാമോ അയാളും ഏറ്റിക്കൊണ്ടു പോവേണ്ടി വരുന്നു.പരസ്പരം ചേരില്ലെങ്കിലും രണ്ടു ദേഹങ്ങളും അതിനെ പുറന്തള്ളുകയല്ല, കൂടുതൽ വേദനയോടെ, തീരാത്ത അരിശത്തോടെ അതിനെ ഉള്ളിൽ കൊണ്ടു നടക്കേണ്ടിയും വരുന്നു.

ചിലതങ്ങനെയാണ്. പൊട്ടിച്ചിതറിയ കുപ്പിപ്പാത്രം പോലെ. എത്ര അടിച്ചുവാരിയാലും തൂത്തു തുടച്ചാലും കാണാതെ ഒരു ചില്ലൊളിച്ചു കിടക്കും. ഒരു പക്ഷേ ഇനിയുള്ള ജീവിതകാലം മുഴുവൻ ആ കാണാകുപ്പിച്ചീളിന്റെ ഭീതിയിലാവണം തന്റെ ജീവിതം. അല്ലെങ്കിൽ കുത്തിത്തറഞ്ഞ് ,വേദനിച്ചു പുളഞ്ഞ് ചോര വാർന്ന് പക്ഷേ ഇനിയൊന്നും തറയ്ക്കാനില്ലല്ലോ എന്ന ആശ്വാസത്തോടെ. ജീവിതം നിലത്തു വീണു ചിതറിയ സ്ഥിതിക്ക് ആ രണ്ടാമത്തെ ആഘാതം കൂടി ഏറ്റുവാങ്ങി സ്വസ്ഥയാവാമെന്നോർത്ത് മുമ്പു തോന്നാതിരുന്ന മൂളിപ്പാട്ട് ഉറക്കെ പാടിക്കൊണ്ട് അവൾ നിലത്തു കാലുകളുമർത്തിച്ചവിട്ടി വീട്ടിനുള്ളിലൂടെ നടന്നു. ●



**റെജീന മുഹമ്മദ് കാസിം**
**ഒമാൻ**

രാഷ്ട്രീയത്തിന്റെയും മറ്റു സാമൂഹ്യ ഇടപെടലുകളുടെയും ആൺ വർത്തമാനങ്ങൾക്കിടയിലേക്ക് ഒരു കസേര വലിച്ചിടൽ ആണ് നവമാധ്യമങ്ങൾ പെണ്ണിന് നൽകിയത്. നേരവും കാലവുമില്ലാതെ ചെന്നുകയറാനും സ്വന്തം അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും പങ്കുവെക്കാനുമുള്ള ഒരു തുറന്ന ഇടമാണ് സാമൂഹ്യമാദ്ധ്യമങ്ങൾ നൽകുന്നത്. അടഞ്ഞുപോയ കവിതയുടെ നുറുങ്ങുവെട്ടം മുതൽ സമകാലീന സംഭവങ്ങളോടുള്ള കരുത്തുറ്റ നിലപാടുകളും അഭിപ്രായങ്ങളും ആശങ്കകളും പങ്കുവെക്കാനുള്ള സ്വതന്ത്ര ഇടം ആയി സാമൂഹ്യമാദ്ധ്യമങ്ങൾ മാറിയിട്ട് ഏറെ നാളുകൾ ആയി. ഇതൊക്കെത്തന്നെയും പ്രത്യാശയുടെ മുനമ്പുകൾ തന്നെയാണ്. സമൂഹം മാറുന്നുണ്ട് എന്ന പ്രത്യാശ .

എങ്കിലും ആൺക്കൂട്ടത്തിന്റെ ആധിപത്യമനഃസ്ഥിതിയ്ക്ക് ഒട്ടും തന്നെ കുറവില്ലാത്ത ഇടവും കൂടിയാണ് സോഷ്യൽമീഡിയ. പെണ്ണ് പറയുന്ന ഭാഷയും രാഷ്ട്രീയവും ഇന്നയിന്ന കളങ്ങളിലൂടെ മാത്രമേ പോകാവൂ എന്ന് ബലം പിടിക്കുന്ന സോഷ്യൽമീഡിയപാട്രിയാർക്കിയും ഒപ്പം തന്നെ ഉണ്ട്. അഭിപ്രായ പ്രശ്നങ്ങൾക്കിടയ്ക്ക് അതിനാൽത്തന്നെ ഉറച്ച വാക്കുള്ള പെണ്ണിനെതിരെ നടത്തിയ ആൺകൂട്ടക്യാമ്പയിനുകൾ ആയി നാം അടുത്തിടെ കണ്ടതാണ് പ്രീത ജി. പി. യ്ക്കും വി. പി. റെജീനയ്ക്കും ഒക്കെ എതിരെയുള്ള ആക്രോശങ്ങളും തെറി വിളികളും .

എന്നാൽ ഫേസ്ബുക്ക് തെരുവുകളിൽ നിന്നു യഥാർത്ഥ തെരുവുകളിലേക്ക് തൊഴുത്ത് മാറ്റി കെട്ടുമ്പോൾ കാര്യം പലപ്പോഴും പഴയപടി ആണെന്നതും വൈരുദ്ധ്യം ഉള്ള സത്യം തന്നെയാണ് .

ശ്രീദേവി



# നിനക്കിനി സ്വസ്തി

മുളച്ച ഭ്രൂണത്തെക്കരിച്ചു കൊല്ലുവാൻ
വിളിച്ചു മുന്നിൽ നീ തിളച്ചു നിൽക്കവേ ,
കലിക്കട, ലലയിളകും കൺകളിൽ
കരുണപ്പാൽ നുര തിരയും വിഡ്ഢി , ഞാൻ !

വിരിയും പൂവിനായ് തുടിക്കുമെൻ മിഴി
തുരന്നെടു , ത്തെന്നെ, ക്കുരുടിയാക്കുക ;
അവനു നൽകുവാൻ തുളുമ്പി നിൽക്കുമെൻ
അമൃത കുംഭങ്ങൾ അറുത്തു നീക്കുക ;
പതിഞ്ഞ കൊഞ്ചലും ചിരിയും കേൾക്കുവാൻ
കൊതിക്കുമെന്നെ നീ ബധിരയാക്കുക ;
പുതു പഥങ്ങളിൽ ഇടറി വീഴാതെ ,
മൃദു പദങ്ങൾക്കു കുതിര ശക്തിയായ് ,
കുതിക്കുമെൻ കഴൽ പിഴുതെടുക്കുക ;
കഥകളായിരം പറഞ്ഞു , ജീവിത
വ്യഥയിൽ വാടാതെ കരുത്തനാക്കുവാൻ
തരിക്കുമെൻ നാവും മുറിച്ചു മാറ്റുക ;

അവനെയോമനിച്ചെടുത്തു നെഞ്ചക
ത്തണച്ചു മുത്തുവാനുയർത്തുമെൻ കരം
ഞെരിച്ചു , വേരോടെ പറിച്ചു നീക്കുക !

മതി മറന്നിനി മദിര മോന്തുക
മതിയാവോളമീ രതിപ്പുഴ നീളെ ,
തുടിച്ചു നീന്തി , നീ കുളിച്ചു കേറുക ;
സുഖദ ഭോഗത്തിന്നൊടുക്കമെന്നുടെ ,
അകത്തുടക്കാമ്പരിഞ്ഞു , പിന്നെയി
ത്തുടു ദലങ്ങളും , നടുവിലുള്ളൊരി
പ്പൂടവും വാക്കത്തി മുനയിൽ കോർക്കുക !

കഴിയണം , നിന, ക്കിനി , യിവളുടെ
കഴുത്തും കണ്ടിച്ചു , വന മൃഗങ്ങളെ
ക്കടത്തി വെട്ടുന്ന കരുത്തനാകുവാൻ !
ജഡത്തിലേക്കൊന്നു തിരിഞ്ഞു നോക്കാതെ ,
മടങ്ങിപ്പോവുകിൽ എനിക്കു തൃപ്തിയായ് ...!

# എന്നെയൊന്ന് ചെറുതായ് അടിച്ചു നോക്ക്!

പുതിയ സ്ത്രീ സംരക്ഷണ ബില്ലിൽ ഭാര്യമാരെ 'ആവശ്യമുണ്ടെങ്കിൽ' ചെറുതായി അടിക്കുന്നതിൽ തെറ്റില്ല എന്ന് പാകിസ്താനിലെ കൗൺസിൽ ഓഫ് ഇസ്ലാമിക് ഐഡിയോളജി ഉപദേശിച്ചിരിക്കുന്നു. ട്വിറ്ററിൽ അതിനോടുള്ള പ്രതികരണമായാണ് #trybeatingmelightly എന്ന കാംപെൻ തുടങ്ങിയത്. അതിൽ ഓരോരുത്തരും പറയുന്നത് നോക്കൂ.



"എന്നെയൊന്ന് ചെറുതായ് അടിച്ചു നോക്ക്! ഞാൻ നിങ്ങൾക്കൊരിക്കലും പ്രതീക്ഷിക്കാൻ പറ്റാതെ പോയ വിപത്തായ് മാറും!"

**അഖീവ ലാൽവാനി**
ഡിജിറ്റൽ കഥാകാരി



"എന്നെയൊന്ന് ചെറുതായ് അടിച്ചു നോക്ക്, ചെറിയ അടി തിരിച്ചും കിട്ടും!"

**ഫറഹ് എസ്. കമൽ**



"എന്നെയൊന്ന് ചെറുതായ് അടിച്ചു നോക്ക്, അടുത്ത പകൽ കാണാനാളുണ്ടാവില്ല."

**സുംബുൽ ഉസ്മാൻ,**
സോഷ്യൽമീഡിയ മാനേജർ




"എന്നെയൊന്ന് ചെറുതായ് അടിച്ചു നോക്ക്, അതിന്റെ അന്തരഫലം നേരിടാമെങ്കിൽ മാത്രം"

**സാദിയ അസ്ഹർ**



"എന്നെയൊന്ന് ചെറുതായ് അടിച്ചു നോക്ക്, ഏഴു വർഷത്തെ എന്റെ ഡ്രൈവിംഗ് പരിചയം കൊണ്ട് നിന്റെ മേൽ ഞാൻ കാറോടിച്ച് കയറ്റും"

**പ്രിയങ്ക പഹൂജ**
ഡിജിറ്റൽ മാർക്കറ്റർ



"ഞാൻ സൂര്യനാണ്. എന്നെ തൊട്ടാൽ നീ നരകത്തീയിൽ കരിഞ്ഞു പോകും. ഞാൻ വെളിച്ചമാണ്, നീ ശ്രമിച്ചാലും എന്നെ തടയാനാവില്ല. എന്നെ ഉൾക്കൊള്ളും വിധം വലിപ്പം നിനക്കില്ല. എന്റെ പേരാണവർ ചുഴലിക്കാറ്റുകൾക്കിടുന്നത്. ധൈര്യമുണ്ടെങ്കിൽ എന്നെയൊന്ന് ചെറുതായ് അടിച്ചു നോക്ക്!"

**റാബിയ അഹ്മദ്**
ഫോട്ടോ ബ്ലോഗർ



മീന എസ്.


# മുദ്ര

വാക്കിനും
മൗനത്തിനുമിടയിൽ
കുരുങ്ങിയ
ഒരു നോട്ടം...
ഗാനത്തിനും
ഗദ്ഗദത്തിനുമിടയിൽ
ഒലിച്ചിറങ്ങിയ
ഒരു മിഴിത്തുള്ളി...
ചിത്രത്തിനും
ചിറകടിക്കുമിടയിൽ
തെന്നിയകന്ന
ഒരുചലനം...
പുഞ്ചിരിക്കും
നൊമ്പരത്തിനുമിടയിൽ
തെറിച്ചുപോയ
ഒരു നിശ്വാസം

കൊയ്ത്തിനും
അരിവാളിനുമിടയിൽ
ബാക്കിയായ
ഒറ്റക്കതിർ
ശിശിരത്തിനും
ശരത്തിനുമിടയിൽ
കൊഴിയാത്ത
ഒരില...
ജീവനും
മരണത്തിനുമിടയിൽ
പിടഞ്ഞ
ഒരുകൊള്ളിയാൻ...
പ്രണയമേ...
നീ ഇതിൽ
എങ്ങിനെയാവും
സ്വയം അടയാളപ്പെടുക



ശാസ്ത്രം




# ആവർത്തനപ്പട്ടികയിൽ പുതിയ അതിഥികൾ



സീമ ശ്രീലയം

മൂലകങ്ങളുടെ വീടാണ് ആവർത്തനപ്പട്ടിക (പീരിയോഡിക് ടേബിൾ ).ഇന്നോളം കണ്ടുപിടിക്കപ്പെട്ട മൂലകങ്ങളെ മുഴുവൻ ശാസ്ത്രീയമായി ക്രമീകരിച്ചിട്ടുണ്ട് ഇതിൽ. പുതിയ മൂലകങ്ങൾ രംഗപ്രവേശം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈയടുത്തകാലത്ത് പുതിയ നാലു മൂലകങ്ങളുടെ കണ്ടെത്തൽ കൂടി IUPAC (ഇന്റർനാഷണൽ യൂണിയൻ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് കെമിസ്ടി) സ്ഥിരീകരിക്കുകയും അവയ്ക്ക് പുതിയ പേരുകൾ നിർദ്ദേശിക്കപ്പെടുകയും ചെയ്തതോടെ ആവർത്തനപ്പട്ടികയിലെ മൂലകങ്ങളുടെ എണ്ണം 118 ആയി.  ആധുനിക ആവർത്തനപ്പട്ടികയിൽ പതിനെട്ട് ഗ്രൂപ്പുകളും ഏഴു പിരിയഡുകളുമാണ് നിലവിൽ ഉള്ളത്. ഇപ്പോൾ ഏഴാം പിരിയഡ് നിറഞ്ഞുകഴിഞ്ഞു. 113, 115, 117, 118 എന്നിങ്ങനെ അറ്റോമിക നമ്പർ ഉള്ള മൂലകങ്ങളാണ് ആവർത്തനപ്പട്ടികയിലെ പുതിയ അതിഥികൾ. ഈ മൂലകങ്ങൾ പരീക്ഷണശാലയിൽ കൃത്രിമമായി സൃഷ്ടിക്കപ്പെട്ടവയാണ്. ഇവ സൂപ്പർഹെവി മൂലകങ്ങളാണ്. പക്ഷേ അല്പായുസ്സുക്കളാണ്. ഏതാനും മില്ലിസെക്കന്റ് സമയത്തേക്ക് മാത്രമാണ് സ്ഥിരത വളരെക്കുറഞ്ഞ ഈ മൂലകങ്ങളുടെ

നിലനില്പ്.

അറ്റോമിക നമ്പർ 113 ഉള്ള മൂലകം കണ്ടുപിടിച്ചത് ജപ്പാനിലെ റൈക്കെൺ നിഷിന സെന്റർ ഫോർ ആക്സിലറേറ്റർ ബേസ്ഡ് സയൻസിലെ കോസുക്കെ മോറിറ്റയുടെ നേതൃത്വത്തിലുള്ള ഗവേഷകസംഘമാണ്. ബിസ്മത്ത്209 ലേക്ക് അതിശക്തിയായി സിങ്ക്70 അയോണുകൾ ഇടിപ്പിച്ചാണ് 2004ൽ ആദ്യമായി ഈ മൂലകത്തെ സൃഷ്ടിച്ചത്. അനൺട്രിയം എന്ന താൽക്കാലിക നാമത്തിൽ അറിയപ്പെടുന്ന മൂലകത്തിന് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പേരു നിഹോണിയം.പ്രതീകം Nh. ജാപ്പനീസ് ഭാഷയിൽ ഉദയസൂര്യന്റെ നാട് എന്നാണ് ഈ വാക്കിന്റെ അർഥം. ഏഷ്യയിൽ നിന്നും പേരു ലഭിക്കാൻ പോവുന്ന മൂലകം എന്ന പ്രത്യേകതയും ഇതിനുണ്ട്.

അനൺപെന്റിയം (Uup) എന്ന താൽക്കാലിക നാമത്തിൽ അറിയപ്പെട്ടിരുന്ന 115 ആം മൂലകവും അനൺസെപ്റ്റിയം (Uus) എന്ന താൽക്കാലിക നാമത്തിൽ അറിയപ്പെട്ടിരുന്ന 117 ആം മൂലകവും സൃഷ്ടിക്കപ്പെട്ടത് മൂന്നു ഗവേഷണസ്ഥാപനങ്ങളിലെ ഗവേഷകരുടെ കൂട്ടായ പരിശ്രമ ഫലമായാണ്. യുഎസ്സിലെ ലോറൻസ് ലിവർമോർ നാഷണൽ ലബോറട്ടറി, റഷ്യയിലെ ജോയിന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ന്യൂക്ലിയർ റിസർച്ച്, യുഎസ്സിലെ ഓക്റിഡ്ജ് നാഷണൽ ലബോറട്ടറി എന്നിവിടങ്ങളിലെ ഗവേഷകരുടെ സംയുക്ത ഗവേഷണഫലമാണ് ഈ നേട്ടം. അമേരിസിയം243 ലേക്ക് കാൽസ്യം 48 അയോണുകൾ അതിവേഗം പായിച്ച് കൂട്ടിയിടിപ്പിച്ചാണ് 115ആം മൂലകത്തെ സൃഷ്ടിച്ചത്. ബെർക്കിലിയം 249 ഉം കാൽസ്യം48 അയോണുകളും തമ്മിലുള്ള അതിശക്തമായ കൂട്ടിയിടിയിലൂടെയാണ് അനൺസെപ്റ്റിയത്തിന്റെ പിറവി. അനൺപെന്റിയത്തിന് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പേരാണ് മോസ്കോവിയം. പ്രതീകം Mc.അനൺ സെപ്റ്റിയത്തിനു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പേരു ടെന്നിസിൻ .പ്രതീകം Ts.യഥാക്രം മോസ്കോ , ടെന്നിസ്സി എന്നീ സ്ഥലങ്ങളുടെ നാമത്തിൽ നിന്നാണ് മൂലകങ്ങളുടെ പേരു വന്നത്.

അറ്റോമിക നമ്പർ 118 ഉള്ള ,അനൺഒക്റ്റിയം (Uuo) എന്ന താൽക്കാലിക നാമത്തിൽ അറിയപ്പെടുന്ന മൂലകത്തെ പരീക്ഷണശാലയിൽ സൃഷ്ടിച്ചത് യുഎസ്സിലെ ലോറൻസ് ലിവർമോർ നാഷണൽ ലബോറട്ടറിയിലെയും റഷ്യയിലെ ജോയിന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ന്യൂക്ലിയർ റിസർച്ചിലെയും ശാസ്ത്രജ്ഞർ അടങ്ങിയ ഗവേഷകസംഘമാണ്. കലിഫോർണിയം249 ൽ കാൽസ്യം48 അയോണുകൾ അതീവശക്തിയിൽ ഇടിപ്പിച്ചാണ് ഈ പുതിയ മൂലകത്തെ സൃഷ്ടിച്ചത്. ഈ മൂലകത്തിനു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പേരു ഒഗാനിസ്സൺ. പ്രതീകം Og . ട്രാൻസ് ആക്റ്റിനൈഡ് മൂലകങ്ങളുടെ ഗവേഷണത്തിൽ നിർണ്ണായക സംഭാവനകൾ നൽകിയ യൂറി ഒഗാനിസ്സ്യനോടുള്ള ആദരസൂചകമായാണ് പേരു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

പുതിയൊരു മൂലകം കണ്ടുപിടിച്ചാൽ അത് സ്ഥിരീകരിക്കുന്നതും അതിനെ ആവർത്തനപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും അതിന്റെ പേരും പ്രതീകവുമൊക്കെ അംഗീകരിക്കുന്നതും IUPAC (ഇന്റർനാഷണൽ യൂണിയൻ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് കെമിസ്ട്രി) ആണ്. ഒരു പുതിയ മൂലകം കണ്ടുപിടിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടാൽ

**അറ്റോമിക നമ്പർ 113 ഉള്ള മൂലകം കണ്ടുപിടിച്ചത് ജപ്പാനിലെ റൈക്കെൺ നിഷിന സെന്റർ ഫോർ ആക്സിലറേറ്റർ ബേസ്ഡ് സയൻസിലെ കോസുക്കെ മോറിറ്റയുടെ നേതൃത്വത്തിലുള്ള ഗവേഷകസംഘമാണ്. ബിസ്മത്ത്209 ലേക്ക് അതിശക്തിയായി സിങ്ക്70 അയോണുകൾ ഇടിപ്പിച്ചാണ് 2004ൽ ആദ്യമായി ഈ മൂലകത്തെ സൃഷ്ടിച്ചത്. അനൺട്രിയം എന്ന താൽക്കാലിക നാമത്തിൽ അറിയപ്പെടുന്ന മൂലകത്തിന് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പേരു നിഹോണിയം.**


അതിന്റെ കൃത്യതയും സാധുതയും കഡജഅഇ യിലെയും IUPAP യിലെയും വിദഗ്ധർ അടങ്ങിയ ഗ്രൂപ്പ് അംഗീകൃത മാനദണ്ഡങ്ങൾക്കനുസരിച്ച് വിലയിരുത്തും. അങ്ങനെ സ്ഥിരീകരണം ലഭിച്ച ശേഷമേ പുതിയ മൂലകത്തെ ആവർത്തനപ്പട്ടികയിൽ ഉൾപ്പെടുത്തുകയുള്ളൂ. പേരു നിർദ്ദേശിക്കപ്പെട്ടാൽ അത് IUPAC നിശ്ചിതകാലയളവിലേക്ക് ചർച്ചയ്ക്കായി വയ്ക്കും. അതിനുശേഷമേ പേരിനും പ്രതീകത്തിനും സ്ഥിര അംഗീകാരം നൽകൂ. ●

# ടീന ദാബി – ദലിതജീവിതത്തിൽ നിന്ന് ചരിത്രം കുറിച്ച സുവർണ്ണ താരം



ഭാരതമെന്ന രാജ്യത്തിന്റെ സവർണ്ണ മേധാവിത്വ ചരിത്രം തിരുത്തി, 2016 ലെ IAS പരീക്ഷയിൽ ആദ്യമായി ഒന്നാം റാങ്കുകാരിയായത് ദലിത് സമുദായക്കാരിയായ മിടുക്കി ടീന ദാബിയാണ്. ഈ വിജയം പുറത്തറിഞ്ഞതു മുതൽ പല വിധത്തിലെ ഫേക്ക് പ്രൊഫൈലുകൾ അവരുടെ പേരിൽ പല സോഷ്യൽ മീഡിയ വെബ്സൈറ്റുകളിലും നിർമ്മിക്കപ്പെടുകയും അവരുടെ അഭിപ്രായമെന്ന പേരിൽ സവർണ്ണ ഹിന്ദു നേതാക്കളെ പുകഴ്ത്തുന്ന കഥകൾ പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ അവർ തന്റെ പ്രസംഗത്തിൽ ബഹുമാനവും നന്ദിയും രേഖപ്പെടുത്തിയത് ഭാരതത്തിലെ ദളിതർക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കും വേണ്ടി യുദ്ധങ്ങൾ നയിച്ച ഡോ. ബി ആർ അംബേദ്കറിനാണ്!

## കാർട്ടൂൺ




**ആദ്യകാലങ്ങളിൽ സ്ത്രീകളേ ഉണ്ടായിരുന്നില്ല. അതിനാലാണ് ലോകത്തെവിടെയുമുള്ള ചരിത്രപാഠങ്ങളിൽ അവരെ കാണാഞ്ഞത്. പുരുഷന്മാർ ഉണ്ടായിരുന്നു. അവരിൽ കുറച്ചധികം പേരെങ്കിലും അതുല്യപ്രതിഭകളുമായിരുന്നു.**

കടപ്പാട് : ജാക്കി ഫ്ളെമിങ്



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara